Annual Subscription : Rs. 175/-

# NEW VISION

## FOR A CHANGING WORLD

Vol 14 Issue 5 January 2014



- FUNERAL SERMON -BISHOP IVAN ABRAHAMS
- എഡിറ്റോറിയൽ – ഡോ. സിറിയ്ക്ക് തോമസ്



സച്ചിനുള്ള 'ഭാരതരത്നം'
അത്ര ശരിയായില്ല

–റവ. ജോളി തോമസ്



പ്രതിമക്ക് എത്ര ഉയരം ഉണ്ടായിരുന്നാലും
അത് സർദാർ പട്ടേലിന്റെ ഔന്നത്യത്തെ
കടത്തിവെക്കാൻ സാധിക്കുന്നതല്ല

–ജസ്റ്റിസ് കെ.റ്റി. തോമസ്

കുടിയേറ്റ കർഷകരെ സംരക്ഷിച്ചു കൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണം – ബിഷപ്പുമാർ





ദളിത് ക്രൈസ്തവർക്ക് സംവരണം അനുവദിക്കണമെന്നാവശ്യപ്പെട്ട് ദൽഹിയിൽ നടന്ന
പ്രകടനത്തിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത പ്രസംഗിക്കുന്നു



സോഷ്യൽ മീഡിയായിൽ വിവാദമായിരിക്കുന്ന പടം.
മാർത്തോമ്മ ബിഷപ്പിനോടൊപ്പം ബിഷപ്പ് പുഷ്പ ലത കുർബ്ബാനയിൽ പങ്കെടുക്കുന്നു

"NEW VISION FOR A CHANGING WORLD' is an ecumenical magazine owned by a Nava Darshan Trust, a Public Charitable Trust registered in1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome. *The Meeting Point* (a publication of CISAC, USA) is currently being published in association with *New Vision*.


## EDITORIAL BOARD

| | | |
|---|---|---|
| **Patron** | : | Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan |
| **Chairman** | : | The Rt. Rev. Dr. Sam Mathew |
| **Hon. Chief Editor** | : | Prof. Dr. Cyriac Thomas |
| **Executive Editor** | : | Prof. Dr. Jose Parakadavil |
| **Managing Editor** | : | Prof. Dr. Mathew Koshy Punnackadu |
| **Editors** | : | The Rev. Dr. Mathew Daniel |
| | | Mr. George Bahanan |
| | | Dr. Sabu de Mathew |
| | | Mr. John George Athyal |
| | | Dr. Anne Susan Koshy |
| | | Dr. Muse Mary George |
| **Manager** | : | The Rev. Prof. K. C. Mathew |
| **Office Assistant** | : | Mr. Kurien Thomas T. |

## THE MEETING POINT

| | | |
|---|---|---|
| Editor in Chief | : | The Rt. Rev. Dr. A George Ninan |
| Publisher/Managing Editor | : | Mr. Koshy George |
| Executive Editor | : | Dr. Jesudas M. Athyal |
| Editorial Board | : | Mr. T. Mathew & Rev. Dr. Anand Veeraraj |



**ENGLISH ARTICLES**
**Dr.Jesudas M. Athyal**
(email: jesudas@athyal.org) 781-570-1221

**CONTACT IN USA**
Mr.Koshy George
(Email :koshygeorge47@gmail.com) 718-314-8171

Subscriptions in USA and Canada should be sent to:
CISAC.Inc, P.O. Box 141039, Staten Island,
NY 10314-1039.



**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ** മന്ദിരം, മാങ്ങാനം പി. ഒ., കോട്ടയം – 686 018
കോട്ടയം സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോ, തിരുവല്ല സി.എസ്.എസ്സ്, എന്നിവിടങ്ങളിൽ വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക.
**(A/c No.67013367593** IFSC no. SBTR 0000471
**New Vision,SBT,Manganam)**

**കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം**

ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ, ന്യൂവിഷൻ,
പുന്നയ്ക്കാട് പി. ഒ., കോഴഞ്ചേരി – 689 652,
Phone / Fax : 0468 2214068, 2310376 Mob : 9847275754
e-mail : newvisionmagazine@gmail.com

**CONTACT PERSONS**

**Mr. C. J. Rajan** 25, Razak Gardens, 8-Cross Street, Arumbakkam, Chennai - 600 106 Ph : 044-23634755
**Mr. George Eapen**, Kuwait Mob : 66031607
**Mr. Regi Chandy Koshy**, Kuwait. Mob : 66011377
**Jacob Mamoodan**, Pathanamthitta
Ph : 09947440258 Email : mamooden@hotmail.com


# C O N T E N T S


**4** എഡിറ്റോറിയൽ....
■ ഡോ. സിറിയക് തോമസ്

**5** സച്ചിനുള്ള ഭാരതരത്നം അത്രശരിയായില്ല
■ ജോബിൻ പി. ഏബ്രഹാം

**7** ക്രിസോസ്റ്റം തിരുമേനിയോടൊപ്പം – 3

**10** സർദാർ വല്ലഭഭായി പട്ടേൽ
■ ജസ്റ്റിസ് കെ.റ്റി. തോമസ്

**12** ഗബ്രിയേലച്ചന് വിനീത പ്രണാമം
■ ഡി. ബാബുപോൾ

**14** കാക്ക കുളിച്ചാൽ
■ ജോർജ്ജ് ബഹനാൻ

**17** FUNERAL SERVICE OF NELSON MANDELA
■ Bishop Ivan Abraham

**20** നൊന്തു നിൽക്കുന്ന അന്തഃപുരങ്ങൾ
■ ഫാ. ജോസഫ് നെച്ചിക്കാട്ട്

**24** നിന്റെ സ്നേഹം ആർക്കാണ് ആവശ്യം
■ കമാൻഡർ തര്യൻ കോശി



## വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : | 175 രൂപ | (വിദേശത്തുള്ളവർക്ക് US$25) |
| രണ്ടു വർഷത്തേക്ക് | : | 250 രൂപ | ( ” US$35) |
| മൂന്നു വർഷത്തേക്ക് | : | 350 രൂപ | ( ” US$50) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000 രൂപ | ( ” US$250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000 രൂപ | ( ” US$1000) |

## പരസ്യ നിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back cover (outside) | Rs. 7000 | Rs. 3500 | |
| Back cover (inside) | Rs. 5000 | Rs. 3000 | |
| Inner Pages | Rs. 3000 | Rs. 1500 | Rs. 800 |

Cover Design: **IGM Offset Press**
Page Layout @ IGM Offset Press
Ph : 0469 2602192, E-mail: igmthiruvalla@hotmail.com

# 2013 കണക്കെടുപ്പും 2014 ന്റെ പ്രതീക്ഷകളും

■ ഡോ. സിറിയക് തോമസ്

ക്രിസ്മസും നവവത്സരവും പ്രതിവർഷം ആവർത്തിക്കപ്പെടുന്ന ആഹ്ലാദ വേളകളാണ്. ക്രിസ്മസ് കഴിഞ്ഞാൽ പുതുവർഷം പിറക്കുമെന്നതു അലിഖിതനിയമവും. പല സ്ഥാപനങ്ങളിലും വർഷാവസാന കണക്കെടുപ്പുകളും സാധാരണമാണ്. അതൊരു വിലയിരുത്തലും സ്വയം പരിശോധനയുമാണ് (ഒരു self audit). ഈ self audit സ്ഥാപനങ്ങൾക്കു മാത്രമല്ല, സമൂഹത്തിനും സഭകൾക്കും വ്യക്തികൾക്കും സംഘടനകൾക്കും രാജ്യത്തിനും ലോകത്തിനുമെല്ലാം ആവശ്യമാണ്. പ്രയോജനകരവും.

കഴിഞ്ഞവർഷം നമ്മെ കടന്നുപോയതു ലോകത്തിനു ഒരു വൻനഷ്ടം വരുത്തിവച്ചുകൊണ്ടായിരുന്നല്ലോ. നെൽസൺ മണ്ടേലയുടെ വിയോഗം. കഴിഞ്ഞ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ മഹദ്‌വ്യക്തികളിലൊരാളായിരുന്നു ദക്ഷിണാഫ്രിക്കയിൽ നിന്നു വന്ന ഈ രണ്ടാം മഹാത്മഗാന്ധി. ഇരുണ്ടഭൂഖണ്ഡത്തിൽ നിന്നുയർന്നുവന്ന സൂര്യതേജസ്സായിരുന്നു മണ്ടേല. നല്ല പ്രായം മുഴുവൻ കാരാഗൃഹവാസത്തിനു വിധിക്കപ്പെട്ട ആഫ്രിക്കൻ ദേശീയവാദി. നമ്മുടെ രാഷ്ട്രപിതാവിനെപ്പോലെതന്നെ അഹിംസയിൽ ആരാധനയും വിപ്ലവവും കണ്ട ദക്ഷിണാഫ്രിക്കയുടെ രാഷ്ട്രപിതാവ്. ഒരു ന്യൂജനറേഷൻ പ്രയോഗം കടമെടുത്താൽ മണ്ടേല ഒരു "സംഭവ"മായിരുന്നുവെന്നു പറയുവാൻ രണ്ടാമതൊന്നു ആലേചിക്കേണ്ടതില്ല. ദേശീയവും വംശീയവുമായ അതിരുകളെ ലംഘിച്ചു മനുഷ്യരാശിയുടെ മുഴുവൻ ആദരവാർജിക്കുവാൻ കഴിഞ്ഞവരായി നമുക്കധികം പേരില്ല. മഹാത്മഗാന്ധിയും മദർ തെരേസയും മണ്ടേലയുമൊക്കെയല്ലാതെ. സഹനത്തിന്റെയും ത്യാഗത്തിന്റെയും വിനയത്തിന്റെയും മാതൃകയായിരുന്നു ഈ ലോകനേതാവ്. പ്രായമായപ്പോൾ അധികാരമൊഴിയുവാനുള്ള ആർജ്ജവം കാണിച്ച വിവേകശാലിയായ രാഷ്ട്രതന്ത്രജ്ഞൻ. മണ്ടേലയെപ്പോലെ മണ്ടേലമാത്രം. ആ മഹാസ്മരണയ്ക്കു മുന്നിൽ നമ്രശിരസ്ക്കരാവുക.

ഉത്രാടം നിരുനാൾ മാർത്താണ്ഡവർമ്മ ഒരു "സംഭവം" തന്നെയായിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ തലവനെന്ന നിലയിൽ അദ്ദേഹം ജനഹൃദയങ്ങളിൽ സ്ഥാനം നേടി. ഒരിക്കലും മഹാരാജാവായിരുന്നില്ലെങ്കിലും ആളുകൾ അദ്ദേഹത്തെ മഹാരാജാവെന്നുതന്നെ വിളിച്ചു. അതായിരുന്നു അദ്ദേഹത്തിന്റെ മഹത്വം. ജനങ്ങളുടെയും. ശ്രീചിത്തിര തിരുനാൾ മഹാരാജാവിനോട് ജനങ്ങൾക്കുണ്ടായിരുന്ന സ്നേഹാദരവുകളുടെ അനന്തരവകാശിയായി ത്തീർന്നതും അദ്ദേഹമാണ്. യുവരാജാവായിരിക്കെ സാഹസികനായിരുന്ന ഉത്രാടം തിരുനാൾ, കുതിരസവാരിയിൽ കേമൻ. ഫോട്ടോഗ്രാഫിയിൽ വിദഗ്ദൻ. ലോകസഞ്ചാരി. വ്യവസായി, വിജ്ഞാനദാഹി. അറിവിന്റെ മഹാസാഗരം, സാത്വികൻ മാർത്താണ്ഡവർമ്മയ്ക്കു വിശേഷണങ്ങൾ എത്ര വേണമെങ്കിലുമാകാം. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിധി നിക്ഷേപങ്ങളുടെ കാവലാളായി നിന്ന "ശ്രീപത്മനാഭദാസ''ന്മാരുടെ സത്യസന്ധതയാണ് തിരുവിതാംകൂർ രാജകുടുംബത്തിനു ജനസമ്മതി വർദ്ധിപ്പിച്ചത്. നിധിയിലേക്ക് ''കാണിക്ക'' കൊടുത്തതല്ലാതെ നിധി നിക്ഷേപങ്ങളെ തൊടുവാൻ ഒരിക്കലും അവർ ശ്രമിച്ചിരുന്നില്ല. വിനയത്തിന്റെ മൂർത്തിമദ് ഭാവമായിരുന്ന നാടുനീങ്ങിയ ഉത്രാടം തിരുനാൾ. വർഷാന്ത്യത്തിൽ നാടിനുണ്ടായ നഷ്ടം തന്നെയാണ് എക്കാലത്തും തിരുവിതാംകൂർകാർക്കു ഇഷ്ടപാത്രമായിരുന്ന "ഇളയ രാജാവിന്റെ" വേർപാടും.

വരാൻ പോകുന്നതു മറ്റൊരു വർഷം 2014. ലോകത്തിനായി കരുതിവച്ചിരിക്കുന്നതെന്തൊക്കെയെന്നു നമുക്കറിഞ്ഞുകൂടാ. ഇന്ത്യയിൽ ഒരു പൊതുതെരഞ്ഞെടുപ്പുകൂടി വരേണ്ട വർഷമാണ്. നമ്മുടെ ജനാധിപത്യത്തിനു ഒരു പരീക്ഷണംകൂടിയാവുമിത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാഗ്യം ഇവിടുത്തെ സാധാരണ സമ്മതിദായകന്റെ (ordinary voter) രാഷ്ട്രീയ വിവേകമാണ്. കോമൺസെൻസും. ആരെയാണ് ജയിപ്പിക്കേണ്ടതും ആരെയൊക്കെയാണ് തോല്പിച്ചു വീട്ടിലിരുത്തേണ്ടതെന്നും ഇന്ത്യൻ വോട്ടറെപ്പോലെ അറിയാവുന്നവരില്ല. അധികാരത്തിലിരിക്കുന്നവരെയും അധികാരത്തിൽ വരാൻ ശ്രമിക്കുന്നവരെയും മുൾമുനയിൽ നിർത്താൻ ഇന്ത്യയിലെ സമ്മതിദായകനു കഴിയുന്നുവെന്നതാണ് നമ്മുടെ ജനാധിപത്യത്തിന്റെ ശക്തി. സാധാരണ പൗരന്റെ ഈ രാഷ്ട്രീയ ശക്തിയെ നിലനിർത്തുകയാണ് നമ്മുടെ ചുമതല. ജയിക്കുന്നതോ ഭരിക്കുന്നതോ ആരുമാകട്ടെ. പക്ഷേ അവരാരായാലും ഇന്ത്യയുടെ ഐക്യത്തിവും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നവരും നമ്മുടെ മതേതര സമൂഹത്തെ സംരക്ഷിക്കുന്നവരുമാകണം. അഴിമതിക്കാരും അന്യായം ചെയ്യുന്നവരും നമ്മുടെ "ഭാഗ്യവിധാതാക്കളാ"കുവാൻ സമ്മതിച്ചുകൂടാ. സന്യാസിക്കും ഭരണാധികാരിക്കും (ന്യായാധിപനും) ധർമ്മവ്യസനം (prick of codcience) നഷ്ടപ്പെടുന്ന തന്നെയാണ് ഏതൊരു സമൂഹത്തിനും സംഭവിക്കാവുന്ന ഏറ്റവും വലിയ ദുരന്തം. 2014 നമുക്കു ഭാഗ്യവർഷമാകട്ടെ.

# സച്ചിനുള്ള 'ഭാരതരത്നം' അത്ര ശരിയായില്ല

റവ. ജോളി തോമസ്, താനെ, മുംബൈ



**2**013 നവംബർ പകുതി വരെയുള്ള ഏതാനും ആഴ്ചകൾ മാധ്യമങ്ങളിൽ നിറഞ്ഞിരുന്നത് പ്രശസ്ത ക്രിക്കറ്റ് കളിക്കാരനായ ശ്രീ. സച്ചിൻ തെൻഡൽക്കറുടെ കളിയിൽ നിന്നുമുള്ള വിരമിക്കലായിരുന്നു. ഇതഃപര്യന്തം ചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത എന്തോ ഒന്ന് ഈ ലോകത്തിൽ സംഭവിക്കുന്നുവെന്ന പ്രതീതിയാണ് മാധ്യമങ്ങൾ ഉളവാക്കിയത്. ക്രിക്കറ്റ് എന്ന കളിയിൽ പ്രഗത്ഭനായിരുന്ന അദ്ദേഹത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കപ്പെട്ട വാക്കുകൾ ഒട്ടേറെ – 'ക്രിക്കറ്റ് ദൈവം', 'അമാനുഷിക പ്രതിഭ' എന്നിവ അവയിൽ ചിലതുമാത്രം.

ക്രിക്കറ്റ് എന്ന കളിയിൽ സച്ചിൻ അസാധാരണ പ്രാഗത്ഭ്യം തെളിയിച്ചുവെന്നതിനു തർക്കമില്ല. കളിയിലുള്ള അദ്ദേഹത്തിന്റെ നേട്ടങ്ങൾ, കഴിവിന്റെ തിളക്കും നിറഞ്ഞ സാക്ഷ്യങ്ങളാണ്. കളിക്കളത്തിലും പുറത്തും തികഞ്ഞ മാന്യതപുലർത്തിയ വ്യക്തിയുമായിരുന്നു അദ്ദേഹം. ഇതെല്ലാം അംഗീകരിച്ച് കോടിക്കണക്കിനു ജനങ്ങളോടൊപ്പം, അദ്ദേഹത്തെ ബഹുമാനിക്കുന്നയാളാണ് ഈ ലേഖകൻ. ക്രിക്കറ്റിന്റെ സാമാന്യം നല്ല ആസ്വാദകനുമാണ്. അതുകൊണ്ടുതന്നെ, ഇനി താഴെ കുറിക്കുന്ന കാര്യങ്ങൾ മുൻവിധികൾ കൂടാതെ വായിച്ച് വിലയിരുത്തണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ഏതു രംഗത്തും പ്രവർത്തനത്തിന്റെ ഒരു കാലഘട്ടം പൂർത്തിയാക്കുമ്പോൾ ആളുകൾ വിരമിക്കുന്നുവെന്നത് സ്വാഭാവികമായ കാര്യമാണ്. തങ്ങളുടെ പ്രവർത്തന കാലഘട്ടത്തെ ഉദാത്തമായ പ്രതിഭ കൊണ്ടും, സമർപ്പണം കൊണ്ടും അസാധാരമാക്കുന്ന ചിലരുണ്ട്. പ്രവർത്തന രംഗത്തു നിന്നും വിടപറയുമ്പോൾ ഉചിതമായ ആദരവ് അവർക്കു നൽകുന്നതിൽ അപാകതയില്ല. ക്രിക്കറ്റിൽ അനിതരസാധാരണമായ വൈഭവം പ്രകടിപ്പിച്ചും, കളിയിലെ മാന്യതയ്ക്ക് ഒരു പാഠപുസ്തകമായിത്തീർന്നും രണ്ടു വ്യാഴവട്ടക്കാലം ക്രിക്കറ്റ് ലോകത്ത് ജീവിച്ച സച്ചിന് ഏറെ സ്നേഹാദരവുകളോടെതന്നെ നാം യാത്രാനുമതി നല്കണം, സംശയം ലേശംപോലുമില്ല.

എന്നാൽ, നാം കണ്ടത് അങ്ങനെയൊരു കാഴ്ചയല്ല. ക്രിക്കറ്റിനെ ഒരു വിനോദമെന്നതിലപ്പുറം ഒരുതരം ഉന്മാദമായി കണ്ടു കൊണ്ട് നടക്കുന്നവരൊഴികെ മറ്റെല്ലാവരുടെയും ഔചിത്യ ബോധത്തിനുൾക്കൊള്ളാനാവാത്ത വിധമുള്ള ഊതി വീർപ്പിക്കലുകളാണ് (hype) സച്ചിന്റെ വിരമിക്കലിനോടനുബന്ധിച്ചു കണ്ടത്. ക്രിക്കറ്റ് കളിയിൽ സച്ചിൻ ഇനിയില്ലാത്തതിനാൽ ലോകത്തിനു ഭാവിയില്ലെന്നു തോന്നിപ്പിക്കും വിധമുള്ള പ്രകടനങ്ങൾ!!!

മറ്റേതു കളിയുമെന്നതുപോലെ ക്രിക്കറ്റും ഒരു വിനോദം മാത്രമാണ്. എന്നാൽ അതിനെ പണം വാരാവുന്ന വ്യവസായമാക്കി മാറ്റിയ കൂർമ്മബുദ്ധികളും, അതിന്മേൽ കോടികളുടെ കിലുക്കം കണ്ടെത്തിയ മാധ്യമപ്രഭൃതികളും ഒത്തൊരുമിച്ചപ്പോൾ ക്രിക്കറ്റ് വിനോദത്തിനപ്പുറം മറ്റെന്തോ ആയി; അനേകരുടെ മനസ്സുകളെ വരിഞ്ഞു മുറുക്കുന്ന യുക്തിരഹിതമായ ആവേശമായി. നിയന്ത്രണമില്ലാത്ത ആ വികാരാവേശം ക്രിക്കറ്റിനെ വിനോദമെന്ന നിലയിൽ കാണാനുള്ള സമചിത്തത നഷ്ടപ്പെടുത്തി. അപ്രസക്തമായ കണക്കുകളും, ആ കണക്കുകളുടെമേൽ സൃഷ്ടിക്കപ്പെടുന്ന അർത്ഥരഹിതമായ റിക്കാർഡുകളും ("ഒരു പ്രത്യേക ഗ്രൗണ്ടിൽ, ഒരു പ്രത്യേക രാജ്യത്തിലെ ഒരു പ്രത്യേക കളിക്കാരൻ അഥവാ ഒരു പ്രത്യേക കൂട്ടുകെട്ട് നേടുന്ന ഏറ്റവും വലിയ സ്കോർ" എന്നതുപോലെ), ഒരു മസ്തിഷ്ക ശസ്ത്രക്രിയയ്ക്ക് അനുരൂപമായ വിധത്തിലുള്ള കളിയെ കീറിമുറിച്ചുള്ള വിശകലനങ്ങളും എല്ലാം കൂടിച്ചേർന്നാണ് ക്രിക്കറ്റിന്റെ ഈ 'മഹാഭാവം' രൂപപ്പെടുത്തിയത്.

എല്ലാ കളികളും വിനോദോപാധികളായിരിക്കെ എന്തുകൊണ്ട് മറ്റു കളികളെയൊന്നും നാം ഈ വിധത്തിൽ കൈകാര്യം ചെയ്യുന്നില്ല? ഒട്ടേറെ മറ്റു കളികൾ കൂടുതൽ രാജ്യങ്ങളിൽ പ്രചാരമാർജ്ജിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ ക്രിക്കറ്റിനോളം വാഴ്ത്തപ്പെടുന്നില്ല. ഇൻഡ്യയിൽ ഹോക്കിയുൾപ്പെടെയുള്ള ഒട്ടുമിക്ക കളികളെയും ക്രിക്കറ്റ് ജ്വരം വിഴുങ്ങിയിരിക്കുന്നു. ഫുട്ബോളും മറ്റും കളിക്കുന്ന രാജ്യങ്ങളുടെ എണ്ണവുമായി താരതമ്യപ്പെടുത്തിയാൽ ക്രിക്കറ്റ് കളിക്കുന്ന രാജ്യങ്ങളുടെ എണ്ണം എത്ര പരിമിതം! പതിനൊന്ന് എന്നാണ് കണക്ക്. ഏറെ സമയം നീണ്ടു നില്ക്കുന്ന കളിയായ ക്രിക്കറ്റിൽ ലോകത്തിലെ മിക്ക വികസിത, വികസ്വര രാഷ്ട്രങ്ങളും തല്പരരല്ലെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഇപ്രകാരം കെട്ടിപ്പൊക്കിയ ആകാശക്കൊട്ടാരത്തിൽ വാഴുന്ന ക്രിക്കറ്റിനോടു ബന്ധപ്പെട്ടയേതും പ്രയാസമെന്യെ പ്രചാരം നേടിയെടുക്കും; അതിനോടു ബന്ധപ്പെട്ടവർ – വിശേഷിച്ചു കളിക്കാർ – താരങ്ങളായി

മാറും. മനുഷ്യമനസ്സുകളെ ഏറ്റവുമധികം സ്വാധീനിക്കുന്നത് പൊതുമാധ്യമങ്ങളാണ്. അപ്പോൾ അതിൽ നിറഞ്ഞിരിക്കുന്നവർ, നിരന്തരം ആവർത്തിക്കപ്പെടുന്ന കാഴ്ചയിലുടെയും കേൾവിയിലൂടെയും വിവേചനശക്തിയെ ക്രമേണ ഇല്ലാതെയാക്കിക്കൊണ്ട്, മനസ്സുകളിൽ ആധിപത്യം സ്ഥാപിക്കും. അങ്ങനെയാണല്ലോ താരങ്ങളും താരാരാധനയുമൊക്കെ ഉദയം ചെയ്യുന്നത്.

സിനിമ, സ്പോർട്സ് മേഖലകളിൽ മാത്രം എന്തുകൊണ്ട് ഇപ്രകാരം താരങ്ങൾ ജനിക്കുന്നുവെന്ന ചോദ്യം ഇവിടെ ചോദിക്കപ്പെടേണ്ടതാണ്. ജിവിതത്തിന്റെ മറ്റു മേഖലകളിൽ ഉന്നതമായ സംഭവാനകൾ നല്കിയിട്ടുള്ള എത്രയോ ആളുകളുണ്ട്. അവർ താരങ്ങളായി, ആരാധനാപാത്രങ്ങളായി മാറാത്തത് അവർ മാധ്യമങ്ങളുടെ ധവളവെളിച്ചത്തിൽ കാണപ്പെടുന്നില്ലയെന്നതുകൊണ്ടുമാത്രമല്ലേ? സ്പോർട്സ്, സിനിമാ താരങ്ങൾ സ്പർശിക്കുന്നതിനേക്കാൾ ഏറെ ആഴത്തിൽ സമൂഹത്തെ സ്പർശിക്കുന്ന 'വലിയ മനുഷ്യർ' എത്രയോ പേർ നമ്മുടെ ചുറ്റുമുണ്ട്! ഈ വിഷയം കൂടുതൽ വിശാലമായ ചർച്ചയർഹിക്കുന്നു.

കളികളെല്ലാം വിനോദോപാധികളാണ്. തീർച്ചയായും വിനോദത്തിന് മനുഷ്യജീവിതത്തിൽ സ്ഥാനമുണ്ട്. എന്നാൽ, ആ സ്ഥാനത്തിനപ്പുറത്ത് കളികളെയും കളിക്കാരെയും ('താരങ്ങൾ' എന്ന വാക്ക് ബോധപൂർവ്വം ഒഴിവാക്കുന്നു) നാമൊരിക്കലും പ്രതിഷ്ഠിച്ചുകൂടാ. **ജീവിതത്തിൽ ഓരോന്നിന്റെയും പ്രാധാന്യം തിരിച്ചറിയുന്നതും കൃത്യമായ മുൻഗണനകൾ രൂപപ്പെടുത്താൻ കഴിയുന്നതും പക്വതയുടെ സൂചനയാണ്. മുൻഗണനകൾ തെറ്റുമ്പോൾ പ്രധാനമായവയ്ക്കും അപ്രധാനമായവയ്ക്കും പരസ്പരം സ്ഥാനചലനം സംഭവിക്കും. ഇതു തികച്ചും അപകടകരമാണ്.**

കുറച്ചുകൂടി subtle ആയ ഒരുകാര്യം ഇവിടെ മറഞ്ഞിരിക്കുന്നുവെന്നു തോന്നുന്നു. വ്യക്തികൾക്കോ, സമൂഹത്തിനോ മൗലീകമായ ഒരു ഗുണമാറ്റം (qualitative change) വരുത്താൻ കഴിവില്ലാത്ത വിനോദങ്ങളിലൂടെ നേട്ടങ്ങളിൽ ഒരു രാഷ്ട്രം ഇത്രത്തോളം ഊറ്റം കൊള്ളുന്നതെന്തുകൊണ്ടാണ്? **സച്ചിന്റെ വിശദമായ കളിയും, വാരിക്കൂട്ടിയ അവാർഡുകളും അതിനെച്ചൊല്ലി അഭിമാനത്തിന്റെ കൊടുമുടികളേറുന്ന സാമാന്യ സമൂഹത്തെ ഏതർത്ഥത്തിലാണ് ഒരു മെച്ചപ്പെടലിനു സഹായിക്കുന്നത്? ഒരു രാഷ്ട്രമെന്ന നിലയിൽ സച്ചിന്റെ ക്രിക്കറ്റ് സ്കോറുകൾ ഭാരതത്തിനു എന്തു സംഭാവനയാണ് നല്കുക? തല ഉയർത്തിപ്പിടിച്ചുകൊണ്ട് ലോകത്തിന്റെ മുമ്പിൽ, അഭിമാനത്തോടെ പറയാൻ നമുക്ക് കൂടുതൽ ഗൗരവമായ കാര്യങ്ങൾ ഉണ്ടാകണം.** "120 കോടികളുള്ള ഞങ്ങളിൽ ഒരാൾ ക്രിക്കറ്റ് എന്ന കളിയിൽ 100 സെഞ്ചുറിയടിച്ചു" എന്നത് അത്രയ്ക്ക് തലയുയർത്തിപ്പിടിച്ചു പറയേണ്ട കാര്യമൊന്നുമല്ല. പറയത്തക്ക വലിയ കാര്യങ്ങൾ ഏറെയില്ലാത്തതിനാൽ, ഉള്ളതായ അത്ര വലുതല്ലാത്ത കാര്യങ്ങളെ ഊതി വീർപ്പിച്ച് നേടുന്ന ഒരു സുഖമല്ലേയിത്?

ഇതെല്ലാം കൊണ്ടുതന്നെ പറയട്ടെ, സച്ചിനുള്ള 'ഭാരതരത്നം' അത്ര ശരിയായില്ലെന്നു അഭിപ്രായപ്പെടാനുള്ള ഒരു പൗരന്റെ സ്വാതന്ത്ര്യം തല്ലുകൊള്ളിത്തരമായി കാണരുത്. കായിക മേഖലയിലെ ഏറ്റവും ഉന്നതമായ സമ്മാനം അദ്ദേഹത്തിനു നല്കാം. എന്നാൽ ഭാരതരത്നം....!!! **ആഗോളവൽക്കരണത്തിന്റെയും, കച്ചവടവൽക്കരണത്തിന്റെയും കുത്തൊഴുക്കിൽ നമുക്കു നഷ്ടപ്പെട്ടു പോയ ഭാരത സംസ്ക്കാരത്തിന്റെ ഘനമുള്ള കാര്യങ്ങളെ വീണ്ടെടുത്ത് അവയെ ലോകത്തിന്റെ മുമ്പിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്ക് അഭിമാനത്തോടെ നില്ക്കാൻ കഴിയുന്ന നാളുകൾക്കായി പ്രയത്നിക്കാം.** ●

## അറിയിപ്പ്

1) വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുകയെന്നത് മാസികയുടെ പോളിസിയാണ്. ചിലത് പ്രകോപിപ്പിച്ചേക്കാം. സാധാരണ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വരാത്ത ശൈലിയാണ് നമ്മൾ പിൻതുടരുന്നത്. വായനക്കാർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. അത് ഞങ്ങളെ എഴുതി അറിയിക്കുക. വ്യക്തികളെ തേജോവധം ചെയ്യുന്നതല്ലായെങ്കിൽ അതും ഞങ്ങൾ പ്രസിദ്ധീകരിക്കും. ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുകയെന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. മാസികയിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളടെ ഉത്തരവാദിത്തം അതെഴുതിയവർക്ക് മാത്രമാണ്. പുതിയതായി ഓരോ മാസവും വരിക്കാരാകുന്നവർക്ക് ഈ നയം അറിയുവാൻ പാടില്ലാത്തതിനാലാണ്് ഈ വിവരം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നത്.

2) സഭകളിൽ നടക്കുന്ന നൂതനവും സാമൂഹ്യപ്രതിബദ്ധതയുമുള്ള പരിപാടികളുടെ ഫോട്ടോകളും റിപ്പോർട്ടുകളും ഞങ്ങൾ പ്രസിദ്ധീകരിക്കും. താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ചു ചോദിച്ചിട്ടും മാറ്ററും ഫോട്ടോയും അയക്കാവുന്നതാണ്. എല്ലാ സഭാവിഭാഗങ്ങളിലുമുള്ളവരും മറ്റ് മതവിഭാഗങ്ങളിലുള്ളവരും വായിക്കുന്ന മാസികയാണ് ന്യുവിഷൻ. കേരളത്തിലുള്ള എല്ലാ പൊതു വായനശാലകളിലും ന്യുവിഷൻ ലഭ്യമാണ്.

3) മാസിക ക്രമമായി ലഭിക്കുവാൻ വരിസംഖ്യ കൃത്യമായി അയച്ചു തരുമല്ലൊ. റാപ്പറിൽ നിങ്ങളുടെ മാസിക നമ്പർ/ നിങ്ങൾ ഏറ്റവും അവസാനം തന്ന തുക/ വരിസംഖ്യ തീരുന്ന മാസവും വർഷവും രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ അവസാനം തന്ന തുക റാപ്പറിൽ എഴുതിയിട്ടുണ്ടോയെന്നത് ദയവായി പരിശോധിക്കുക. റാപ്പറിൽ കാണുന്ന മാസം വരെ മാത്രമേ മാസിക അയക്കുകയുള്ളു. **റാപ്പറിൽ വരിസംഖ്യ തീരുന്ന വർഷം രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ നിങ്ങൾ മാസികയുടെ വരിക്കാരനല്ലായെന്ന് മനസ്സിലാക്കുക. കോംപിളിമെന്ററിയായി അയച്ചു തരുന്നതാണ്. കോപ്പികളുടെ ലഭ്യതയനുസരിച്ചു മാത്രമേ ഈ വിഭാഗത്തിലുള്ളവർക്ക് മാസിക അയക്കുകയുള്ളു.** വരിസംഖ്യ പുതുക്കുമ്പോൾ നിങ്ങളുടെ മാസിക നമ്പർ കൂടി അറിയിക്കണം. സാമ്പത്തിക ബുദ്ധിമുട്ട് കാരണം വരിസംഖ്യ കൃത്യമായ പുതുക്കാത്തവർക്ക് മാസിക അയച്ചു കൊടുക്കേണ്ടായെന്നാണ് പത്രാധിപ സമിതിയുടെ തീരുമാനം. മാന്യ വായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**ഡോ. മാത്യു കോശി പുന്നയക്കാട്** (9847275754)
മാനേജിംഗ് എഡിറ്റർ & പംബ്ലീഷർ
(newvisionmagazine@gmail.com)

# ക്രിസോസ്റ്റം തിരുമേനിയോടൊപ്പം-3

തിരുമേനിയോടൊപ്പമുള്ള യാത്ര തിരുവനന്തപുരത്തേക്കാണ്. യാത്ര തുടങ്ങിയാൽ പിന്നെ തിരുമേനി പഴയ കഥകൾ പറയുവാൻ ആരംഭിക്കും.

"സാറെ പൊട്ടനായിരിക്കുന്നതിന്റെ ഗുണം സാറിനറിയാമോ?"

"പൊട്ടനോ. തിരുമേനിയെപ്പോലെ കൂർമ്മബുദ്ധിയും നർമ്മബോധവുമുള്ള ഒരാൾ പൊട്ടനാണെന്ന് പറഞ്ഞാൽ ഞാൻ സമ്മിതിക്കില്ല .

ചെവി കേക്കാതിരിക്കുന്നവരെയാ സാറെ പൊട്ടന്മാർ എന്ന് പറയുന്നത്. എനിക്ക് ചെവിക്ക് കേൾവിക്കുറവുള്ളതിനാലാ ഈ സാധനം ചെവിയിൽ വച്ചിരിക്കുന്നത്

ശരി തിരുമേനി, ഇപ്പോഴാ മനസ്സിലായത് ്.

"പലരും പല കാര്യങ്ങളും എന്നോട് വന്ന് പറയും. താല്പര്യമില്ലാത്ത കാര്യം ഞാൻ കേട്ടില്ലെന്ന് പറയും. പക്ഷേ അതെനിക്ക് തന്നെ ഈയിടെ വിനയായി. ആലൂക്കാസുകാർ എന്നെ വിളിച്ചു. സ്വർണ്ണക്കടയെക്കുറിച്ചും സ്വർണ്ണത്തെക്കുറിച്ചും ഒക്കെയാ ഞാൻ പ്രസംഗിച്ചത്. പ്രസംഗമെല്ലാം കഴിഞ്ഞപ്പോളാണ് ഞാനറിയുന്നത് പാവപ്പെട്ടവരെ സഹായിക്കുവാനുള്ള ഒരു പദ്ധതിയുടെ ഉദ്ഘാടനം ചെയ്യുവാനാ എന്നെ വിളിച്ചിരുതെന്ന്. ഞാൻ താമസിച്ചു ചെന്നതിനാൽ സ്വാഗതം പറഞ്ഞതൊന്നും കേട്ടില്ല. ചെന്നയുടനെ പ്രസംഗിക്കുവാൻ പറഞ്ഞു .

തിരുമേനി മറ്റൊരു കാര്യത്തിലേക്ക് പ്രവേശിച്ചു.

"സാറെ സമൂഹത്തിൽ നടക്കുന്ന അഴിമതികൾ ഭയങ്കരമാണ്.

"തിരുമേനി നമുക്ക് ഈക്കാര്യം പറയുവാൻ എന്താ അവകാശം. സഭയിലും അഴിമതിയല്ലേ?

"ശരിയാ, ഇപ്പഴത്തെ കാര്യം പറഞ്ഞാൽ പ്രശ്നമായതിനാൽ, സിഎസ്സ് ഐ സഭയിലെ പണ്ടത്തെ കാര്യം പറയാം. ബിഷപ്പ് ജയിക്കബിന് കണക്കറിയത്തില്ലായിരുന്നു. സഭയുടെ കണക്കുകളെല്ലാം ബിഷപ്പായിരുന്നു നോക്കിക്കൊണ്ടിരുന്നത്. ഒരു ദിവസം സിനഡിൽ നിന്ന് സായ്പ് വന്ന് കണക്ക് പരിശോധിച്ചപ്പോൾ കണക്ക് തെറ്റ്. പണം നഷ്ടപ്പെട്ടിരിക്കുന്നു. മഹായിടവകയ്ക്ക് വന്ന നഷ്ടത്തെക്കുറിച്ച് ബിഷപ്പ് ജയിക്കബ് അമ്മയോട് പറഞ്ഞു. ഉടനെ അമ്മ ആ പണം തിരുമേനിക്ക് കൊടുത്ത് പ്രശ്നം ഒത്തു തീർപ്പിലാക്കി. ക്ലെർക്കിനെ പിരിച്ചു വിട്ടു. പിന്നീട് ക്ളേർക്ക് പണം മുഴുനും തിരികെ കൊടുത്തെന്ന് ബിഷപ്പ് ജയ്ക്കബ് എന്നെ കണ്ടപ്പോൾ പറയുകയുണ്ടായി.



പണ്ട് അമേരിക്കയിൽനിന്ന് കുട്ടികൾക്ക് കൊടുക്കുവാനായി പാൽപ്പൊടിയും ഗോതമ്പും റവയുമൊക്കെ വരുമായിരുന്നു. അത് സൂക്ഷിക്കുന്നത് അടുത്തുള്ള അച്ചന്റെ വീട്ടിലും. ദക്ഷിണ കേരള മഹായിടവകയിലെ ഒരച്ചൻ ഇതെടുത്ത് വിറ്റു. എന്നിട്ട്, പാൽപ്പൊടിയും മറ്റും ഇരിക്കുന്ന സ്ഥലത്തെ ഒരോട് ഇളക്കിയിട്ടു. അന്വേഷണം വന്നപ്പോൾ കള്ളൻ കയറി മോഷ്ടിച്ചതാണെന്ന് അച്ചൻ പോലിസിൽ മൊഴി നൽകി. പോലിസ് വന്ന് അന്വേഷിച്ചിട്ടു പറഞ്ഞു, ഒരോടിന്റെ വിടവിൽകൂടി ഇറങ്ങി മോഷ്ടിക്കുവാൻ വരുന്ന കള്ളന് രണ്ടു വയസ്സ് മാത്രമേ പ്രായം കാണുവാൻ സാധിക്കൂ. ബിഷപ്പ് ലഗ് തിരുവനന്തപുരത്ത് ബിഷപ്പായിരിക്കുമ്പോളാണ് ഈ സംഭവം. ബിഷപ്പ് അച്ചനെ ഉടനെ മുടക്കി. അച്ചൻ പിന്നീട് സർക്കാറിന്റെ വയോജന വിദ്യാഭ്യാസ പരിപാടിയിൽ അദ്ധ്യാപകനായി ചേർന്നു. ഇംഗ്ലീഷിൽ അഡൽറ്റ് എഡ്യുക്കേൻ പ്രോഗ്രാം എന്നാണ് പറയുന്നത്. അച്ചന്റെ പഴയ സഭാ ജനങ്ങളെല്ലാവർക്കുമറിയാം അച്ചൻ അഡൽറ്റ് എഡ്യുക്കേഷൻ പ്രോഗ്രാമിലാണ്. സഭയിലെ വല്ല്യമ്മ അഡൽറ്റ് എഡ്യുക്കേഷൻ എന്ന് എല്ലാവരും പറയുന്നത് കേട്ടെങ്കിലും എന്താണെന്ന് മനസ്സിലായില്ല. ഒരിക്കൽ വല്ല്യമ്മയോട് ഒരു മനുഷ്യൻ ചോദിച്ചു. മോഷണത്തിന് ശിക്ഷിക്കപ്പെട്ട നിങ്ങളുടെ അച്ചൻ ഇപ്പോൾ എന്ത് ചെയ്യുകയാ. വല്ല്യമ്മ പറഞ്ഞു. തിരുവനന്തപുരത്ത് ഇപ്പോൾ അഡൽറ്ററിയിലാണെന്നാ(വ്യഭിചാരം) കേട്ടത്.

ആന്ധ്രയിൽ നിങ്ങളുടെ പഴയ മോഡറേറ്ററായിരുന്ന ആനന്ദറാവു ശമുവേലും ഇതു പോലെ ഒരു ചതിയിൽ പെട്ടിരുന്നു. നല്ല ബിഷപ്പായിരുന്നു.

"തിരുമേനി, ഈ കേട്ടതിൽ നിന്ന് സിഎസ്സ് ഐ സഭയിൽ മാത്രമേ അഴിമതിയുള്ളുവെന്നാണല്ലൊ തോന്നുന്നത്.

"സാറെ എനിക്ക് മറ്റുള്ളവരുടെ കുറ്റം കണ്ടു പിടിക്കുവാനല്ലെ വിരുതുള്ളു. സർ ഞങ്ങളുടെ കുറ്റം പറഞ്ഞോ.

വെഞ്ഞാറമൂട് അടുക്കാറായപ്പോൾ- എടാ നമുക്ക് കാപ്പി കുടിക്കണം . ഇന്ത്യൻ കോഫി ഹൗസിന്റെ വാതിക്കൽ വണ്ടി നിർത്തി. വണ്ടിയിൽ നിന്നിറങ്ങിയപ്പോൾ ഡ്രൈവറെ വിളിച്ച് രഹസ്യമായി പറയുന്നത് ഞാൻ ആംഗ്യത്തിൽ നിന്നും മനസ്സിലാക്കി. സാറിനെക്കൊണ്ട് പണം കൊടുപ്പിക്കരുതെന്നാണ് പറഞ്ഞത്. നേരത്തെ ഒരു പ്രാവശ്യം ഞാൻ കൊടുക്കുന്നത് തിരുമേനി കാറിൽ നിന്നു കണ്ടിരുന്നുവെന്ന് എനിക്ക് തോന്നി. തിരു

മേനിക്ക് കാപ്പി കൊടുത്തതിന് ശേഷമേ ഡ്രൈവർ എബി കാപ്പി കുടിക്കത്തുള്ളു.

"തിരുവനന്തപുരത്ത് ഡോ.ബാബുപോളിന്റെ വീട്ടിൽ ഞങ്ങൾ പതിനൊന്നു മണിയോടെ ചെന്നു. ബാബുപോളും തിരുമേനിയുമായി സംഭാഷണമാരംഭിച്ചു. ബാബു പോൾ തമാശകൾ പറയുവാനാരംഭിച്ചു. മന്ത്രി കെഎം മാണിയെക്കുറിച്ചുള്ള തമാശകളാണ് . കെഎം മാണി എവിടെ പോയാലും കാറിന്റെ ഡിക്കിയിൽ ഒരു റീത്ത് കാണുമെന്നാണ് പറയപ്പെടുന്നത്. ഒരിക്കൽ വഴിയിൽ ഭയങ്കര ആൾക്കൂട്ടം. റോഡ് സൈഡിൽ ഒരു വീട്ടിൽ മരണം. ഡ്രൈവറോട് പറഞ്ഞു. നീ പോയി അന്വേഷിച്ചിട്ട് വാ . ഡ്രൈവർ മുറ്റത്ത് ചെന്നപ്പോൾ കാര്യം മനസ്സിലായതിനാൽ ആരോടും ചോദിക്കേണ്ടി വന്നില്ല. തിരികെ വന്ന് മാണി സാറിനോട്.

"സാറെ ഒരു പട്ടാളക്കാരനാ മരിച്ചു കിടക്കുന്നത്". പട്ടാളക്കാരൻ മരിച്ചാൽ മന്ത്രി അനുശോചനം പറയുവാൻ തീർച്ചയായും ബാദ്ധ്യസ്ഥൻ. മുന്നറിയിപ്പില്ലാതെ ചെല്ലുമ്പോൾ അവർക്ക് സന്തോഷവും. മാണി സാർ വീട്ടിലേക്ക് ചെന്ന് കയറിയുടനെ മൈക്ക് കൊടുത്തു. അനുശോചനം തകർത്തു. ഇൻന്ത്യക്ക് വേണ്ടി യുദ്ധം ചെയ്ത് വീര ജവാന്റെ ശരീരത്തിൽ റീത്ത് വയ്ക്കുന്നുവെന്ന് പറയുകയുണ്ടായി. ഇറങ്ങിയപ്പോൾ ഒരാൾ വന്ന് രഹസ്യമായി പറഞ്ഞു. ഇത് ജവാനല്ല, എന്റെ അമ്മയാണെന്ന്. ക്ഷീണം പറ്റിയ മാണി സാർ ഡ്രൈവറോട് ചെന്ന് ചേദിച്ചു. "നിന്നോടാരാടാ പട്ടാളക്കാരനെന്ന് പറഞ്ഞത്. എന്റെ സാറെ നേരിട്ട് കേട്ടതാ .

"എന്താ നീ കേട്ടത്– "മികച്ച പോരാട്ടം പോരാടി ധീര... എന്ന വാക്ക് ഞാൻ കേട്ടതാ

"എടാ മണ്ടാ അത് വേദപുസ്തകത്തിലെ ഒരുവാക്യമാ–നല്ല പോർ പൊരുതി ഓട്ടം തികച്ചു...... അയ്യോ. അബദ്ധം പറ്റി.

ഒരിക്കൽ പമ്പാടിയിൽ ഒരു മരണവീട്ടിൽ മാണി സാർ പോയി. ഈപ്രാവശ്യം പ്രസംഗിച്ചില്ല. ദുഃഖത്തോട് കൂടി ശവത്തിന്റെ അടുത്ത് ഇരിക്കുകയാണ് മാണി സാർ. മുഖം അതി ദുഃഖത്താൽ നിറഞ്ഞിരിക്കയാണ്. കുറെ കഴിഞ്ഞപ്പോൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അവിടെ വന്നു. ഉമ്മൻ ചാണ്ടി വീട്ടുകാരനോട് പറഞ്ഞു. ഏതായാലും അധികം കഷ്ടപ്പെടാതെ കടന്നു പോയല്ലൊ . വീട്ടുകാരൻ പറഞ്ഞു. കുഞ്ഞൂഞ്ഞേ കഴിഞ്ഞ 20 വർഷമായി എന്റെ ഭാര്യ തളർന്ന് കിടക്കുകയാ. ഏതായാലും മരിച്ചതിൽ ഞങ്ങൾക്ക് സന്തോഷമാ. പക്ഷേ, മാണി സാറിന്റെ ദുഃഖം കാണുമ്പോൾ ഞങ്ങൾക്ക് ദുഃഖം സഹിക്കാനാവുന്നില്ല. കുഞ്ഞൂഞ്ഞ്, മാണി സാറിനെ ഒന്ന് ആശ്വസിപ്പിക്കണം .

ഇത്രയും കേട്ടത് ശരിയാണോയെന്ന് എനിക്ക് ഒരു സംശയം. ബാബു പോൾ അതിനും വിശദീകരണം നൽകി. തമാശുകൾ തമാശായി അസ്വദിക്കുന്നയാളാ മാണി സാർ. ഇതൊക്കെ എന്റെ പുസ്തകങ്ങളിൽ എഴുതീട്ടുള്ളതാ. വായിച്ചിട്ട് മാണി സാറും ചിരിച്ചിട്ടുണ്ട്.

തന്റെ മരണ ശേഷം ശവം വച്ച് നടത്തുന്ന ആഘോഷങ്ങളോട് ബാബു പോളിന് അത്ര യോജിപ്പില്ല. തന്റെ ശവശരീരത്തിൽ ആരും അന്ത്യ ചുംബനം നടത്തരുതെന്നാണ് ബാബു പോളിന്റെ ആഗ്രഹം. ശവശരീരത്തിൽ അനവധി രോഗാണുക്കൾ കാണും. അതെന്തിന് മറ്റുള്ളവരിലേക്ക് പകരണം. രണ്ടാമത് മക്കൾക്ക് അത്യാശ്യമാണെങ്കിൽ രഹസ്യമായി ചുംബിക്കാം. തന്നെ അടക്കാനുള്ള ശവപ്പെട്ടി പോലും വാങ്ങുവാൻ മക്കൾ ബദ്ധപ്പെടരുതെന്ന് കരുതി ശവപ്പെട്ടി പോലും വാങ്ങിയിരുന്നു. അതിന് ഒരു കാരണമുണ്ട്. ബാബുപോളിന്റെ പിതാവ് പൗലോസ് കോറേപ്പിസ്കോപ്പ മരിച്ചപ്പോൾ ബാബു പോൾ എറണാകുളത്ത് ശവപ്പെട്ടിക്ക് ഓടി നടന്നു. ഒരിടത്ത് കർദ്ദനാളിന് വേണ്ടി തയ്യാറാക്കിയിരുന്ന ശവപ്പെട്ടി ഉണ്ടെന്ന് പറഞ്ഞു.വർഷങ്ങൾക്ക് മുമ്പ് ഏഴായിരം രൂപ മുടക്കി പെട്ടി വാങ്ങിയത്. ആ അനുഭവം തന്റെ മക്കൾക്ക് ഉണ്ടാവാതിരിക്കുവാൻ, തിരുവനന്തപുരത്ത് ഒരു ശവപ്പെട്ടി ക്കടയിൽ ചെന്നു. കടക്കാരൻ ചോദിച്ചു. സർ ആളിന്റെ നീളം വണ്ണം എത്ര കാണും. ബാബു പോൾ പറഞ്ഞു. എന്റെ നീളവും വണ്ണവും ഉള്ള ആളാ. 1300 രൂപ കൊടുത്ത് ശവപ്പെട്ടി വാങ്ങി. രാത്രിയിൽ ശവപ്പെട്ടിയുടെ അടുത്താണ് വാച്ചർ ഇരിക്കുന്നത്. ഒരു ദിവസം വാച്ചർ ചെന്ന് ബാബു പോളിന്റെയടുക്കൽ ചെന്നു പറഞ്ഞു. സർ ശവപ്പെട്ടിയുടെ അടുത്തിരിക്കുവാൻ എനിക്ക് പേടിയാ. സർ മരിക്കുമ്പോൾ 1300 രൂപായ്ക്ക് ഞാൻ നല്ല ഒരു പെട്ടി വാങ്ങിക്കൊള്ളാം . അങ്ങനെ വാച്ചറുടെ നിർബന്ധപ്രകാരം പെട്ടി മറിച്ചു വിറ്റു.

ബാബു പോൾ തിരുമേനിയോട് വീട്ടിലെ രണ്ട് പ്രത്യേകതകൾ വിശദീകരിച്ചു. തിരുമേനി, ഈ കസേരയിൽ മദർ തേരേസാ ഇരുന്ന കസേരയാ. അത് വിശുദ്ധ കസേരയായിട്ട് ഞാൻ കരുതുന്നതിനാൽ പിന്നീട് ഞാൻ ആ കസേരയിൽ ആരേയും ഇരുത്തിയിട്ടില്ല. മദർ തേരേസായുടെ പടം ആ കസേരയിലാണ് വച്ചിരിക്കുന്നത്. രണ്ടാമത്തെ പടം എന്റെ ഭാര്യയുടെ പടമാണ്. എന്റെ ഭാര്യ കാൻസർ വന്ന് മരിക്കുന്നതിന് മുമ്പ് എന്നോട് ചോദിച്ചു. എന്റെ മരണ ശേഷം എന്റെ ഒരു പടം ഇവിടെ വയ്ക്കില്ലേയെന്ന്. ആറടി നീളമുള്ള ഈ പടം ഇവിടെ വച്ചിരിക്കുന്നത്.

പവർ വിഷൻ ടിവി ചാനലിനു വേണ്ടി പ്രഫ. നൈനാൻ കോശിയുമായിട്ടായിരുന്നു ആദ്യത്തെ അഭിമുഖ സംഭാഷണം. അഖില ലോക സഭാ കൗൺസിലിൽ നിറഞ്ഞ സാന്നിദ്ധ്യമായി ക്രിസോസ്റ്റം തിരുമേനി മാറിയ സാഹചര്യം നൈനാൻ കോശി വിശദീകരിച്ചു. യുവജനപ്രസ്ഥാനവുമായുള്ള ബന്ധത്തിൽ തിരുമേനിയുമായി ഉണ്ടായ ആത്മബന്ധം വ്യക്തമാക്കുകയുണ്ടായി. തുടർന്ന് ബാബു പോളുമായുള്ള തന്റെ ബന്ധം ക്രിസോസ്റ്റം തിരുമേനി വ്യക്തമാക്കുകയുണ്ടായി. ബാബു പോൾ ക്രിസോസ്റ്റം തിരുമേനിയുമായി നർമ്മ സല്ലാപത്തിലേർപ്പെട്ടു. (മുഴുവൻ വിശദീകരിച്ചാൽ പിന്നീട് ടിവി കാഴ്ച വിരസമാകും ഞായറാഴ്ചകളിൽ വൈകിട്ട് 6.30നും തിങ്കളാഴ്ചകളിൽ രാവിലെ 3.30നും ബുധനാഴ്ചകളിൽ രാത്രി 10.30നും

ശനിയാഴ്ചകളിൽ വൈകിട്ട് 4.30നും പവർ വിഷൻ ടിവി കാണു ക)

സമയം ഒരു മണിയായതിനാൽ ബാബുപോൾ ക്രമീകരിച്ച വിഭവ സമൃദ്ധമായ ഉച്ച ഭക്ഷണം കഴിച്ച തിനു ശേഷം തിരുമേനി ഒരു മണി ക്കൂർ അവിടെ മയങ്ങി. മൂന്നു മണി യായപ്പോൾ ഞങ്ങളുടെ യാത്ര മസ്ക്കറ്റ് ഹോട്ടലിലേക്ക്. തിരുമേ നിയുടെ കാർ കിടക്കുന്നത് കണ്ട് തൊട്ടടുത്ത് താമസിക്കുന്ന ഏബ്രഹാം സർ കയറി വന്നു. തിരു മേനി അദ്ദേഹത്തെ പരിചയപ്പെടു ത്തി. ഇദ്ദേഹമാണ് തിരുവനന്തപു രത്തെ സെന്റ് തോമസ് സ്കൂളിന്റെ സെക്രട്ടറി. സ്കൂളിനെ മികച്ച നിലയിലെത്തിച്ചത് സാറിന്റെ കഴിവ് കൊണ്ടാണ്. ഗവൺമെന്റ് സെക്രട്ടറിയായിരു ന്നത് കൊണ്ട് സ്കൂൾ ഭംഗിയായി നടത്തുവാനറിയാം.

വാച്ചറെ തിരുമേനിക്ക് ബാബു പോൾ നേരത്തെ പരിചയപ്പെടുത്തി യിരുന്നു.

യാത്ര പറഞ്ഞു കാറിൽ കയ റിയപ്പോൾ ബാബു പോൾ വാച്ചറുടെ കൂടെ നിന്ന ഡ്രൈവറെ പരിചയപ്പെടുത്തി. തിരുമേനി ഡ്രൈവർ എബിയോട് എടാ, ഡ്രൈവറെ നീ കണ്ടായിരു ന്നോ . രണ്ടു പേർക്കും കൊടുത്തു. എബിയുടെ മറു പടിയിൽ നിന്നാണ് തിരുമേനിയുടെ ചോദ്യത്തിന്റെ ഉദ്ദേശം എനിക്ക് വ്യക്തമായതത്.

അടുത്ത അഭിമുഖങ്ങളെല്ലാം മസ്ക്കറ്റ് ഹോട്ടലിലാണ്. ആദ്യത്തെ ടിവി അഭിമുഖ സംഭാ ഷണത്തിന് എത്തിയത്, കർദ്ദിനാൾ ക്ലിമ്മിസ് ബാവയാണ്. വന്നയു ടെനെ ക്രിസോസ്റ്റം തിരുമേനി ബാവയെ അടുത്തിരുത്തി എന്നോട് പറഞ്ഞു.

ക്ലിമ്മിസ് തിരുമേനി കത്തോലിക്ക നാണെങ്കിലും നല്ല മനുഷ്യനാ .

ചിരിയുടെ പടക്കം.

ക്ലിമ്മിസ് ബാവ റോമിൽ പോയിട്ട് വന്നപ്പോൾ ക്രിസോസ്റ്റം തിരുമേനിക്ക് മനോഹരമായ കുരി ശുമായാണ് വന്നത്. സാറെ ഞാൻ പറഞ്ഞില്ലേ, ക്ലിമ്മിസ് തിരു മേനി നല്ല മനുഷ്യനാണെന്ന്. റോമിൽ ചെന്നപ്പോഴും എന്നെ ഓർത്തു . അത് തിരുമേനിക്ക് സമ്മാനമായി നൽകി. ക്ലിമ്മിസ് ബാവായും ക്രിസോസ്റ്റം തിരുമേനിയും തമ്മിൽ അടുത്ത സുഹൃത്തുക്കൾ ആണ്. രണ്ടു പേരും തമ്മിൽ പല രഹസ്യങ്ങളും പങ്കിടാറുണ്ടെന്നാണ് ക്രിസോസ്റ്റം തിരുമേനി പറയുന്നത്. അപ്പോൾ ഞാന് ക്ലിമ്മിസ് തിരുമേനിയോട് ചോദിച്ചു.

നിങ്ങൾ തമ്മിൽ പല രഹസ്യങ്ങളും പങ്കിടറാണ്ടെന്നാണ് കേൾക്കുന്നത്. പ്രേക്ഷകർക്കായി അതൊന്ന് വിശദീകരിക്കാമോ

ആ പണി കയ്യിലിരിക്കട്ടെ. തിരുമേനി, നമ്മളെ തമ്മിൽ തെറ്റിക്കാനുള്ള പരിപാടിയാണിത് .

സാറെ ഈ മലങ്കര കത്തോലിക്കരെ എല്ലാ സഭക്കാർക്കും പേടിയാ. അടുത്താൽ ഇവർ ആളിനെ അടിച്ചു മാറ്റിക്കളയുമെന്നാ ആരോപണം. ഞാൻ തിരുവല്ലായിലായിരുന്നപ്പോൾ എന്നെ കാണുവാൻ പുലാത്തിനിൽ ധാരാളം പിള്ളാർ വരും. അവർ ക്ലിമ്മിസ് പിതാവിന്റെ അരമനയിലും പോകും. ഞാനിടയ്ക്ക് എണ്ണി നോക്കും. ഒറ്റ പിള്ളാരെ പോലും മാർത്തോമ്മ സഭയിൽ നിന്ന് പിതാവ് കൊണ്ടു പോയിട്ടില്ല .

കർദ്ദിനാൾ ടിവി ടീമിനെയെല്ലാം പരിചയപ്പെട്ടിട്ടാണ് പോയത്.

അടുത്തത് പ്രതിപക്ഷനേതാവ് വിഎസ്സ് ആച്യുതാനാന്ദനാണ്. മാരാമണ്ണിൽ പോകുന്നതിന് മുമ്പേ രണ്ട് പൊന്നാട കരുതിയിരുന്നു. ഒന്ന് വിഎസ്സിന്റെ തൊണ്ണൂറാമത് ജന്മദിനത്തിനും ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിക്കും. വിഎസ്സ് വന്നപ്പോൾ തിരുമേനി എഴുന്നേറ്റ് പൊന്നാടയണിയിച്ച് ജന്മദിനാശംസകൾ നേർന്നു. വിഎസ്സിനെക്കുറിച്ച് തിരുമേനി പറഞ്ഞു. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ആരുടെയും മുഖത്ത് നോക്കാതെ പറയുന്ന വ്യക്തിയാണ് വിഎസ്സ്. തിരിച്ച് വിഎസ്സിന്റെ കമന്റ്- തിരുമേനിയെപ്പോലുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള നേതാക്കൾ ക്രൈസ്തവസഭയിണ്ടാകണം .

അഭിമുഖം കഴിഞ്ഞു വിഎസ്സ് പോയി. തുടർന്ന് കെഎം മാണിയുടെ സന്ദർശനമായിരുന്നു. തൊണ്ട വയ്യാത്തതിനാൽ അഭിമുഖം പിന്നീടാകാമെന്ന് പറയുവാനാണ് കെഎം മാണി വന്നത്. കൂടെ ജോസ് കെ മാണിയും മറ്റുള്ളവരും. കുറച്ചു കഴിഞ്ഞപ്പോൾ എന്നാൽ പതിനഞ്ചു മിനിട്ട് അഭിമുഖം ആകാമെന്നായി. പത്ത് മിനിട്ട് ഒരുങ്ങാനായി പ്രത്യേക മുറിയിലേക്ക്. ടിവി അഭിമുഖത്തിന് തയ്യാറായി. തിരുമേനി പറഞ്ഞു.

മനസ്സിൽ എന്തെങ്കിലും കാര്യം തീരുമാനിച്ചാൽ അത് നൂറു ശതമാനം നടപ്പിലാക്കുന്നയാളാ മാണി സാർ .

മാണി സർ അത് ശരിയാണെന്ന് സമ്മതിച്ചു.

തിരുമേനി ധനകാര്യ മന്ത്രിയോട് പറഞ്ഞു. സാറേ സാറിന്റെ അടുത്ത ബഡ്ജറ്റ് 13-ാമത്തേതാ. കേരളത്തിൽ കിടപ്പാടമില്ലാത്ത ഒരു മനുഷ്യനും ഉണ്ടാകരുതെന്നെനിക്കാഗ്രഹമുണ്ട്. സാറിന്റെ അടുത്ത ബഡ്ജറ്റ് കേരളത്തിൽ അത്ഭുതം സൃഷ്ടിക്കണം. ആ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കേൾക്കണമെന്നെനിക്കാഗ്രഹമുണ്ട്. പക്ഷേ അതിന് സാധിക്കുമോയെന്ന് എനിക്ക് സംശയമുണ്ട്.

പതിനഞ്ചു മിനിട്ട് പറഞ്ഞു കയറിയിരുന്ന മാണി സാർ മുപ്പത് മിനിട്ട് കഴിഞ്ഞതറിഞ്ഞില്ല. പതിനഞ്ചു മിനിട്ട് പോരായെന്ന് പറയുവാൻ നേരത്തെ തുടങ്ങിയപ്പോൾ അടുത്തിരുന്ന നേതാവ് എന്നോട് പറഞ്ഞു. അങ്ങനെയൊക്കെ പറഞ്ഞാൽ അഭിമുഖം നടക്കത്തില്ല. തുടങ്ങിക്കഴിഞ്ഞാൽ പിന്നെ സമയത്തിന്റെ കാര്യമങ്ങു മറക്കും.

മാണി സർ ആയുർ ആരോഗ്യം നേർന്നിട്ട് പോയി. ഇനിയും ഉമ്മൻ ചാണ്ടിയുടെ അഭിമുഖമാണ്. സമയം 8.30. രണ്ടു ദിവസം മുമ്പ് മുഖ്യമന്ത്രിയുടെ സൗകര്യപ്രകാരം സമ്മതിച്ച സമയമാണ് 8.30. ഞങ്ങൾ 9മണി വരെ കാത്തിരുന്നു. ഇടയ്ക്ക് മുഖ്യമന്ത്രിയുടെ സെക്രട്ടറിയെ വിളിച്ചപ്പോൾ ഈ പരിപാടി ഡയറിയിലില്ലായെന്ന് പറഞ്ഞു. ഞങ്ങൾ 9മണിയ്ക്ക് മാരാമണ്ണിലേക്ക് യാത്രയായി.

ഉമ്മൻ ചാണ്ടി താല്പര്യം പ്രകടിപ്പിക്കുകയും അദ്ദേഹത്തിന്റെ സൗകര്യം

*ശേഷം 13-ാം പേജിൽ*



# സർദാർ വല്ലഭഭായി പട്ടേൽ

(ഭാരതത്തിന് വിസ്മരിക്കാനാവാത്ത അതുല്ല്യനായ ഭാരത ശില്പി)

**ജസ്റ്റിസ് കെ.റ്റി. തോമസ്**

**ഈ** അടുത്ത കാലത്ത് സർദാർ പട്ടേൽ ഒരു രാഷ്ട്രീയ വിവാദത്തിലേക്ക് കടത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു പടുകൂറ്റൻ പ്രതിമ (182 മീറ്റർ ഉയരമുള്ളത്) തന്റെ ജന്മദേശമായ ഗുജറാത്തിൽ പണി കഴിപ്പിക്കുന്നതിനായി ബി.ജെ.പി.യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്രമോഡി തയ്യാറെടുക്കുന്നു. അതിന് Statue of Unity എന്ന പേരു നൽകാനാണ് നിർദ്ദേശം. വാർത്ത വന്നതോടുകൂടി വല്ലഭഭായി പട്ടേൽ തന്നെ രണ്ടു രാഷ്ട്രീയകക്ഷികളുടെ അവകാശ വിവാദ വിനിമയത്തിലേക്ക് കടന്നുചെന്നിരിക്കുന്നു. അത്രയം ഉയരമുള്ള പ്രതിമ ഇതുവരെ ലോകത്തിൽ ആർക്കുവേണ്ടിയും നിർമ്മിക്കപ്പെട്ടിട്ടില്ലത്രെ. എങ്കിലും ഈ വിവാദം മൂലം സർദാർ പട്ടേൽ എന്ന അത്യുന്നതനായ വ്യക്തിയുടെ മഹത്വത്തിന് യാതൊരു ന്യൂനതയും വരുത്താതെ പരിരക്ഷിക്കാനുള്ള കടമ ഏതൊരു ഇൻഡ്യാക്കാരനുമുണ്ട്. ഗാന്ധിജിക്ക് "മഹാത്മ" എന്ന ഉപസർഗ്ഗപദം നൽകിയത് ആചാര്യനും മഹാകവിയുമായ രവീന്ദ്രനാഥ ടാഗോറാണ്. എന്നാൽ വല്ലഭായി പട്ടേലിന് സർദാർ എന്ന ഉപസർഗ്ഗപദം ഒരു ബഹുമതിയായി നൽകിയത് മഹാത്മ ഗാന്ധി തന്നെയായിരുന്നു. സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരുന്ന നാളുകളിൽ ഗുജറാത്തിൽ ഉണ്ടായ "ബർദോളി" സത്യാഗ്രഹത്തിന്റെ നടുനായകത്വം വഹിക്കാൻ മഹാത്മാഗാന്ധി തെരഞ്ഞെടുത്തത് വല്ലഭായി പട്ടേൽ എന്ന ചെറുപ്പക്കാരനായ അഭിഭാഷകനെ ആയിരുന്നു. ആ സത്യാഗ്രഹസമരത്തിന്റെ ഉജ്ജ്വലമായ വിജയം ദർശിച്ച മഹാത്മ ഗാന്ധിക്ക് പട്ടേലിനോടുള്ള അഭിനന്ദനം രേഖപ്പെടുത്തുന്നതിനാണ് "സർദാർ" എന്ന പദം കൂടി അദ്ദേഹത്തിന്റെ പേരിനൊപ്പം ഉപസർഗ്ഗമായി ചേർത്തത്. പിന്നീട് അദ്ദേഹം എല്ലാ കാലത്തും അറിയപ്പെട്ടിരുന്ന് സർദാർ വല്ലഭഭായി പട്ടേൽ എന്ന നാമത്തിലാണ്.

സർദാർ പട്ടേൽ എന്നൊരാൾ ഇൻഡ്യയുടെ സ്വാതന്ത്ര സമ്പാദ



**അദ്ദേഹത്തിന്റെ പ്രതിമക്ക് എത്ര ഉയരം ഉണ്ടായിരുന്നാലും അത് സർദാർ പട്ടേലിന്റെ ഔന്നത്യത്തെ കടത്തിവെക്കാൻ സാധിക്കുന്നതല്ല.**

നത്തിനുശേഷം ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നു നാം കാണുന്ന ഇൻഡ്യയുടെ സ്ഥിതി എന്താകുമായിരുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. 1947 ആഗസ്റ്റ് 15 ന് ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിച്ചു എന്നു പറയുമ്പോൾ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിന്റെ കീഴിൽ ഇരുന്ന ഏതാനും ഭൂപ്രദേശങ്ങൾ മാത്രമേ അന്നു സ്വാതന്ത്ര്യത്തിന്റെ ഗുണഭോക്തൃ മേഖലയിലേക്കു കടന്നു വന്നിരുന്നുള്ളൂ. വിസ്തൃതമായ മറ്റു ഭൂപ്രദേശങ്ങളേയും അവിടങ്ങളിലെ ജനങ്ങളേയും അടക്കി ഭരിച്ചുകൊണ്ടിരുന്ന മഹാരാജാക്കന്മാർ ഇൻഡ്യയിൽ 565 പേർ ഉണ്ടായിരുന്നു. അവരുടെ രാജ്യങ്ങളെല്ലാം ഇന്നത്തെ ഇൻഡ്യൻ റിപ്പബ്ലിക്കന്റെ അതിർത്തിക്കുള്ളിലായിരുന്നു. അവർക്ക് മൂന്നു ഉപാധികൾ നൽകിക്കൊണ്ടാണ് ബ്രിട്ടീഷ് ഗവൺമെന്റ് ഇൻഡ്യയിൽ നിന്നും വിട്ടുമാറിയത്. ഒന്നുകിൽ അവർക്ക് ഇൻഡ്യൻ യൂണിയനോടു ചേരാം. അല്ലെങ്കിൽ അവർക്ക് പുതുതായി രൂപംകൊണ്ട പാക്കിസ്ഥാൻ എന്ന രാഷ്ട്രത്തോടു ചേരാം. അതു രണ്ടുമല്ലെങ്കിൽ അവർക്ക് സ്വതന്ത്ര രാഷ്ട്രങ്ങളായി മാറാം. നാം ഇന്ന് ആഘോഷിക്കുന്ന സ്വാതന്ത്ര്യ ദിനം നിലിവിൽ വന്നു കഴിഞ്ഞ് ഏതാനും രാജാക്കന്മാർ അവരുടെ രാജ്യങ്ങളെ ഇൻഡ്യയിൽ ലയിപ്പിക്കാൻ തയ്യാറായി. എന്നാൽ ചില രാജ്യങ്ങൾ പാക്കിസ്ഥാനോടു ചേരുവാനും ബാക്കി രാജ്യങ്ങൾ സ്വതന്ത്രരാഷ്ട്രങ്ങളായി മാറാനും തീരുമാനമെടുത്ത പശ്ചാത്തലത്തിലാണ് സർദാർ പട്ടേലിന്റെ ധീഷണാസാമർത്ഥ്യം പ്രകടമാകാൻ തുടങ്ങിയത്. സ്വതന്ത്രരാഷ്ട്രമായി തീരാൻ തീരുമാനമെടുത്ത രാജ്യങ്ങളിൽ ഒന്ന് ഞാൻ അധിവസിച്ചിരുന്ന തിരുവിതാംകൂർ രാജ്യമായിരുന്നു. സർദാർ പട്ടേൽ ഓരോ രാജാക്കന്മാരേയും നേരിട്ടും തന്റെ വിശ്വസ്ത സന്ദേശവാഹകൻ ആയിരുന്ന വി.പി. മേനോൻ എന്ന സമർത്ഥനായ ഉദ്യോഗസ്ഥൻ മുഖാന്തിരവും സമീപിച്ചു. തിരുവിതാംകൂർ മഹാരാജാവിന്റെ പ്രതിനിധിയായി അന്നത്തെ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരും അദ്ദേഹത്തിന്റെ അഡ്വക്കേറ്റ് ജനറലും സർദാർ പട്ടേലുമായി നടത്തിയ സംഭാഷണം ഒരു ചരിത്രരേഖയായി കേരളത്തിലെ ജനങ്ങളെ

ങ്കിലും കരുതേണ്ടതാണ്. സർദാർ പട്ടേലിന്റെ മേധാശക്തിയുടെയും കരുത്തുറ്റ വ്യക്തിപ്രഭാവത്തിന്റെയും മുമ്പിൽ സർ.സി.പിക്ക് മുട്ടുമടക്കേണ്ടിവന്നു. അന്ന് വേറൊരു രാജ്യമായിരുന്ന കൊച്ചി സംസ്ഥാനത്തിന്റെ മഹാരാജാവ് ഇൻഡ്യൻ യൂണിയനിൽ ചേരുന്നതിന് ഒരു തടസ്സവും പറഞ്ഞില്ല. അങ്ങനെ ഒന്നൊന്നായി 565 രാജ്യങ്ങളേയും ഇൻഡ്യൻ യൂണിയനിലേക്ക് ലയിപ്പിക്കാൻ സർദാർ പട്ടേൽ സ്വീകരിച്ച ആർജ്ജവവും മേധാശക്തിയും ചേർന്ന നടപടികൾ ലോകചരിത്രത്തിൽ തന്നെ സ്ഥാനം കൈവരിക്കേണ്ട ഭഗീരഥയത്നങ്ങളാണ്, അതിനുവേണ്ടി അദ്ദേഹം അവലംബിച്ച രാജ്യതന്ത്രജ്ഞത വിവരിക്കുന്ന മൂന്ന് പ്രധാന ഗ്രന്ഥങ്ങളുണ്ട്. ഒന്ന് വി. പി. മേനോൻ രചിച്ച "Integration of the Indian States" രണ്ടാമത്തേത്, ഡൊമനിക്ക് ലേപിയർ - ലാറി കോളിൻസ് എന്നിവർ ചേർന്ന് രചിച്ച "Freedom at Midnight" മൂന്നാമത്തേത് ബൽരാജ് കൃഷ്ണ രചിച്ച "സർദാർ വല്ലഭായി പട്ടേൽ ഇൻഡ്യയുടെ ഉരുക്കു മനുഷ്യൻ" എന്നിവയാണ്. ആ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതു സർദാർ പട്ടേൽ ഓരോ മഹാരാജാക്കന്മാരെയും നേരിടുന്നതിന് അവലംബിച്ച വിവിധ രീതികളുടെ വിവരണങ്ങളാണ്. എന്റെ സുചിന്തിതമായ അഭിപ്രായത്തിൽ ലോകചരിത്രത്തിൽ ഇത്രയും മഹനീയമായ രാജ്യതന്ത്രജ്ഞ പരമ്പര സൃഷ്ടിക്കാൻ മറ്റാർക്കും സാധിച്ചിട്ടില്ല. ഫ്രാൻസിലെ ഒരു രാജാവിനെയും കുടുംബത്തെയും നിഷ്ക്കാസിതരാക്കുന്നതിന് പാരീസ് നഗരത്തിന്റെ വീഥികളിൽ മാസങ്ങളോളം രക്തപ്പുഴ ഒഴുക്കിയ ചരിത്രത്തിലെ വേദനിപ്പിക്കുന്ന സംഭവപരമ്പരകൾ ഫ്രഞ്ച് വിപ്ലവം എന്ന പേരിലറിയപ്പെടുന്നു. റഷ്യയിൽ സർവ്വാധിപതിയായിരുന്ന ഒരു ചക്രവർത്തിയെയും കുടുംബത്തേയും നിഷ്ക്കാസിതരാക്കുന്നതിന് നടത്തപ്പെട്ട ഒക്ടോബർ വിപ്ലവത്തിൽ കൊല്ലപ്പെട്ടത് അനേകായിരങ്ങളാണ്. എന്നാൽ ഇവിടെ ഇൻഡ്യയിൽ 565 മഹാരാജാക്കന്മാരെ, (അവരിൽ പലരും കരുത്തന്മാരും നല്ല സൈനികശക്തി സമ്പാദിച്ചിരുന്നവരും ആയിരുന്നു.) അവരുടെ സിംഹാസനങ്ങളിൽ നിന്നും താഴെയിറക്കുന്നതിലേക്ക് ഒരു തുള്ളി രക്തം പോലും ചൊരിക്കാതെ അതു സാധിച്ചെടുത്ത വിസ്മയനീയമായ ധിഷണാവൈഭവത്തിന്റെ ഉടമയായിരുന്നു സർദാർ വല്ലഭായി പട്ടേൽ. ചെറുപ്പത്തിൽ തന്നെ വിഭാര്യനായിത്തീർന്ന പട്ടേൽ തന്റെ മക്കളെ ആരെയും രാഷ്ട്രീയ അധികാരത്തിൽ കടന്നു വരുവാൻ അനുവദിച്ചില്ല. വളരെ ലളിതമായി ജീവിതം നയിച്ച അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ കീറിയവ തയ്ച്ചു കൊടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അദ്ദേഹത്തിന്റെ പെൺമക്കൾ അച്ഛനെ സഹായിച്ചു ജീവിച്ചിരുന്നു.

ഇൻഡ്യയുടെ ക്ഷീര വിപ്ലവത്തിന് കാരണമായിത്തീർന്ന ഗുജറാത്തിലെ അമൂൽ എന്ന സ്ഥാപനം സർദാർ പട്ടേലിന്റെ ഭാവനയിൽ ഉടലെടുത്ത ഒരു സഹകരണ സംഘത്തിന്റെ അത്യുന്നതമായ വളർച്ചയായിരുന്നു. പിൽക്കാലത്ത് അതിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്ന വർഗ്ഗീസ് കുര്യൻ എന്നോട് സർദാർ പട്ടേലിന്റെ ഭരണ പാടവത്തെപ്പറ്റി വിവരിച്ചപ്പോൾ വർഗ്ഗീസ് കുര്യന് അനവധി നാവുകൾ ഉണ്ടായിരുന്നു. മഹാത്മജിയുടെ ഏറ്റവും അടുത്ത ശിഷ്യനായിരുന്നു സർദാർ വല്ലഭായി പട്ടേൽ. കോൺഗ്രസ് പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി ഇൻഡ്യയുടെ ആദ്യ പ്രധാനമന്ത്രിയായി സർദാർ പട്ടേലിനെ തെരഞ്ഞെടുത്തപ്പോൾ അദ്ദേഹത്തോട് മഹാത്മജി ഉപദേശിച്ചത് പ്രധാനമന്ത്രിയായി ഇരിക്കേണ്ടത് ഇൻഡ്യൻ ജനതയുടെ പ്രിയങ്കരനായ ജവഹർലാൽ നെഹ്റു ആണെന്നും, സർദാർ പട്ടേൽ നെഹ്റുവിന്റെ കീഴിൽ ഡെപ്യൂട്ടി പ്രധാനമന്ത്രി ആയിരിക്കേണമെന്നുമത്രെ. അതായിരുന്ന സർദാർ പട്ടേലിന്റെ മഹത്വം ദർശിച്ച ഒരു സന്ദർഭം. തന്റെ ഗുരുശ്രേഷ്ഠനായ മഹാത്മജിയുടെ ഉപദേശം പട്ടേൽ സർവ്വാത്മനാ സ്വീകരിച്ചു. അദ്ദേഹം പ്രായം കൊണ്ട് നെഹ്റുവിനെക്കാൾ മുതിർന്നവനായിട്ടും നെഹ്റുവിന്റെ കീഴിൽ ഡെപ്യൂട്ടി പ്രധാനമന്ത്രി ആയി തന്റെ മരണംവരെ തുടരുകയുണ്ടായി.

അദ്ദേഹത്തിന്റെ പ്രതിമക്ക് എത്ര ഉയരം ഉണ്ടായിരുന്നാലും അത് സർദാർ പട്ടേലിന്റെ ഔന്നത്യത്തെ കടത്തിവെക്കാൻ സാധിക്കുന്നതല്ല.

## കർഷകരുടെ ഉൽകണ്ഠകൾ അകറ്റി പശ്ചിമഘട്ടം പരിരക്ഷിക്കണം



**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത,**
**പ്രസിഡന്റ് , കേരള കൗൺസിൽ ഓഫ് ചർച്ചസ്.**

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടിയിട്ടുള്ളതാണ് പശ്ചിമഘട്ടം. അവിടെ ഇന്നു കാണുന്ന മണ്ണും സസ്യജന്തുജാലങ്ങളുമുള്ള ആവാസ വ്യവസ്ഥ സഹസ്രാബ്ദങ്ങൾകൊണ്ടുള്ള പ്രകൃതി പരിണാമത്തിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. 44 നദികളുടെയും നിരവധി ജലസ്രോതസ്സുകളുടെയും ഉറവിടമാണ് അവിടം. തീർത്തും അസാധാരണവും അപൂർവ്വവുമായ ജൈവ വൈവിധ്യങ്ങളുടെ ഈറ്റില്ലവുമാണ് ഈ പർവതനിരകൾ. കേരളത്തെ സവിശേഷവും അനുഗ്രഹീതവുമായ ഹരിതഭൂമിയാക്കുന്ന മഴയും പുഴയും നിലങ്ങളും നീർത്തടങ്ങളും നിലനിർത്താൻ ഈ മലനിരകൾ ഉണ്ടായേ തീരൂ. ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശാക്തീകരിച്ചും അവരുടെ അംഗീകാരത്തോടും പശ്ചിമഘട്ടം പരിരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിൽ വരുത്തണമെന്ന് മാധവ ഗാഡ്ഗിൽ റിപ്പോർട്ട് ഊന്നിപ്പറയുന്നു. അപാകതകൾ പരിഹരിച്ചും ഗ്രാമീണ ജനതയുടെയും കർഷകരുടെയും ഉൽകണ്ഠകൾ അകറ്റിയും പശ്ചിമഘട്ടം പരിരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിൽ വരുത്തേണ്ടതാകുന്നു.



# ഗബ്രിയേലച്ചന് വിനീത പ്രണാമം.

■ ഡി. ബാബു പോൾ

ഗബ്രിയേലച്ചന് നൂറു വയസ്സു തികയുന്നു. ഏകദേശം അറുപതു വർഷം മുമ്പാണ് സചിത സംഭവം. ഗബ്രിയേൽ എന്ന കർമ്മലിത്താ സന്യാസി തേവര സേക്രഡ് ഹാർട്ട് കോളേജിലെ ജന്തുശ്സാത്ര വിഭാഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു അന്ന്. ഫ്രാൻസിസ് മാർപാപ്പ അദ്ധ്യാപകനായിരുന്ന കാലത്തെക്കുറിച്ച് ഇന്ന് നാം അറിയുന്നതുപോലെയുള്ള സമ്പ്രദായങ്ങളാണ് ഗബ്രിയേലച്ചനും പാലിച്ചുവന്നത്. വിദ്യാർത്ഥികൾക്കിടയിൽ കുറെക്കൂടെ പ്രായവും അറിവും ഉള്ള ഒരു സൂപ്പർ വിദ്യാർത്ഥി. വിദ്യാർത്ഥികൾക്ക് ജ്യേഷ്ഠനും വഴികാട്ടിയും പഠനത്തിൽ പാതി പ്രകൃതി നിരീക്ഷണത്തിന് മാറ്റി വച്ച ഗുരു. വിദ്യാർത്ഥികളുമായി കറങ്ങി നടക്കും വാരാന്ത്യങ്ങളിൽ. ആ പഥസഞ്ചലനത്തിനിടയിൽ കാണുന്ന പാമ്പിനെയും പട്ടിയെയും കുറിച്ച് നടക്കുന്നതിനിടെ തന്നെ പഠിപ്പിച്ചുകൊണ്ടിരിക്കും. രണ്ടായിരം വർഷം മുമ്പ് ക്രിസ്തു തന്റെ ശിഷ്യന്മാരെ ഓരോന്ന് പഠിപ്പിച്ചതിന്റെ ഒരു 'തേവര പതിപ്പ്'.



**ആ പഥസഞ്ചലനത്തിനിടയിൽ കാണുന്ന പാമ്പിനെയും പട്ടിയെയും കുറിച്ച് നടക്കുന്നതിനിടെ തന്നെ പഠിപ്പിച്ചുകൊണ്ടിരിക്കും. രണ്ടായിരം വർഷം മുമ്പ് ക്രിസ്തു തന്റെ ശിഷ്യന്മാരെ ഓരോന്ന് പഠിപ്പിച്ചതിന്റെ ഒരു 'തേവര പതിപ്പ്'.**

അങ്ങനെ ഒരുനാൾ വില്ലിങ്ടൺ ഐലൻഡിലേക്ക് നടന്നു ഗുരുവും ശിഷ്യന്മാരും. ആ രാത്രിയിൽ ഒരു പലകക്കഷണം കിട്ടി. പുറത്ത് പൂപ്പൽ. പൂപ്പലിനിടയിൽ ഒരു ദ്വാരം. ഗബ്രിയേലിലെ ശാസ്ത്രജ്ഞൻ ഉത്സാഹഭരിതനായി. ദ്വാരം വഴി പരതിയപ്പോൾ മരപ്പലകക്കുള്ളിൽ പുഴുക്കൾ.

കൊച്ചി തുറമുഖത്ത് ചരക്ക് ഇറക്കിയശേഷം പമ്പകടന്ന ഏതോ കപ്പലിൽനിന്ന് അടർന്ന് വീണ് കരയ്ക്കടിഞ്ഞതാണ് തടിക്കഷണം എന്ന് ഊഹിച്ചു. അന്നത്തെ യാത്ര അതോടെ തീർന്നു. ഇത്തരം പുഴുക്കളെ താൻ മുമ്പു കണ്ടിട്ടില്ല. ഇനി അതറിഞ്ഞിട്ട് കാര്യം. രാത്രികൾ പകലുകളായി. പാതിരകളിൽ എണ്ണ എരിഞ്ഞു തീർന്നു. ഭൂതക്കണ്ണാടിയും പുസ്തകങ്ങളും സഹായിച്ചില്ല. ഇത്തരം പുഴുക്കളെക്കുറിച്ച് ആരും പ്രതിപാദിച്ചിട്ടില്ല.

മദിരാശിയിൽ ഗവേഷണം നടത്തിയിരുന്ന പഴയ സഹപാഠി ബാലകൃഷ്ണൻ നായരെ അച്ചന് ഓർമ്മ വന്നു. ബാലകൃഷ്ണൻ നായരുമായി പ്രശ്നം പങ്കുവെച്ചു. തടിക്കഷണത്തിന്റെയും തുരപ്പൻ പുഴുവിന്റെയും ഒരു ഭാഗം മദിരാശിയിൽ എത്തിച്ചു.

അതുവരെ ശാസ്ത്രലോകത്തിന്റെ പടിയോലകളിൽ തെളിയാതിരുന്ന ഒരു ജീവിയാണ് ഗബ്രിയേലച്ചന്റെ ദൃഷ്ടിയിൽ പെട്ടത് എന്ന് മദ്രാസ് സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ കണ്ടെത്തി. ബാങ്കിയ എന്ന ഇനത്തിൽ പെട്ടത്. കടലിലെ ഉപ്പുരസത്തിൽ തിമിർക്കുന്നത്. കപ്പലുണ്ടായ കാലം മുതൽ കപ്പലിന്റെ തടി തുരന്ന് പുരയും ഊട്ടുപുരയും തീർക്കുന്നത്. ശാസ്ത്രലോകം പുതിയ പുഴുവിന് പേരിട്ടു. ബാങ്കിയ ഗബ്രിയേലി.

അങ്ങനെയാണ് മാലാഖയുടെ പേര് കൃമിയുടെ പേരിൽ എത്തിച്ചേർന്നത്.

അക്കാലത്ത് തേവര കോളേജ് ഉഴപ്പന്മാരുടെ ഉത്സവപ്പറമ്പായിരുന്നു. ആലുവ യു.സി. കോളേജിലെ അച്ചടക്കമോ എറണാകുളം മഹാരാജാസിലെ ആഢ്യപ്രഭുത്തമോ ഒന്നും അല്ല തേവര കോളജിനെ അടയാളപ്പെടുത്തിയത്. അന്നും അവിടുത്തെ സുവോളജി ഡിപ്പാർട്ട്മെന്റ് ചരിത്രം കുറിച്ചു. ഇന്റർമീഡിയറ്റിന് ബയോളജി അടങ്ങിയ സെക്കന്റ് ഗ്രൂപ്പ് എടുക്കുന്ന എമ്പത് പേരിൽ ഏതാണ്ട് എല്ലാവർക്കും സർക്കാർ മെഡിക്കൽ കോളജുകളിൽ പ്രവേശം. ഒരു വർഷം 79 പേർക്കും കിട്ടി! ഗബ്രിയേലച്ചൻ തന്റെ വിഷയം പഠിപ്പിക്കുക മാത്രമല്ല ചെയ്തത്. ആ വിഷയത്തിൽ പ്രാഗല്ഭ്യം ഉള്ളവർ ക്ലേശകരമായി കണ്ട മറ്റ് വിഷയങ്ങളിൽ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി അവർക്ക് ട്യൂഷൻ ഏർപ്പാട് ചെയ്തു. തേവര കോളജിൽ സെക്കന്റ് ഗ്രൂപ്പ് കിട്ടിയാൽ ഏത് ഉഴപ്പനെയും ഗബ്രിയേലച്ചൻ നേരെയാക്കും എന്ന ഖ്യാതി മധ്യ കേരളത്തിൽ പരന്നു.

തൃശൂരിനടുത്ത് മണലൂർ ആണ് ഗബ്രിയേലച്ചന്റെ നാട്. ഗബ്രിയേൽ എന്ന പേര് സന്യാസം സ്വീകരിച്ചപ്പോൾ കൂടെ കിട്ടിയതാണ്. പൂർവാശ്രമത്തിൽ ആന്റണി ആയിരുന്നുവെന്ന് നാം വായിക്കുന്നു.

തേവരയിലെ പ്രശസ്തി നാൽപതാം വയസ്സിൽ ജന്മദേശത്തിനടുത്ത് ഇരിങ്ങാലക്കുടയിൽ പുതുതായി തുടങ്ങിയ കോളജിലെ പ്രിൻസിപ്പലാക്കി. വസൂരിപ്പുരകളും ജാതിതിരിച്ചുള്ള ചുടലപ്പറമ്പുകളും ആക്രമിക്കുന്ന ചെന്നായകളും ഓരിയിടുന്ന കുറുക്കന്മാരും നിർവചിച്ച മങ്ങാടിക്കുന്നിൽ നാട്ടുകാർ വാങ്ങിക്കൊടുത്ത പത്തമ്പത് ഏക്കർ സ്ഥലം ഇന്ന് ക്രൈസ്റ്റ്

കോളജിന്റെ പേരിൽ അറിയപ്പെടുന്നു.

ക്രൈസ്റ്റ് കോളജ് മാത്രം അല്ല. തൃശൂരിലെ അമല കാൻസർ സെന്ററും അത് വളർന്ന് രൂപപ്പെട്ട അമല മെഡിക്കൽ കോളജും ഉൾപ്പെടെ ഈ പരിവ്രാജകൻ സാക്ഷാത്കരിച്ച പ്രസ്ഥാനങ്ങളും രൂപകൽപന ചെയ്ത കാമ്പസുകളും പണിതുയർത്തിയ കെട്ടിടങ്ങളും ഏറെയാണ്. എന്നാൽ അതിനെക്കാൾ പ്രധാനം ഒരു അധ്യാപകൻ എന്ന നിലയിലും ഒരു മനുഷ്യൻ എന്ന നിലയിലും നാം തിരിച്ചറിയുന്ന ഗബ്രിയേലച്ചനാണ്. അധ്യാപകന്റെ ഒരു ഭാവം നേരത്തെ പറഞ്ഞു. ഒപ്പം ചേർത്തു പറയേണ്ട ഒരു സംഗതി നേരത്തെ മറന്നുപോയത് കുറിക്കട്ടെ. തിമിംഗലം എന്നാൽ എന്ത് എന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാനായി തേവര കോളജിൽ കുഴിതോണ്ടി കുളം കുത്തി തിമിംഗലത്തെ വളർത്താനാവുകയില്ല എന്ന് തിരിച്ചറിഞ്ഞ ഈ ഗുരു കേന്ദ്രത്തിലെ ഫിഷറീസ് വകുപ്പ് വഴി ഒരു തിമിംഗലത്തിന്റെ അസ്ഥിപഞ്ജരം സമ്പാദിച്ച് റെയിൽവേ ബോർഡിന്റെ സഹായത്തോടെ പ്രത്യേക പ്ലാറ്റ് ഫോം ഉണ്ടാക്കി അമ്പതടി നീളമുള്ള ആ സാധനം എറണാകുളം റെയിൽവേ സ്റ്റേഷനിൽ ഇറക്കി തേവരയിലെത്തിച്ചു.

അത് ഗുരു, അതിലേറെയാണ് മാനുഷ ഭാവം. ഗബ്രിയേലച്ചന്റെ കാപ്പിപ്പൊടി നിറത്തിലുള്ള സന്യാസ വസ്ത്രത്തിനകത്ത് അതിനെക്കാളൊക്കെ വലിയ ഹൃദയം ഉണ്ടായിരുന്നു. തിരുവനന്തപുരത്തൊരു കേന്ദ്ര സാർക്കാർ സ്ഥാപനം ഉണ്ട്. അടിസ്ഥാനശാസ്ത്രങ്ങളിലും ഒരളവ് വരെ പ്രയുക്ത ശാസ്ത്രത്തിലും ഗവേഷണം നടക്കുന്ന അവിടെ ഒരു ഡയറക്ടർ (അതോ ഡിപ്പിടി ഇഞ്ചാർജോ) ആയി ഒരു തൃശൂർക്കാരൻ ഉണ്ടായിരുന്നു. പേര് രാഘവൻ (എന്നാണോർമ). അദ്ദേഹം ഉടുതുണിക്ക് മറു തുണി യില്ലാത്ത ദാരിദ്ര്യം അനുഭവിച്ചപ്പോൾ ഗബ്രിയേലച്ചന്റെ കണ്ണിൽപെട്ടതാണ്. അതുപോലെ അനേകർ. പഠിപ്പിൽ മിടുക്കുള്ളവർ മാത്രമല്ല കളിയിൽ മിടുക്കുള്ളവരെയും ഈ ഗുരു കണ്ടെത്തി പ്രോത്സാഹിപ്പിച്ചു.

ഗവേഷണം തപസ്യയാക്കിയ ശാസ്ത്രജ്ഞൻ, വിദ്യാഭ്യാസത്തിൽ ഗുരുവിന്റെ പങ്ക് തിരിച്ചറിഞ്ഞ് സുഹൃത്തും വഴികാട്ടിയും ജ്യേഷ്ഠസഹോദരനും ആയി അവരെ നേർവഴി നടത്തിയ അധ്യാപകൻ, സർവസംഗപരിത്യാഗിയായ ഒരു പരിവ്രാജകൻ.മാനവസേവയാണ് മാധവസേവ എന്ന് കണ്ടെത്തി ജീവിതംകൊണ്ട് അത് തെളിയിച്ച ഒരു ഈശ്വരവിശ്വാസി. ഗബ്രിയേലച്ചൻ ഇതൊക്കെയാണ്.ഇതിലേറെയുമാണ്.കേന്ദ്ര സർക്കാർ പത്മഭൂഷൺ ബഹുമതി നൽകി ഗബ്രിയേലച്ചനെ ആദരിച്ചു

സുകുമാർ അഴീക്കോടിനെ കാണാൻ പോയപ്പോൾ അതേ വളപ്പിൽ വിശ്രമജീവിതം നയിക്കുന്ന ഈ സ്ഥാപക പിതാവിനെയും കണ്ട് നമസ്കരിച്ചതൊഴിച്ചാൽ ഈ മഹാത്മാവിനെ അടുത്തറിയാൻ എനിക്ക് സന്ദർഭം ഉണ്ടായിട്ടില്ല. എങ്കിലും ഗബ്രിയേലിയിലും തിമിംഗലത്തിലും തുടങ്ങിയ വീരാരാധന ആ ജീവിതത്തെ അകലെനിന്ന് പഠിക്കാൻ പ്രേരണയായി. ആ ജീവിതം തന്നെ ഒരു സദ്പ്രേരണയാണ്. വിജ്ഞാന ദാഹികൾക്കും മനുഷ്യ സ്നേഹികൾക്കും. ഇതെഴുതുന്ന തീയതി 11.12.2013. നൂറ് വർഷം മുമ്പ് ഗബ്രിയേലച്ചൻ ജനിച്ച തീയതിയും അത് തന്നെ. 11.12.1913. നൂറ് തികക്കുന്ന ഈ ശതാവധാനിക്ക് അനന്തര തലമുറയുടെ വിനീത പ്രണാമം.

■

*9-ാം പേജിന്റെ തുടർച്ച....*

കൂടി കണക്കിലെടുത്ത് 8.30ന് തിരുവനന്തപുരത്ത് തങ്ങുകയും ചെയ്തിട്ട് മുഖ്യമന്ത്രി വരാഞ്ഞതിൽ തിരുമേനിക്ക് പ്രയാസമുണ്ടെന്ന് എനിക്ക് മനസ്സിലായി. സർ നമ്മളിവിടെ കാത്തിരുന്ന വിവരം മുഖ്യമന്ത്രിയെ അറിയിക്കണം .

അതിനടുത്ത ദിവസങ്ങളിൽ മുഖ്യമന്ത്രിയ്ക്ക് കല്ലേറ് ഏല്ക്കേണ്ടി വന്നതിനാൽ മുഖ്യമന്ത്രിയെ അറിയിക്കുന്നതിൽ പന്തികേടുണ്ടെന്ന് തോന്നിയതിനാൽ ഫോൺ വിളിച്ചില്ല. സുഖമായി വരുമ്പോൾ കാണട്ടെയെന്ന് കരുതി കല്ലേറുണ്ടായതിന്റെ പിറ്റേദിവസം ഒരു ഫാക്സ് മുഖ്യമന്ത്രിക്കയച്ചു. അന്നു രാത്രി പതിനൊന്ന് മണിയായപ്പോൾ ഒരു ഫോൺ– സി എം വിളിക്കുന്നു. ഉറക്കത്തിലായിരുന്നെങ്കിലും ഫോൺ എടുത്തു. മുഖ്യമന്ത്രിയുടെ വാക്കുകൾ– ഞാൻ നിങ്ങളെ കാത്ത് സെക്രട്ടറിയേറ്റിൽ ഒൻപത് മണിക്കിരിക്കുകയായിരുന്നു. കാണാഞ്ഞപ്പോൾ നിങ്ങൾ പരിപാടി ഡ്രോപ്പ് ചെയ്തതായിരിക്കുമെന്ന് കരുതി.

സാറിന്റെ സെക്രട്ടറി എന്നോട് അങ്ങനെയല്ലല്ലോ പറഞ്ഞത്

നിങ്ങളെന്നെ നേരിട്ടു വിളിക്കാഞ്ഞതെന്താ. സിഎം തന്ന പരിപാടിയാണെന്നല്ലെ പറയേണ്ടത്. ഞാനല്ലെ പരിപാടി തന്നത്. തിരുമേനിയെ ഇത് പറഞ്ഞു മനസ്സിലാക്കാണം. ഇനിയെന്നാ പരിപാടി ഞാൻ നേരിട്ട് മാരാമണ്ണ് വരാം .

ഞായറാഴ്ച വൈകിട്ട് 3 മണി .

നാളെ കാബിനറ്റ് കഴിഞ്ഞു ഞാൻ അങ്ങോട്ട് വിളിച്ച് പറയാം

അങ്ങനെ വാദി പ്രതിയായി. പിറ്റേദിവസം ഒരു മണി വരെ കാണാഞ്ഞപ്പോൾ ഞാൻ സി എം നെ നേരിട്ടു വിളിച്ചു. ഞാനിപ്പോൾ അങ്ങോട്ട് വിളിക്കുവാൻ തുടങ്ങുകയായിരുന്നു .

ഞായറാഴ്ച മുന്നു മണിയ്ക്ക്. 30മിനിട്ട് അഭിമുഖത്തിനും 15മിനിട്ട് സീരിയൽ ഉദ്ഘാടനത്തിനും. പത്ത് മിനിട്ട് താമസിച്ചാൽ അത്രയും കൂടി സമയം എടുക്കാം ..ഞാൻ സമ്മതിച്ചു.

യാത്ര തുടരും അടുത്ത ലക്കത്തിൽ

■



# കാക്ക കുളിച്ചാൽ......

■ ജോർജ് ബഹനാൻ *(Counsellor and Therapist)*

**കാ**ക്ക കുളിച്ചാൽ കൊക്കാകത്തില്ല പക്ഷെ ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ ഇമ്മിണി നല്ല കാക്കയാകും. അതു മാത്രമേ ആ കുളി കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ!! കൊക്കാകണം എന്നുള്ളത് എന്റെയും നിങ്ങളുടെയും അതിമോഹമാണ്. മയിൽപീലി ചിറകിൽ തിരികിവെച്ച് മൈലാകാൻ ശ്രമിച്ച കാക്കയെപ്പറ്റിയും നാം എഴുതിയിട്ടുണ്ട്. ഇതെല്ലാം സ്വന്തം പ്രതിച്ഛായ image വർദ്ധിപ്പിക്കാൻ നമ്മൾ നടത്തുന്ന വേലയിറക്കുകൾ തന്നെയല്ലെ?

നമ്മൾ എപ്പോഴും മറ്റുള്ളവരെ അനുകരിക്കുന്നത് എന്തിനാണ്. അതുപോലെയാകാൻ സ്വന്തം പ്രതിച്ഛായയിലുള്ള നമ്മുടെ ആത്മവിശ്വാസക്കുറവുകൊണ്ടാണ്.

റോമാ സാമ്രാജ്യത്തിലെ കരുത്തനായ ജൂലിയസ് സീസ്സർ തല അല്പം ചരിച്ച് വെച്ചാണ് എപ്പോഴും ഇരിക്കുന്നത്. അത് അദ്ദേഹത്തിന്റെ ഒരു ശാരീരിക ന്യൂനതയായിരുന്നു. അത് അദ്ദേഹത്തെ ബഹുമാനിക്കുന്ന അനേകം സെന്നറ്റർമാർക്ക് അറിയില്ല. അവരും തലചരിച്ച് പിടിക്കുന്നതായി ചരിത്രകാരൻമാർ എഴുതിയിട്ടുണ്ട്. എന്തിനാണ് സ്വന്തം പ്രതിച്ഛായ വർദ്ധിപ്പിക്കാൻ അന്ധമായ അനുകരണം. അനുകരണം കലയാണെന്ന് പറയുമ്പോൾ imitation in limitation ആണെന്ന് John Mason പറയുന്നു.



അൻപത് വയസ്സുകാരി ഹൃദയവേദനയെത്തുടർന്ന് ആശുപത്രിയിൽ എത്തി. ഓപ്പറേഷൻ ടേബിളിൽ കിടക്കുന്ന സ്ത്രീക്ക് പെട്ടെന്ന് ഹൃദയസ്തംഭനമുണ്ടായി മരണത്തിന്റെ വക്കോളമെത്തി. പെട്ടെന്നാണ് അടുത്ത് ദൈവം നിൽക്കുന്നതായി കണ്ടത്. ദൈവമെ ഞാൻ മരിക്കുമോ. "ഇല്ല നിങ്ങൾക്ക് നാൽപ്പത്തിമൂന്ന് വർഷവും , രണ്ടു മാസവും, എട്ട് ദിവസവുംകൂടി ജീവിക്കാൻ അനുവദിച്ചിരിക്കുന്നു." ദൈവം പറഞ്ഞു.

സുഖം പ്രാപിച്ചശേഷവും അവർ ആശുപത്രിയിൽത്തന്നെ കിടന്നു. മുഖം മിനുക്കാനും, വയർ കുറയ്ക്കാനുമുള്ള ശസ്ത്രക്രിയകൾ നടത്തി. അതുപോലെ തലമുടിയുടെ നിറവും, സ്റ്റൈലും മാറ്റി. എല്ലാം പുതിയത്. നാൽപത് വർഷമാണ് ദൈവം കൊടുത്തിരിക്കുന്നത് അതുകൊണ്ട് അത് ഏറ്റവും നന്നായി ജീവിക്കണം അതുകൊണ്ട് രൂപത്തിലും ഭാവത്തിലും അവർ പുതിയതായി. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് പുറത്തിറങ്ങി റോഡ് കുറുകെ കടക്കുമ്പോൾ വളരെ സ്പീഡിൽ വന്ന ഒരു ആംബുലൻസ് അവരെ തട്ടിയിട്ടു. നടുറോഡിൽ അവർ മരിച്ചുവീണു.

അങ്ങനെ അവർ വീണ്ടും ദൈവസന്നിധിയിൽ എത്തി എനിക്ക് നാല്പതു വർഷം കൂടി ജീവിക്കാൻ അനുവാദം അവിടുന്ന് നൽകിയിരുന്നല്ലോ, ഇപ്പോ പിന്നെ എങ്ങനെ ഇത് സംഭവിച്ചു.

"എനിക്ക് നിങ്ങളെ തിരിച്ചറിയാൻ പറ്റുന്നില്ല" ദൈവം പെട്ടെന്ന് പറഞ്ഞുനിർത്തി.

സ്വന്തം പ്രതിച്ഛായ മാറ്റാൻ ആദ്യം ചെയ്യേണ്ടത് ഒരുകാര്യം. സ്വയം അംഗീകരിക്കുക. അവിടെയാണ് മാറ്റങ്ങൾ ആരംഭിക്കുന്നത്. മനഃശാസ്ത്രജ്ഞനായ കാൾ റോജേഴ്സിന്റെ വാക്കുകൾ പഠിക്കുക.

സ്വന്തം പ്രതിച്ഛായ അഥവാ Self image തന്നെയാണ് ഇവിടുത്തെ വിഷയം. വളരെയധികം പരാമർശിക്കപ്പെടുന്ന വാക്കാണ് self image. പട്ടണങ്ങളിൽ ഫ്ളക്സ് ബോർഡുകളുടെ വേലിയേറ്റം തന്നെ നമുക്ക് കാണാം. നേതാക്കന്മാരുടെ പ്രതിച്ഛായ നന്നാക്കാൻ. സമരങ്ങളും ഉപരോധങ്ങളും എല്ലാം ഈ പ്രതിച്ഛായ നന്നാക്കലിന്റെ ഭാഗം തന്നെ.

ലോകസപ്രശസ്ത പ്ലാസ്റ്റിക് സർജനായ Maxwell Maltz അദ്ദേഹത്തിന്റെ പ്ലാസ്റ്റിക് സർജറിയുമായി ബന്ധപ്പെടുത്തി ധാരാളം മനഃശാസ്ത്ര പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഏതാണ്ട് എട്ടു പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹം രൂപപ്പെടുത്തിയെടുത്ത് psycho cybernetics എന്ന മനഃശാസ്ത്രപഠനരീതി വ്യക്തിത്വ വികസനത്തിന് ഒരു വലിയ മുതൽക്കൂട്ടാണ്.

പലരുടെയും മുഖത്തിന്റെ വികൃതമായ ഭാഗങ്ങൾ പ്ലാസ്റ്റിക് സർജറിയിലൂടെ മിനുക്കിയെടുക്കുമ്പോൾ മുഖത്തിന്റെ പ്രതിച്ഛായ മാത്രമല്ല മാറുന്നത് മനസ്സിന്റെയും. അതാണ് ഡോ. മാക്സ്വെല്ലിനെ അത്ഭുതപ്പെടുത്തിയത്. അതുകൊണ്ട് നാം ഒരുകാര്യം മനസ്സിലാക്കണം beauty is more than skin deep self image. ഒരു വലിയ മനഃശാസ്ത്രശക്തിയാണ്. അതിന്റെ ദൂരവ്യാപകമായ ഗുണങ്ങളും ദോഷങ്ങളും മനഃശാസ്ത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

നാം നമ്മെപ്പറ്റി ഉണ്ടാക്കുന്ന മാനസ്സികമായ ചിത്രം mental picture നമ്മുടെ മുന്നോട്ടുള്ള ജീവിതത്തെ ശക്തമായി സ്വാധീനിക്കുന്നു എന്ന് ലളിതമായ ഭാഷയിൽ പറയാം. ഈ self image വ്യക്തിത്വങ്ങളെ എങ്ങനെ

സ്വാധീനിക്കുന്നു എന്നുള്ളതിന്റെ നിഗൂഢത ഇപ്പോഴും മനഃശാസ്ത്രജ്ഞന്മാർക്ക് മനസ്സിലായിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

ഈ പ്രതിച്ഛായ നിർമ്മാണം വളരെ ചെറുപ്പത്തിൽത്തന്നെ നടക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. അതായത് ഒരു ശിശു അമ്മയുടെ വയറ്റിൽ കിടക്കുമ്പോൾതന്നെ, ലൈംഗികബന്ധ സമയത്ത് മാതാവിനും പിതാവിനും ഉണ്ടാകുന്ന വിവിധ ചിന്തകൾപോലും ഉണ്ടാകുന്ന ശിശുവിനെ ബാധിക്കുന്നു എന്ന് സംശയാസ്പദമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ലൈംഗികബന്ധ സമയത്ത് മാതാവോ പിതാവോ മദ്യത്തിന് അടിമയാണെങ്കിൽ ഉണ്ടാകുന്ന കുട്ടികൾക്ക് ഹൈപ്പർ ആക്ടീവ് ആകാനുള്ള സാധ്യതയുള്ളതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

നമ്മെ ദൈവം ഭയങ്കരവും, അതിശക്തവുമായി സൃഷ്ടിച്ചിരിക്കുന്നു എന്നുള്ള വാക്യത്തെപ്പറ്റി എത്ര എഴുതിയാലും തീരില്ല. ദൈവസൃഷ്ടിയുടെ അപാരത, നിഗൂഢത, ശക്തി മനസ്സിലാക്കാത്തതാണ് നമ്മുടെ പലപ്രശ്നങ്ങൾക്കും കാരണം.

കൗൺസിലിംഗിനെത്തിയ അമ്മ രണ്ട് ആൺമക്കളെപ്പറ്റിയും വിശദമായി പറഞ്ഞു. മൂത്തമകൻ മെഡിസിന് പഠിക്കുന്നു. നല്ല മിടുക്കനാണ്. നല്ല വിവേകമുള്ള കുട്ടി. രണ്ടാമത്തവൻ വലിയ പ്രശ്നക്കാരൻ പത്താംക്ലാസ്സിൽ പഠിക്കുന്നു. എല്ലാ കാര്യത്തിലും നെഗറ്റീവ് ചിന്തിക്കുന്നവൻ. അനുസരണയില്ല. ഏത് ചെറിയ കാര്യം പറഞ്ഞും വഴക്കുണ്ടാക്കും. ഒട്ടും ശുഭാപ്തി വിശ്വാസമില്ല. അമ്മക്ക് ഇളയ മകൻ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ കൂടിയപ്പോഴാണ്. കൗൺസിലിംഗിനെപ്പറ്റി ചിന്തിച്ചത്. "സാറെ ഇവർ രണ്ടുപേരും എന്റെ വയറ്റിൽ ഉണ്ടായ കുട്ടികളാണ് പിന്നെ എങ്ങനെ ഈ വ്യത്യാസം വന്നു" അമ്മ ദുഃഖത്തോടെ ചോദിച്ചു. ഇളയകുട്ടിയെ ഗർഭത്തിലുള്ളപ്പോൾ അമ്മയ്ക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് അമ്മ വളരെ ദുഃഖത്തോടെ ഉത്തരം പറഞ്ഞു. മുഴുവൻ പ്രശ്നങ്ങളായിരുന്നു. ആ പത്ത് മാസവും വയറ്റിലുണ്ടായിരുന്ന കുട്ടി വേണ്ടായിരുന്നു എന്ന ചിന്തയാണ് അമ്മയിലുണ്ടായത്. പക്ഷെ, ആ വേണ്ടാത്ത കുട്ടിയെ അമ്മ പത്താം മാസം സുഖമായി പ്രസവിച്ചു. നല്ല സുന്ദരനായ കുട്ടി. അമ്മയ്ക്ക് സന്തോഷമായി. പക്ഷെ വേണ്ടാത്ത കുട്ടി unwanted child പ്രശ്നക്കാരനാകാൻ കാരണം അമ്മയുടെ ചിന്തകളായിരുന്നു എന്ന് മനഃശാസ്ത്രജ്ഞന്മാർ ഉറപ്പിച്ച് പറയും.

അതുകൊണ്ട് നാം കല്ല്യാണപ്രായമാകുന്ന യുവജനങ്ങളെ പഠിപ്പിക്കേണ്ട കാര്യമുണ്ട്. പട്ടിക്കും, പൂച്ചയ്ക്കും കുട്ടികളുണ്ടാകുന്നതുപോലെ മനുഷ്യർക്ക് ഉണ്ടാകരുത്. ലൈംഗികബന്ധം തന്നെ ആത്മീയമായും മനഃശാസ്ത്രപരമായും ശക്തമായിരിക്കണം, ധന്യമായിരിക്കണം. അതിനു വേണ്ടി ഭാര്യഭർത്താക്കന്മാർ ധാരാളം തയ്യാറെടുപ്പുകൾ നടത്തണം. പ്രീമാര്യേജ് ക്ലാസ്സുകളിൽ വളരെ വിശദമായി പഠിപ്പിക്കുകയും. ആഴത്തിൽ ചർച്ച ചെയ്യുകയും ചെയ്യേണ്ട വിഷയങ്ങളിൽ ഒന്നാണിത്. ഒരു positive self iamge ഓടുകൂടിയ കുട്ടി വളരേണ്ടതിന്റെ ആദ്യത്തെ തയ്യാറെടുപ്പ് ഭാര്യക്കും ഭർത്താവിനുമാണ് വേണ്ടത് എന്ന ആത്മീയമനഃശാസ്ത്ര സത്യം നാം മറക്കരുത്. വേദപുസ്തകത്തിൽ ഇതുമായി ബന്ധപ്പെട്ട ചില വ്യക്തമായ ആശയങ്ങൾ ദൈവം നമുക്ക് കാണിച്ച് തരുന്നുണ്ട്. ഉല്പത്തി പുസ്തകത്തിൽ മുപ്പതാം അദ്ധ്യായത്തിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അമൂല്യമായ മനഃശാസ്ത്രവശങ്ങൾ ദൈവം നമുക്ക് വെളിപ്പെടുത്തുന്നു. മുപ്പതാം അദ്ധ്യായത്തിലെ മുപ്പത്തിയേഴ് തൊട്ടുള്ള വാക്യങ്ങൾ വായിക്കുമ്പോൾ യാക്കോബ് മൂന്നു വൃക്ഷത്തിൻ കമ്പുകൾ എടുത്ത് വെള്ള കാണത്തക്കവണ്ണം അതിന്റെ തോലുരിച്ചു. ആടുകൾ വെള്ളം കുടിക്കുന്നിടത്ത് ഈ കമ്പുകൾ നാട്ടിവെച്ചു. അവിടെ ഇണചേരുന്ന ആടുകൾ കാണുന്നത് ഈ കമ്പുകളാണ്. ആടുകൾ കൊമ്പുകളെ കണ്ടുകൊണ്ട് ചനയേറ്റ് വരയും, പുള്ളിയും, മറുകുമുള്ള കുട്ടികളെ പെറ്റു. വലിയ മനഃശാസ്ത്രസത്യം വളരെ ലളിതമായി ഇവിടെ നാം വായിക്കുന്നു.

**ദാമ്പത്യ ജീവിതത്തിൽ ലൈംഗികബന്ധത്തിന് ഹാർഡ്‌വെയറും ഉണ്ട് സോഫ്റ്റ്‌വെയറും ഉണ്ട്. ശാരീരകമായ ബന്ധം ഹാർഡ്‌വെയറാണെങ്കിൽ അതിന്റെ ആത്മീയവും മനഃശാസ്ത്രവശങ്ങൾ സോഫ്റ്റ്‌വെയർ ആണ്. ഈ രണ്ട് വശങ്ങൾ വളരെ വിശദമായി നാം പ്രായപൂർത്തിയായി വിവാഹത്തിന് തയ്യാറാകുന്നവരെ മനസ്സിലാക്കണം.** അതിനെപ്പറ്റിയുള്ള ഒരു ആഴമായ ഉൾക്കാഴ്ച യുവതീയുവാക്കൾ സഭയായി നൽകി. അതിനുള്ള പ്രധാനവേദികൾ പ്രീമാര്യേജ് ക്ലാസ്സുകളും യൂത്ത് ഗ്രൂപ്പുകളുമാണ്. ഇതുമായി ബന്ധമുള്ള ക്ലാസ്സുകളെല്ലാം വെറും പ്രഹസനങ്ങളായിത്തീരുന്നു എന്നതാണ് സത്യം. ■

## Book Review

### Begin with God-The Master Designer
### How can be man successful in life?
### A search Winners guide

**Rev. K.I.Mathai. Mannamadathil**

Distribution: CSS Tvla. Price Rs.110

The book addresses our quest for truth and meaning in life. The author understands the role of reason and intelligence in spiritual life. The book includes so many illutrations from the life and ministry of the author.Therefore the arguments are genuine and convincing

# കുടിയേറ്റ കർഷകരെ സംരക്ഷിച്ചു കൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണം

## സി എസ്സ് ഐ ബിഷപ്പുമാർ

**കോ**ട്ടയം. നൂറിൽ പരം വർഷങ്ങളായി ഇടുക്കി, വയനാട് തുടങ്ങിയ താമസിക്കുന്ന കുടിയേറ്റ മലയോര കർഷകരെ ബുദ്ധിമുട്ടിലാക്കി പരിസ്ഥിതി ലോല പ്രദേശങ്ങളായി പ്രഖ്യാപിച്ച നടപടി പുനംപരിശോധിക്കണമെന്ന് സി എസ്സ് ഐ സഭയുടെ കോരളത്തിലെ നാലു മഹായിടവകകളിലെ ബിഷപ്പുമാരായ കെജി ദാനിയേൽ, തോമസ് കെ ഉമ്മൻ, ധർമ്മരാജ് റസലാം, ബി എൻ ഫെൻ എന്നിവർ സംയുക്ത പ്രസ്തവാനയിലൂടെ കേരള സർക്കാർ നിയോഗിച്ച വിദ്ഗദ്ധ കമ്മിറ്റിയോട് ആവശ്യപ്പെട്ടു. ഈഎഫ് എൽ നിയമത്തിന്റെ പേരിൽ പാവപ്പെട്ട കുടിയേറ്റ കർഷകർ അനവധി പ്രതിസന്ധികൾ നേരിട്ടാണ് മലയോര മേഖലകളിൽ കഴിയുന്നത്. വർഷങ്ങളായി താമസിക്കുന്ന പാവപ്പെട്ട കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുകയും കാർഷിക മേഖലയിൽ



അവർ നൽകുന്ന സംഭാവനകളെ ആദരിച്ച് പ്രത്യേക സാമ്പത്തിക പാക്കേജുകൾ നൽകി പ്രേത്സാഹിപ്പിക്കേണ്ടതാണെന്ന് ബിഷപ്പുമാർ ആവശ്യപ്പെട്ടു. ലോക പ്രസിദ്ധ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ ഗാഡ്ഗില്ലും മറ്റ് പരിസ്ഥിതി ശാസ്ത്രജ്ഞന്മാരും ചേർന്ന് തയ്യാറാക്കിയ ഗാഡ്ഗിൽ റിപ്പോർട്ട് ഗൗരവമായെടുത്ത് കുടിയേറ്റ കർഷകർക്ക് ദോഷകരമല്ലാത്ത രീതിയിൽ പ്രയോഗത്തിൽ കൊണ്ടു വരണം. വനം കയ്യേറ്റക്കാരും ഖനനമാഫിയാക്കാരും പശ്ചിമഘട്ടത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ പാരിസ്ഥിതിക സന്തുലനാവസ്ഥ തകർക്കുന്നതാണ്. അത് കർശനമായി തടയണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് സിഎസ്സ് ഐ സഭ ആവശ്യപ്പെടുന്നു. പ്രകൃതി വിഭവങ്ങളെ അനിയന്ത്രിതമായി ചൂഷണം ചെയ്തുണ്ടാകുന്ന വികസന പ്രവർത്തനങ്ങൾ സുസ്ഥിര വികസനമല്ലായന്ന് സഭ വിശ്വസിക്കുന്നു.

ജലം, വായു, ഭക്ഷണമില്ലായെങ്കിൽ പിന്നെ ജീവൻ ഈ ഭൂമിയിലുണ്ടാവില്ല. ജലം, വായു, ഭക്ഷണം, നിഷേധിക്കുന്ന യാതൊരു വികസനപ്രവർത്തനങ്ങളെയും സിഎസ്സ് ഐ സഭയ്ക്ക് അംഗീകരിക്കാനാവില്ല. സിഎസ്സ് ഐ സഭ കാലിക പ്രധാന്യമുള്ള പല വിഷയങ്ങളിലും വ്യക്തമായ നിലപാടുകൾ എടുത്തു വരികയാണ്. അത് ക്രൈസ്തവ വിശ്വാസത്തിന്റ ഭാഗമായുള്ള പ്രതികരണങ്ങളാണ്. കുടംകുളം ആണവ നിലയം മനുഷ്യസമൂഹത്തിന് ഭാവിയിൽ അപകടം വരുത്തിവെയ്ക്കുമെന്ന് സിഎസ്സ്ഐ സഭ വിശ്വസിക്കുന്നു. അതുകൊണ്ടാണ് അതിനെതിരെ സമരം ചെയ്യുന്നവർക്ക് സിഎസ്സ് ഐ സഭ പിന്തുണ പ്രഖ്യാപിച്ചത്. നെൽവയലുകളും തണ്ണീർ തടങ്ങളും നികത്തുന്നതിനെതിരെയും വനം നശിപ്പിക്കുന്നനെതിരെയും സിഎസ്സ് ഐ സഭയുടെ പരിസ്ഥിതി കമ്മിറ്റി ഓരോ സമയങ്ങളിൽ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുവാനുള്ള എല്ല നിയമ നടപടികളെയും സിഎസ്സ്ഐ സഭ സ്വാഗതം ചെയ്യുന്നു.

ഭൂമിയെന്നാൽ ആത്യന്തികമായി ആരുടെയും സ്വകാര്യ സ്വത്തല്ല. അതു കൊണ്ട് സ്വന്തം ഭൂമിയായാലും അതിൽ ആകാശം വരെ കെട്ടിയുർത്താനോ പാതാളം വരെ കുഴിച്ചു താഴ്ത്താനോ ആരും ആർക്കും അവകാശം നൽകിയിട്ടില്ല. പ്രകൃതി വിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് പാപമാണ്. പശ്ചിമഘട്ടത്തിലും, സമതല പ്രദേശത്തിലും, തീരപ്രദേശത്തിലും, പരിസ്ഥിതി ആഘാതം വ്യക്തമായി പഠിച്ചതിന് ശേഷം മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താവൂ എന്നതാണ് സിഎസ്സ് ഐ സഭയുടെ നിലപാട്.

റൈറ്റ് റവ. കെജി ദാനിയേൽ, ബിഷപ്പ് ഈസ്റ്റ് കേരള മഹായിടവക, മേലുകാവ്
റൈറ്റ് റവ. തോമസ് കെ ഉമ്മൻ, ബിഷപ്പ് മദ്ധ്യ കേരള മഹായിടവക, കോട്ടയം
റൈറ്റ് റവ. ധർമ്മരാജ് റസലാം, ബിഷപ്പ്, ദക്ഷിണ കേരള മഹായിടവക, തിരുവനന്തപുരം
റൈറ്റ് റവ. ബി എൻ ഫെൻ , ബിഷപ്പ് ഉത്തര കേരള മഹായിടവക, ഷൊർണ്ണൂർ

# FUNERAL SERVICE OF NELSON MANDELA
# THE MANTEL IS PASSED AND IT IS IN YOUR HANDS

**Bishop Ivan Abrahams,** General Secretary of the World Methodist Council, delivered this sermon at the state memorial service for Nelson Mandela, held on 10 December, 2013 in Johannesburg, South Africa. Bishop Abrahams is the former presiding bishop of the Methodist Church of Southern Africa, and joined dignitaries from around the world in honoring the legacy of Nelson Mandela.



***Scripture: 2 Kings 2:1-15***

"Grace and Peace to you from God our Creator and Sustainer"

Besides our heartfelt condolences to the Mandela family, we owe you all a sincere debt of gratitude for sharing your husband, father and grandfather with us and the world.

Thank you, Dankie, EnKosi, Obregado!

The writer of the book of Ecclesiastes in melodic eloquence claims:

*There is a time for everything and a season for every activity under heaven:*

*A time to be born and a time to die,*
*A time to plant and a time to uproot,*
*A time to weep and a time to laugh,*
*A time to mourn and a time to dance,*
*A time to tear down and a time to mend,*
*A time to be silent and a time to speak*

Like Job we bow our heads and call out, "**God has given and God has taken away. Blessed be the name of the Lord"** (Job 1:23)

At some time or another, we have all experienced grief and journeyed through the valley of the shadow of death. Death and sorrow are no strangers to us; it is with us from the moment we are born, open our eyes and gasp our first breathe to the time we close our eyes and exhale that last breathe.

We gather today in grateful thanksgiving to God with millions of South Africans and people from around the world to pay tribute and honor a true patriot and one of the greatest statesmen of this century. He transformed the nation and changed the world. He was a man inspired and a man who inspires.

We affirm with Job. **God, you have given**.

You gave us a modern prophet who spoke with courage and conviction.

You gave us one purified through suffering to bring healing to a bruised and battered humanity.

You gave us a charismatic transformational leader, a comrade in the march to freedom.

You gave us a father of the South African nation, a colossus amongst world leaders and a friend to all and enemy to none.

You gave us one who managed to change the course of history for many South Africans and people across the globe.

You gave us one who boldly proclaimed that a different world is possible.

You gave us Nelson Mandela who stood as the collective conscience of a people and achieved what many, in their entire lifetime thought impossible, and he will stand out in history as a beacon of light, a lodestar inspiring many for generations to come.

What brings us here today is not so much GRIEF but LOVE. It is love for Madiba and the Mandela family that made us come from all corners of South Africa and around the globe.

The encouraging words, the sympathy cards, the many messages of condolences and tributes, the floral bouquets and prayers and our presence here today are all expressions of our love.

Madiba's sunset days were as extra-ordinary as his life itself. He lived out his life to the fullest. As we reflect on his passing and try to make sense of it, we are reminded that people like Madiba do not die, rather they continue to live in the hearts and minds of people ever inspiring them to espouse the noble virtues and rare devotion that he embodied.

For this reason I point us to one of the most remarkable stories recorded in the sacred text of the Abrahamic tradition. The Jewish, Christian and Muslim scriptures all relate the story of Elijah the wise old prophet who passed on the mantle from his generation to the next to do even greater things; hence my focus on the theme, **"The Mantle is Passed on and it is in Your Hands."**

***"And he took the mantle of Elijah that fell from him, and struck the water and said, Where is the Lord of Elijah? And when he also struck the water, it divided this way and that, and Elisha crossed over" 2 Kings 2:14***



From the narrative in 2 Kings Chapter 2, we hear the story of the last days of the great prophet Elijah who was about to leave this old world behind and go into glory in a spectacular way with a whirlwind and chariots of fire. He becomes the icon, the example, the one who set the bar for all those in the prophetic tradition after him.

Our reading takes up the story at Gilgal. This was the place where the children of Israel came after they crossed the River Jordan. It was where Joshua erected 12 stones to

commemorate what God had done in delivering Israel from slavery after 40 years of desert wonderings. Gilgal was the place where the manna ceased and where a new road of nationhood began.

We too have our Gilgal and it is right here at the First National Bank Stadium where Tata Mandela addressed more than 80 thousand people who gathered to hear him speak after 27 years in prison.

Here we met to pay our last respects when one of our young, charismatic leaders, Chris Hani, was assassinated, and it was here that we said our last farewells to Father Olivier Tambo.

We gathered here when our young democracy was birthed through the moral leadership, the power of Madiba's ideals and the elegance of his humanity that bore no rancor and captured not only the hearts and minds of all South Africans, but people all around the world.

His moral standing and stature was not from economic or military might, but forged on the anvil of the struggle for dignity and freedom of all people in South Africa.

Since childhood I was deeply inspired and fascinated by British author and Literature Noble Laureate, Rudyard Kipling's poem, "If," dedicated to his son, which defines some of the characteristics of Nelson Mandela's life. Allow me to quote the last stanza:

*If you can talk to crowds and keep your virtue*

*Or walk with kings, nor loose the common touch.*

*If neither foes nor loving friends can hurt you.*

*If all men count with you, but none too much*

*If you can fill the unforgiven minute*

*With sixty seconds worth of distance run.*

*Yours is the Earth and everything that's in it*

*And which is more – you'll be a man my son.*

If I may take liberty and amend the last verse: *And which is more – you'll be more like Nelson Mandela my daughter, my son.*

Mandela was prepared to listen to the dreams, hopes and aspirations of those on the margins of society, and although exalted, almost taking on omnipotent qualities and immortalised as a saint, he simply saw himself as a servant called to dedicate his rare and gifted personality with unwavering devotion in the service of his country.

As the founding father of a democratic, South Africa he saved us all from the horrors of apartheid and fashioned a nation from the ruins of white minority rule.

In scripture and in many cultural traditions, a river symbolises a crossing, a time of transition, a time of ritual cleansing or purification, a time when one moves from one phase of life to the next, a time in which something new or dramatic happens.

Friends, this CAN become such a time when we as a people rise to the challenge of allowing Tata Mandela's memory to be woven into every facet of our lives, our nation and our world.

At the Jordan, the seasoned prophet took his MANTLE, a SYMBOL of prophetic authority, wrapped it around his arm and smote the waters. It divided, and he and Elisha crossed on dry ground. This is reminiscent of Moses who reached out for his staff, a symbol of authority, which divided the Red Sea through which the former slaves passed while their pursuers, the Egyptians and their war horses, were engulfed in the waters which closed behind them.

Moses had the Sea of Reeds to cross for the slaves in Egypt to discover their identity as the people of God.

Joshua had to cross the Jordan to bring the wandering desert people into the Promised Land.

Naaman, the mighty supreme commander of the Syrian army, had to go to the River Jordan to be healed of his leprosy.

John the Baptist as well at Jesus were at the River Jordan to start their ministry.

The Jordan was a place of miracles, a place of power, a place of anointing, and a place of great opportunity.

Today we have to cross our Jordan River to begin an era after Mandela; the weary labourer has been taken home to join Almighty God, Modimo, Nkulunkulu and the ancestors, he is no longer with us but belong to the ages.

Once on the other side of the Jordan, Elijah asked Elisha if there was anything he could do before his departure. Elisha, like Solomon, did not asked for fame, wealth, position or long life, but requested a DOUBLE PORTION of the prophet's blessing. This was not a strange request and was one well understood amongst the Hebrew people and many cultures. The inheritance law promised that the oldest son and heir would be given a "double portion" of the father's estate. Elisha's request was nothing more than asking what the first born was entitled to. This was a clear indication that Elisha was willing to be the heir and to continue the legacy of Elijah.

Friends, during Elijah's dramatic departure his MANTEL FELL.

Mandela's mantel has fallen and is within reach of everyone in this generation. After all, is it not this generation who has travelled with this great prophet, statesman and gentle spirit? Have we not breathed the same air he breathed? While others will only read of him in years to come, we are heirs – sons and daughters of the Mandela generation. We are his progeny and harbingers of hope for the future. We have been endowed with a rare privilege to take his legacy further. His MANTLE is in our hands. What will we do with it?

Two things are important in that the mantle IS NOT PASSED ON but DROPPED.

Elisha made a conscious DECISION to pick it up as a symbol of responsibility, service and sacrifice. Even during a time of sorrow when his tears flowed copiously, he tore his

**ക്രിസോസ്റ്റം തിരുമേനി ഒരിക്കൽ ഒരു സദസ്സിൽ ചോദിച്ചു.**

**ദൈവം നിങ്ങൾക്ക് ഒരു വരം തരുവാൻ തീരുമാനിച്ചു. നിങ്ങളെന്തായിരിക്കും ചോദിക്കും?.**

**പുർണ്ണ നിശ്ശബ്ദം.**

**അതു കൊണ്ടാ നിങ്ങളോട് ദൈവം വരമൊന്നും ചോദിക്കാത്തത്. നിങ്ങൾക്ക് ചോദിക്കാനറിയില്ലയെന്ന് ദൈവത്തിനറിയാം.**

**പക്ഷേ ദൈവം എന്നോട് ചോദിച്ചാൽ ഞാൻ നിങ്ങളെ പ്പോലെ മിണ്ടാതിരിക്കയില്ല.**

**ഞാൻ ചോദിക്കും. മരിച്ചവരെ ഉയിർപ്പിപ്പാനുള്ള ഒരു വരം തരണമെന്ന് ഈ വരം കൊണ്ട് ഏറെ പ്രയോജനമുണ്ട്. ഉദാഹരണത്തിന് ഭാര്യയൊ ഭർത്താവോ മരിച്ചു പോയി എന്നിരിക്കട്ടെ. കുറച്ചു കഴിയുമ്പോൾ ഇവർ മറ്റോരു ലോകത്തിലേക്ക് അഡ്ജസ്റ്റ് ചെയ്യും. അപ്പോൾ ഞാനങ്ങോട്ട് ചെന്ന് പറയും. മര്യാദയ്ക്ക് നടന്നോണം.അല്ലെങ്കിൽ ഞാൻ പുള്ളിക്കാരിയെ അങ്ങുയർപ്പിക്കും. ചില ഭർത്താക്കന്മാർ അപ്പോൾ ഞെട്ടും. അപ്പോൾ എന്നെ അവർക്ക് എല്ലാം പേടിയാകും.**

**എന്നാൽ യേശുവിന്റെ ശിഷ്യന്മാർ യേശുവിനോട് ചോദിച്ചത്, ഈ വരമല്ല. പ്രാർത്ഥിപ്പാനുള്ള വരമാണ്. അതു കൊണ്ടാണ് യേശു എന്നെ ശിഷ്യനാക്കാത്തതെന്ന് മനസ്സിലായില്ലെ.**

clothes as emblematic of his grief, but he did not sit down in despair, in inconsolable or disconsolate grief, but PICKED UP the mantle.

Later Elisha calls out, "Where is the God of Elijah?"

The God that demonstrated the mighty deeds of liberation in the history of Israel.

The God that guided and inspired Elijah and the prophets.

The God that destroyed the mighty prophets of Baal.

The God of Elijah that was not in the rain or the storm, the high winds, the earthquake or the fire but that came to Elijah in a still small voice.

Today some might cry out, "Where is the God of Mandela?"

The God that guided and kept his moral compass in sync.

The God that gave him the indomitable spirit to work for reconciliation, restoration and justice.

The God that made him earn the personal trust of South African and global leaders alike.

The God that helped him usher in the "rainbow nation."

It is not enough to have the mantle in your hands. It is not enough for you to be a family member or a member of the national executive of the ANC. It is not enough to be an official in government to continue the legacy of this great man. No, WE have the mantle too and CAN and MUST participate in this legacy of excellent, dedicated service to all God's people.

We must seek this God again who led and inspired Elijah, Elisha, the prophets, the saints throughout the ages and Tata Mandela. Let us remember that God is as near to us as our next breath.

Today, God urges us to pick up the mantle, for when we do so, we will honour the spirit of Mandela. When we do so, we will not just be a passive observer to inequality and injustice. When we pick up the mantle we say that we are committed to work for global justice and peace. When we pick up the mantle, we say we are willing to pay the price and sacrifice…the future is in our hands.

Furthermore, like Elisha, we must strike the water and take action to see how a double portion of the legacy will be manifest. When Elisha struck the water he experienced the power of God…we are told that the waters parted in the same way that it parted when Elijah was around.

Elijah was no longer present, but now it was the God of Elijah who promised never to leave or forsake us. Mandela is not physically present but in spirit he will always be with us to inspire us to face the challenges with a double portion of his blessing. Through his vision he will guide and accompany us in our work for justice and peace.

Elijah was credited with performing 16 miracles while Elisha performed double, 32. The mantle is within our reach, and God promises that through God's power and Spirit we can do way more than we can think or imagine. As the generation after Mandela, I pray that we will offer ourselves in total commitment to see that all God's children reap the fruits of the seeds that he has sown.

Scripture says; **"Do not get weary of doing good, for in the proper time we will reap the harvest if we don't give up."** (Gal 6:9) We need to redouble our effort and work hard to eliminate the legacy of inequality that still haunts us twenty years after democracy. We can't grow weary as we work to rid our country from the blight of poverty that is still visible on the septic fringes of all our major cities and rural communities. If we wish to make Mandela's dream a reality, all people in our country need a fresh commitment to promote social cohesion, nation building and healing.

The only way we can honour Mandela is to pick up the mantle of selfless service and sacrifice…it is now within our hands…the future belongs to us, let us serve it well.

G.K Chesterton, British philosopher, theologian and writer reminds us that there is something more to life beyond this world as we know it, and if we wish to honour tradition, "it means giving votes to the most obscure of all classes, our ancestors. It is the democracy of the dead. Tradition refuses to submit to the small and arrogant oligarchy of those who merely happen to be walking about." It is for this reason that those in the Christian tradition recite the Creeds Sunday after Sunday; "I look forward to the resurrection of the dead and the life in the world to come."

We live in the assurance of life beyond death.

Today, we are gathered together because Madiba has died. As he made his way home to his maker, I pray that he experienced God's promise in the words of the prophet Isaiah; **"The Mountains and the hills before you shall burst into song and all the trees will clap their hands. Instead of the thorn shall come up the cypress; instead of the brier shall come up the myrtle and it shall be to the Lord for a memorial, for an everlasting sign that shall not be cut off**." (Isaiah 55:13)

Someday the journey of every person gathered here will also end. Every single one of us will someday, like Madiba, be united with our ancestors and Creator. The Palmist asks; **"Who shall stand and ascend to the hill of the Lord? Who shall stand in His holy place? He that has clean hands, and a pure heart; who does not lift up his soul in vanity, and does not swear deceitfully. He shall receive a blessing from the Lord, and righteousness from the God of his salvation."** (Ps24:3). So may it be!

"**Blessed are the dead who die in the Lord for they rest from their labour and their deeds will follow them!"** (see Xhosa translation)

Nelson Rolihlahla Mandela, servant of almighty God we salute you.

HambaKahle, Tata Mandela!

Sleep well in the sure and certain hope of the Resurrection!


**മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ട്രെയനിൽ യാത്ര ചെയ്യുകയാണ്. എതിർ വശത്ത് ഇരുന്ന സ്ത്രീ ഉമ്മൻ ചാണ്ടിയെ തന്നെ സൂക്ഷിച്ചു നോക്കുകയാണ്. കുറെ കഴിഞ്ഞപ്പോൾ സ്ത്രീ ഉമ്മൻ ചാണ്ടിയോട് ചോദിച്ച്, കണ്ടു നല്ല പരി ചയം തോന്നുന്നു.**

**ഉമ്മൻ ചാണ്ടി ചിരിച്ചു. ഉടനെ അടുത്ത ചോദ്യം രാഷ്ട്രീയക്കാരനായി രിക്കും അല്ലേ?**

**അതെങ്ങനെ മനസ്സിലായി . പത്രം വായിക്കുന്നത് കണ്ടു.**

**ഉമ്മൻ ചാണ്ടി നന്നാ ചിരിച്ചു.**

**(ക്രൈസ്തവ പത്രാധിപന്മാരുടെ സമ്മേളനത്തിൽ വിഷ്ണുനാഥ് എംഎൽ ഏ പറഞ്ഞത്**





# നൊന്തു നില്ക്കുന്ന അന്ത:പുരങ്ങൾ

■ ഫാ. ജോസഫ് നെച്ചിക്കാട്ട്

***വി***ശ്വസാഹിത്യത്തിലെ ഒരു അതുല്യപ്രതിഭയാണ് സ്കോട്ടിഷ് എഴുത്തുകാരനായ തോമസ് കാർലൈൽ. ഒരു കല്പണിക്കാരന്റെ മകനെങ്കിലും ധിഷണാവൈഭവവും സാമർത്ഥ്യവും അദ്ദേഹത്തെ വലിയൊരു എഴുത്തുകാരനാക്കി മാറ്റി. തന്റെ ജനനത്തിന് ആറുകൊല്ലം മുമ്പ് അരങ്ങേറിയ ഫ്രഞ്ചുവിപ്ലവമായിരുന്നു മുഖ്യപഠനവിഷയം. അതേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതിയായിരുന്നു "ഫ്രഞ്ചുവിപ്ലവം." പക്ഷേ, അവതാരകന്റെ കൈയിൽനിന്ന് അതു നഷ്ടപ്പെട്ടുപോയി. പിന്നീട് പുനർനിർമ്മിച്ചതാണ് ഇന്നു നാം കാണുന്ന 'ഫ്രഞ്ചുവിപ്ലവ ചരിത്രം.'[1] അതുകൂടാതെ, 'On Heroes, Hero Worship and the Heroic in History' 'ഒലിവർ ക്രോംവെൽ', 'ഫ്രെഡറിക്ക് ദി ഗ്രെയിറ്റ്'[2] ഒക്കെ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകളാണ്.

1826 ലായിരുന്നു വിവാഹം. കടുത്ത കാൽവനിസ്റ്റ് പാരമ്പര്യത്തിൽ വളർന്നുവന്ന കാർലൈൽ ക്ഷിപ്രകോപിയും തന്നിഷ്ടക്കാരനുമായിരുന്നു; ഭാര്യയുമായി ശണ്ഠ കൂടുക അദ്ദേഹത്തിന്റെ സ്ഥിരം പതിവുമായിരുന്നു.


എന്തുകൊണ്ടോ ജയിനിനെ മനസ്സിലാക്കുവാൻ കാർലൈലിനു കഴിഞ്ഞില്ല. 1973 ൽ ജി.ബി. ടെന്നിസൺ എഴുതിയിട്ടതുപോലെ, 'വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും വലിയ എഴുത്തുകാരികളിൽ ഒരുവളാണ് ജയിൻ.' കാർലൈലും ജയിനും തമ്മിയുള്ള ഏതാണ്ട് 9,000 കത്തുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഭൂരിഭാഗവും ജയിനിന്റേതാണ്[3]. പിന്നീട്, അവ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്.

കാർലൈൽ ആദ്യമെഴുതിയ 'ഫ്രഞ്ചുവിപ്ലവം' അവതാരികയ്ക്കുവേണ്ടി കൊടുത്തേല്പിച്ചത് സ്റ്റുവർട്ട് മില്ലിനെയാണ്. പരിചാരികയുടെ അശ്രദ്ധമൂലം അത് അവിടെ വച്ച് കത്തിച്ചാമ്പലായി. അതറിഞ്ഞ കാർലൈൽ എല്ലാം തകർന്നവനെപ്പോലെ തളർന്നുവീണു. അന്നൊക്കെ അദ്ദേഹത്തെ താങ്ങി എണീല്പിക്കുകയും സ്നേഹപൂർവ്വം തലോടുകയും ചെയ്തത് ജയിനാണ്. ആ സ്ത്രൈണതയാണ്, അദ്ദേഹത്തിനു ജീവൻ പകർന്നതും- പുതിയത് എഴുതി ഉണ്ടാക്കാൻ പ്രേരണ നല്കിയതും. അവിടെയും മറ്റു പുസ്തകങ്ങളുടെ നിർമ്മാണത്തിലും ജയിനിന്റെ പേനയും പാടവവും കടന്നുചെന്നിട്ടുണ്ട്. എങ്കിലും, അവളെ അംഗീകരിക്കുവാനും ആദരിക്കുവാനും അദ്ദേഹത്തിനു സമയം കിട്ടിയില്ല. പ്രതികരിക്കുന്ന സ്വഭാവക്കാരിയായിരുന്നു ജയിനും!

നൊന്തു നൊന്തു നിന്ന അന്ത:പുരം! 1866 ഏപ്രിൽ 21-ാം തീയതി ജയിൻ മരണമടയുന്നു തികച്ചും അവിചാരിതമായി, ഹൃദയം തകർന്ന്. അപ്പോഴാണ് കാർലൈലിനു 'സുബോധം ഉണ്ടാ'വുന്നത് (ലൂക്കാ. 15-17). ജയിൻ ജീവിച്ചിരുന്ന കാലത്ത് ഒരിക്കൽ പോലും ലഭിക്കാതിരുന്ന ബോധോദയം! എത്രയോ പ്രാവശ്യം ആ സാധ്വി ഉരുകിനീറി നില്ക്കുന്നത് അദ്ദേഹം കണ്ടിട്ടുണ്ട്! പക്ഷേ, അന്നൊന്നും കൈവരാതിരുന്ന തിരിച്ചറിവാണ് അവളുടെ ശവമഞ്ചത്തിന്റെ മുമ്പിൽ വച്ചു കൈവരുന്നത്. കഷ്ടം! എല്ലാം തീർന്നു കഴിഞ്ഞു. അവൾ പറന്നകന്നു, അനന്തവിദൂരതയിലേക്ക്. ഇനി ഒരിക്കലും തിരിച്ചുവരികയില്ല...

തന്റെ 'ഫ്രഞ്ചുവിപ്ലവ' ചരിത്രം സ്റ്റ്യൂവാർട്ടു മില്ലിന്റെ വീട്ടിൽ ഒരു പിടി ചാരമായി മാറിയത് അദ്ദേഹം ഓർത്തു. **അവിടെയിരുന്നു പൊട്ടിക്കരഞ്ഞ തന്നെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചുണർത്തിയ ജയിൻ, താൻ തളർന്നുവീണപ്പോൾ തൊട്ടുരുമ്മിയിരുന്നു തന്നെ തലോടിയവൾ, പുതിയവ എഴുതാനും പൂർത്തിയാക്കാനും പണിപ്പെട്ടവൾ ഇതാ, പടിയിറങ്ങിപ്പോയി-തിരിഞ്ഞു നോക്കാതെ, ഒരു വാക്കുപോലും പറയാതെ!** മൃതശരീരത്തെ കെട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം വിതുമ്പി: "ജയിൻ, നിന്നെ കുറച്ചുകൂടി മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ." കാർലൈന്റെ ആ "കണ്ണുനീർത്തുള്ളി" യാണ് അദ്ദേഹത്തിന്റെ 'Reminiscences of Jane welsh carlyle'[4] എന്ന ഗ്രന്ഥം.

പലർക്കും 'സുബോധം' ഉണ്ടാകുന്നത് എല്ലാം കഴിയുമ്പോഴാണ്, അന്ധകാരം വീണു കഴിയുമ്പോൾ - അണയാൻ പോകുന്ന ദീപത്തിന്റെ അവസാ



**തന്നെപ്പോലെ ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും ദൈവദത്തമായി ലഭിച്ച വ്യക്തിയാണ് തന്റെ വീട്ടിൽ തന്നോടൊപ്പം കഴിയുന്ന ഭാര്യയെന്ന് പല ഭർത്താക്കന്മാരും ചിന്തിക്കാറില്ല. ജീവിതത്തിൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത, തികച്ചും അപരിചിതമായ ഭവനത്തിലേക്കാണ് മിക്കപ്പോഴും അവൾ കടന്നുവരേണ്ടി വന്നിട്ടുണ്ടാവുക**

നത്തെ ആളിക്കത്തലും കഴിയുമ്പോൾ.

നെപ്പോളിയൻ ബോണപ്പാർട്ടിനെ തന്റെ ജീവനെക്കാളും സ്നേഹിച്ചവളായിരുന്നു ഭാര്യ ജോസഫൈൻ. നെപ്പോളിയന്റെയും ജോസഫൈന്റെയും കത്തുകളും അതു വ്യക്തമാക്കുന്നുണ്ട്. എങ്കിലും, അദ്ദേഹത്തിന്റെ കനകക്കിനാവുകളിൽ അവൾക്കിടം കിട്ടിയില്ല. അതിബുദ്ധിമാനായിരുന്നിട്ടും തന്നെപ്പോലെ ജീവിതസ്വപ്നങ്ങളുള്ള വ്യക്തിയാണ് അവളും എന്നു ചിന്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു സുപ്രഭാതത്തിൽ അവളെ തള്ളിപ്പറഞ്ഞ്, നെപ്പോളിയൻ മരിയെ ലൂയിസ് എന്ന മറ്റൊരുത്തിയെ കല്യാണം കഴിച്ചു. അപ്പോഴും ജോസഫൈൻ തന്റെ പഴയ ഭർത്താവിനെ അകമഴിഞ്ഞു സ്നേഹിച്ചിരുന്നു.

എല്ലാവരും എഴുതിത്തള്ളി എൽബായിലേക്ക് അദ്ദേഹത്തെ നാടുകടത്തിയപ്പോഴും ഒരാൾ മാത്രം അദ്ദേഹത്തിനെഴുതാൻ മറന്നില്ല- ജോസഫൈൻ. തന്നെ തള്ളിപ്പറഞ്ഞവനെ എൽബായിലെത്തി ശുശ്രൂഷിക്കാൻ തയ്യാറാണെന്നു കത്തയച്ചവൾ! ആ പരിത്യക്തയുടെ സ്നേഹം എത്ര നിഷ്കളങ്കമായിരുന്നു! അതു വായിച്ച നെപ്പോളിയൻ കരഞ്ഞുവോ? അറിഞ്ഞുകൂടാ. ഏതായാലും, ഏറെ താമസിയാതെ ജോസഫൈൻ നിത്യതയിലേക്കു യാത്രയായി. അവൾ മരിച്ചപ്പോഴാണ് കാർലൈലിനെന്നപോലെ നെപ്പോളിയനും ഒരു തിരിച്ചറിവുണ്ടാകുന്നത്- അതുവരെ ഇല്ലാതിരുന്ന തിരിച്ചറിവ്. തികച്ചും അകൈതവമായി തന്നെ സ്നേഹിച്ചവൾ കടന്നുപോയി. ഇനി ഒരിക്കലും തിരിച്ചുവരുകയില്ല...

വാട്ടർലൂവിൽ വച്ചു തോൽവി ഏറ്റുവാങ്ങി വിലങ്ങുവയ്ക്കപ്പെട്ട, യൂറോപ്പിന്റെ 'സർവ്വസൈന്യാധിപനായിരുന്ന' നെപ്പോളിയന് സഖ്യകക്ഷികളുടെ മുമ്പിൽ വയ്ക്കാൻ അന്തിമമായ ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ: യൂറോപ്പു വിടുന്നതിനുമുമ്പ് എനിക്ക് മാൾമെയിസണിൽ ജോസഫൈനെ സംസ്കരിച്ചിരിക്കുന്ന സിമിത്തേരി വരെ ഒന്നു പോകണം[5] . അവിടെപ്പോയി ഇത്തിരിസമയം ഒന്നിരിക്കണം. **അവിടെയെത്തി കുത്തിയിരുന്ന നെപ്പോളിയൻ മുഖം പൊത്തിക്കരഞ്ഞു-ജീവിതത്തിലാദ്യമായി.** "ആ സ്നേഹത്തിന്റെ ആഴം കണ്ടെത്തുവാൻ തനിക്കു കഴിയാതെ പോയി"- അദ്ദേഹവും വിങ്ങിപ്പൊട്ടി, കാർലൈലിനെപ്പോലെ.

ഫ്രാങ്ക് എ. കോർട്ട്[6] എന്ന ഗ്രന്ഥകാരൻ ഒരു നീഗ്രോ പാസ്റ്ററുടെ അനുഭവം വിവരിക്കുന്നുണ്ട്. ഒരു കുടുംബ സന്ദർശനത്തിനുപോയ അദ്ദേഹം വീടിന്റെ മുൻഭാഗം മുഴുവൻ അടച്ചിട്ടിരിക്കുന്നതുകണ്ടു. പിൻഭാഗം - പുറംവാതിൽ മാത്രമാണ് തുറന്നിട്ടിരുന്നത്. കാരണം, ഭാര്യ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീട്, കുടുംബനാഥനെക്കണ്ടപ്പോൾ പാസ്റ്റർ പറഞ്ഞു: "മനോഹരവും അലംകൃതവുമായ വീടിന്റെ മുൻഭാഗം നിങ്ങളില്ലാത്തതിനാൽ അടഞ്ഞുകിടന്നു. അഴുക്കും വൃത്തികേടും നിറഞ്ഞതാണു പിന്നാമ്പുറം-അവൾക്കു വേണ്ടി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന ഭാഗം!"

നമ്മുടെ ഗാർഹിക ജീവിതത്തിലെ സ്ഥിതിവിശേഷങ്ങളിലേക്കു കൂടിയാണു വിഷയം വിരൽചൂണ്ടുക. എത്രയോ സാധുസ്ത്രീകൾ നമ്മുടെ കുടുംബങ്ങളിൽ നീറി നീറി വേദനിക്കുന്നുണ്ട്-ആരാരുമറിയാതെ. **തന്നെപ്പോലെ ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും ദൈവദത്തമായി ലഭിച്ച വ്യക്തിയാണ് തന്റെ വീട്ടിൽ തന്നോടൊപ്പം കഴിയുന്ന ഭാര്യയെന്ന് പല ഭർത്താക്കന്മാരും ചിന്തിക്കാറില്ല. ജീവിതത്തിൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത, തികച്ചും അപരിചിതമായ ഭവനത്തിലേക്കാണ് മിക്കപ്പോഴും അവൾ കടന്നുവരേണ്ടി വന്നിട്ടുണ്ടാവുക** എന്നതു വേറിട്ടൊരു കാര്യം.

ഒത്തുപോകുവാനും ദത്തുപോകുവാനുമുള്ള സ്ത്രീയുടെ വിധേയത്വമനോഭാവമാണ് ആചാരങ്ങളുടെ അന്ധകാരങ്ങളിൽ, വിലക്കുകളുടെ വേലിക്കെട്ടുകൾക്കുള്ളിൽ ചൂഷണം ചെയ്യപ്പെടുന്നത്.

ഭാര്യ അകാലമൃത്യുവിനിരയായപ്പോൾ മദ്യപാനായ ഭർത്താവു പറഞ്ഞതോർക്കുന്നു : "എല്ലാം പോയി; ഇനി എനിക്കാരുമില്ല." വഴക്കുകൂടാൻ, അടിയും തൊഴിയും പിടിക്കാൻ ആരുമില്ലെന്നു വ്യംഗ്യം! കിട്ടുന്നതു മുഴുവൻ ചെലവാക്കി എല്ലാ ദിവസവും അയാൾ മദ്യപിക്കുമായിരുന്നു -കൂട്ടത്തിൽ അവളെ മർദ്ദിക്കുകയും.

എങ്കിലും, അവളുണ്ടായിരുന്നതുകൊണ്ട് കുടുംബവും കുഞ്ഞുങ്ങളും കഷ്ടിച്ച് അങ്ങനെ കഴിഞ്ഞുപോയി. പൊടുന്നനവെ അവൾ വേർപിരിഞ്ഞപ്പോഴാണ്, അയാൾക്കു 'രോഗം' തിരിയുന്നത്- "സുബോധം കൈവരുന്നത്" (ലൂക്കാ. 15-17).

മദ്യപരായ, കുടുംബത്തോടു കൂറൊന്നുമില്ലാത്ത ഭർത്താക്കന്മാർ മൂലം എത്രയോ കുടുംബിനികൾ നമ്മുടെ കുടിലുകളിൽ വേദനിക്കുന്നുണ്ട്! ഈ കുടുംബനാഥന്മാർക്കാർക്കും ഒരു കാലത്തും ഒരു കുറ്റബോധവുമുണ്ടാകില്ലെന്നതാണ് ഏറ്റവും വലിയ ദയനീയത. അതിനൊക്കെ അവർക്ക് സർക്കാരിന്റെ ക്രൂരമായ പിന്തുണയും പ്രോത്സാഹനവുമുണ്ടെന്നതും കഷ്ടമാണ്!

മനോവേദനമൂലം, മാരകരോഗങ്ങൾ മൂലം ആ സാധികൾ മരണമടയുമ്പോഴാണ് ഭർത്താക്കന്മാർക്കു പരിസരബോധമുണ്ടാവുക. തോമസ് കാർലൈന്റെ കുമ്പസാരരഹസ്യവും ഇവിടെത്തന്നെ.

**പെണ്ണിന്റെ കണ്ണുനീരിനെക്കുറിച്ചും പൂവാലശല്യങ്ങളെക്കുറിച്ചും പുതുമ നിറഞ്ഞ വാർത്തകൾ വേണ്ടപോലെ മസാല ചേർത്ത് പത്രങ്ങളിൽ പതിവായി പ്രത്യക്ഷപ്പെടാറുണ്ട്. സ്ത്രീപീഡനങ്ങളും മാധ്യമങ്ങളിലെ സ്ഥിരം പംക്തികളാണല്ലോ. എങ്കിലും, സമൂഹത്തിന്റെ അണിയറകളിൽ വിശേഷിച്ചും ചെറ്റക്കുടിലുകളിൽ അരങ്ങുതകർക്കുന്ന അന്തർനാടകങ്ങൾ ആരു കാണുന്നു!**

ദമ്പതികൾക്കു നൽകിയ ഒരഭിമുഖത്തിൽ ബിഷപ്പ് ഫുൾട്ടൻ ഷീൻ പറഞ്ഞ വാക്കുകൾക്കു കാലദേശാതീതമായ പ്രസക്തിയുണ്ട്: "One's partner must never be an instrument of ones will; rather in marriage the partner is a limit to one's will. The other person is not to be regarded like a subjugated colony... Egotism in marriage is assassination." [7] വിവാഹത്തിൽ സ്വാഭിലാഷം പൂർത്തിയാക്കാനുള്ള വെറുമൊരു മാധ്യമമല്ല

*ശേഷം 27-ാം പേജിൽ*

# അപ്പൊസ്തലനായ യോഹന്നാൻ –
# പ്രായം ചെന്ന ക്രിസ്തീയർക്ക് ഒരു ഉത്തമമാതൃക

കെ.പി. ലൂക്ക് വൈദ്യൻ, ബാംഗ്ളൂർ

ക്രിസ്ത്യാനികൾക്ക് ഏറ്റവും മഹത്തായ മാതൃക (Role model) നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയാണ്. പക്ഷേ നമുക്ക് അനുകരിക്കാവുന്ന ശ്രേഷ്ഠവ്യക്തികൾ വേറെയും ഉണ്ട്. അങ്ങനെയുള്ളവരിൽ അഗ്രഗണ്യനെന്ന് വിശേഷിപ്പിക്കാവുന്ന ഒരു കഥാപാത്രത്തെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കാൻ ശ്രമിക്കുന്നത്.

അപ്പൊസ്തലനായ യോഹന്നാൻ, ദിവ്യനായ യോഹന്നാൻ, സുവിശേഷകനായ യോഹന്നാൻ, പ്രവാചകനായ യോഹന്നാൻ എന്നിങ്ങനെ പല വിധത്തിൽ നമുക്ക് അദ്ദേഹത്തെ പരിചയപ്പെടുവാൻ സാധിക്കും. എന്നാൽ തന്നോടു തന്നെ ചോദിച്ചാൽ താൻ ഇഷ്ടപ്പെടുന്ന വിശേഷണം, "കർത്താവ് സ്നേഹിച്ച ശിഷ്യൻ" എന്നു തന്നെ ആയിരിക്കും.

യോഹന്നാന്റെ അപ്പന്റെ പേര് സെബദി എന്നായിരുന്നു. ഗലീലക്കടലിൽ മീൻപിടിത്തത്തിൽ ഏർപ്പെട്ടിരുന്ന ഒരു ഭേദപ്പെട്ട മത്സ്യത്തൊഴിൽ പ്രമാണി, അമ്മയുടെ പേര് ശലോമി എന്നായിരുന്നു. ശലോമി കർത്താവിന്റെ അമ്മ മറിയയുടെ ഒരു സഹോദരി ആയിരുന്നു എന്ന് വേദപുസ്തകത്തിൽ പരാമർശം ഉണ്ട്. നമുക്ക് എല്ലാം അറിയാവുന്നതുപോലെ യോഹന്നാനും തന്റെ സഹോദരൻ യാക്കോബും യേശുവിന്റെ ആദ്യ ശിഷ്യന്മാരിൽ ഉൾപ്പെട്ടിരുന്നു.

ചെറുപ്പകാലങ്ങളിൽ ഈ സഹോദരന്മാർ അറിയപ്പെട്ടിരുന്നത് "ബോവനെർജസ്" അഥവാ "ഇടിമക്കൾ" എന്നായിരുന്നു. കർത്താവു തന്നെയാണ് അവർക്ക് ഈ സ്ഥാനപ്പേര് നല്കിയത്. ഒരിക്കൽ ആരോ യേശുവിന്റെ നാമത്തിൽ ഭൂതത്തെ പുറത്താക്കുന്നത് കണ്ടിട്ട് അവനെ അതിൽനിന്നും വിലക്കിയത് ഈ സെബദിമക്കൾ ആയിരുന്നു. കർത്താവിന്റെ ശിഷ്യഗണത്തിൽപെടാത്ത ഒരാൾ കർത്താവിന്റെ നാമത്തിൽ ഭൂതത്തെ പുറത്താക്കുന്നത് ഈ സഹോദരന്മാർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. വേറൊരു സന്ദർഭത്തിൽ ശമര്യർ കർത്താവിനെ ശരിയായ രീതിയിൽ സ്വീകരിക്കാത്തതിന് അവരുടെമേൽ ആകാശത്തുനിന്ന് ഇടിത്തീ വീഴ്ത്തുവാൻ കർത്താവിനോട് അനുവാദം ചോദിച്ചതും ഇവർ തന്നെയായിരുന്നു.

ശിമോൻ പത്രോസിനോടൊപ്പം, ഈ സഹോദരന്മാർ ഇരുവരും കർത്താവിന്റെ ഏറ്റവും അടുത്ത ശിഷ്യന്മാർ ആയിരുന്നു (They formed the inner circle of Jesus). യായിറോസിന്റെ മകളെ ഉയിർപ്പിക്കുമ്പോഴും, മറുരൂപമലയിലെ ദിവ്യമായ അനുഭൂതിയിലും, ഗത്ശമനെ തോട്ടത്തിൽവച്ച് കർത്താവ് കഠിനവ്യഥയാൽ രക്തം വിയർപ്പായി ഒഴുക്കിയപ്പോഴും എല്ലാം, ഈ മൂന്ന് പേരാണ് കർത്താവിനോടു കൂടെ ഉണ്ടായിരുന്നത്. അവസാനമായി കുരിശിന്റെ ചുവട്ടിൽ പന്തിരുവരിൽ ഒരുത്തൻ മാത്രം കാണപ്പെടുന്നു. അത് യോഹന്നാൻ മാത്രം ആയിരുന്നു.

ചെറുപ്പത്തിൽ 'ഇടിമക്കൾ' എന്ന പേര് സമ്പാദിച്ചെങ്കിലും, കർത്താവിന്റെ ക്രൂശീകരണത്തിനുശേഷം യോഹന്നാനിൽ നാം കാണുന്ന ഒരു സ്വഭാവവിശേഷം അദ്ദേഹത്തിന്റെ സ്വയപരിത്യാഗം, ആയിരുന്നു (His self effacing nature). പത്രോസും യോഹന്നാനും ഒന്നിച്ച് ഉണ്ടായിരുന്നപ്പോഴെല്ലാം ഒന്നാം സ്ഥാനം പത്രോസിന് കൊടുപ്പാൻ യോഹന്നാൻ ശ്രമിച്ചിരുന്നു. എന്തെങ്കിലും പറയണമെങ്കിൽ അത് പറയുന്നത് പത്രോസ് ആയിരിക്കും. കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സമയത്തും മുമ്പെ ഓടി കല്ലറയ്ക്കൽ എത്തിയ യോഹന്നാൻ ആദ്യം കല്ലറയ്ക്കുള്ളിൽ കയറാതെ പത്രോസിന് ആദ്യസ്ഥാനം കൊടുക്കുന്നതായി നാം കാണുന്നു. സുന്ദരം എന്ന ദേവാലയഗോപുരത്തിങ്കൽവച്ച് മുടന്തനെ സൗഖ്യമാക്കുമ്പോഴും യോഹന്നാൻ മുൻസ്ഥാനം പത്രോസിന് കൊടുത്തിട്ട് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തനായി.

പക്ഷേ ഒരു പ്രാവശ്യം മാത്രം യോഹന്നാനും, യാക്കോബും മറ്റു ശിഷ്യന്മാരെക്കവിയുന്ന ഒരു സ്ഥാനത്തിന് ഒരു ശ്രമം നടത്തിയതായി നാം വായിക്കുന്നു. ആ അവസരത്തിൽ അവരുടെ അമ്മ ശലോമിയാണ് അതിന് മുൻകൈയ്യ് എടുത്തത് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. "കർത്താവ് തന്റെ മഹത്വത്തിൽ വരുമ്പോൾ, തന്റെ മക്കളിൽ ഒരുത്തൻ കർത്താവിന്റെ വലത്തും മറ്റവൻ കർത്താവിന്റെ ഇടത്തും ഇരിക്കണമെന്ന്" ആ അമ്മ ആഗ്രഹിച്ചു. തന്റെ ആഗ്രഹം കർത്താവിനെ അറിയിക്കയും ചെയ്തു. മക്കൾ അമ്മമാർക്ക് എന്നും ഒരു ബലഹീനത തന്നെയാണ് എന്ന് ഓർക്കണം പക്ഷേ ഈ ഇടപെടലിൽ കൂടെ നാം മനസ്സിലാക്കേണ്ട ഒരു സത്യം കർത്താവിന്റെ മഹത്വത്തെപ്പറ്റി ആ അമ്മയ്ക്കുണ്ടായിരുന്ന മുൻദർശനം എത്ര വിലയേറിയതായിരുന്നു എന്നുള്ളതാണ്.

യോഹന്നാന്റെ ചെറുപ്പകാലത്തെക്കാൾ, ഈ പഠനത്തിലൂടെ നാം ലക്ഷ്യമാക്കുന്നത് യോഹന്നാന്റെ പിൽക്കാലജീവിതത്തെക്കുറിച്ചാണ്. വാർദ്ധക്യത്തിലെത്തിയ യോഹന്നാനപ്പോസ്ഥലനാണ് നമ്മുടെ പ്രതിപാദ്യ വിഷയം. വാർദ്ധക്യമായിരുന്നു തന്റെ ഏറ്റവും ഫലവത്തായ ജീവിതഘട്ടം. അതിനുവേണ്ടി യോഹന്നാനെ ദൈവം ഒരുക്കുകയായിരുന്നു, തന്റെ ആദ്യകാലങ്ങളിലെല്ലാം. യോഹന്നാന്റെ ദീർഘായുസ്സ് കർത്താവ് തന്നെ യോഹ.21:22 ൽ സൂചിപ്പിക്കുകയുണ്ടായി.


യോഹന്നാന്റെ എഴുത്തുകാലം (Writing career of Apostle John) ആരംഭിക്കുന്നത് തന്നെ മറ്റ് അപ്പോസ്തലർ പ്രത്യേകിച്ച് പൌലോസും, പത്രോസും രക്തസാക്ഷികളായി ദശാബ്ദങ്ങൾ പിന്നിട്ടതിനു ശേഷം ആണ്. അപ്പോഴേക്കും മറ്റ് അപ്പോസ്തലന്മാർ എല്ലാം കാലയവനികക്ക് ഉള്ളിൽ മറഞ്ഞ് കഴിഞ്ഞിരുന്നു. താൻ എഴുതിയ ആദ്യത്തെ പുസ്തകം തന്റെ പേരിൽ അറിയപ്പെടുന്ന സുവിശേഷം തന്നെ ആയിരുന്നു. അതിനുശേഷമാണ് ലേഖനങ്ങളും, വെളിപ്പാടുപുസ്തകവും എഴുതപ്പെട്ടത്. ഈ പുസ്തകങ്ങൾ എല്ലാം തന്നെ ക്രിസ്തീയ വിചാരധാരയുടെ വികസനത്തിന് ഏറ്റവും വിലപ്പെട്ടവയായി ഇന്നും നിലകൊള്ളുന്നു. യോഹന്നാന്റെ ദീർഘായുസ്സ് ദൈവത്തിന്റെ പദ്ധതിയുടെ ഒരു ഭാഗം തന്നെയായിരുന്നു. അത്രയും കാലം ജീവിച്ചിരുന്നതുകൊണ്ട് കാര്യങ്ങളെ ശരിയായി മനസ്സിലാക്കി അവയുടെ യഥാർത്ഥ അർത്ഥത്തിൽ അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. By his long life he could gain proper maturity and view things in perspective removed from the occurences themselves in time

and space. ഈ സത്യം നമുക്ക് ഏറ്റവും അധികം ബോധ്യമാകുന്നത്, യോഹന്നാന്റെ സുവിശേഷവും മറ്റു സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തി പഠിക്കുമ്പോഴാണ്. യോഹന്നാൻ തന്റെ സുവിശേഷം എഴുതുന്നത് A.D 90 - ൽ ആണ് എന്ന് വിശ്വസിക്കപ്പെടുന്നു. യോഹന്നാന്റെ മറ്റു പുസ്തകങ്ങൾ A.D 90-95 - എന്ന കാലയളവിൽ എഴുതപ്പെട്ടു. യോഹന്നാൻ തന്റെ സുവിശേഷം മർക്കോസിന്റെയോ, മത്തായിയുടെയോ കാലത്ത് എഴുതിയിരുന്നുവെങ്കിൽ അവരുടെ സുവിശേഷങ്ങളിൽനിന്ന് വിഭിന്നമായ ഒരു വീക്ഷണം ഉണ്ടാകുമായിരുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

യോഹന്നാൻ സുവിശേഷം ആരംഭിക്കുന്നത് അബ്രഹാമിന്റെയോ, ആദാമിന്റെയോ വംശാവലിയിൽകൂടെയല്ല. നേരേ മറിച്ച് സകലത്തിന്റെയും ആരംഭത്തിൽനിന്ന് തന്നെ തന്റെ സുവിശേഷം ആരംഭിക്കുന്നു.

"ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു... സകലവും അവൻ മുഖാന്തിരം ഉളവായി; ഉളവായതൊന്നും അവനെകൂടാതെ ഉളവായതല്ല.... വചനം ജഢമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു."

യേശുവിന്റെ ദൈവത്തെ ഇത്രയും സ്പഷ്ടമായി കാണിക്കുന്ന ഒരു വേദഭാഗം വേറെയുണ്ടെന്ന് തോന്നുന്നില്ല. യോഹന്നാന്റെ ആദ്യത്തെ ലേഖനവും യോഹന്നാൻ ആരംഭിക്കുന്നത് ആദിയിൽനിന്നു തന്നെയാണ്. താൻ പറയുന്ന കാര്യങ്ങൾ കേട്ട് കേൾവിയിൽ നിന്നല്ല പിന്നെയോ "ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടതും, ആയ ജീവന്റെ വചനം.... പിതാവിനോടുകൂടെയിരുന്ന് ഞങ്ങൾക്ക് പ്രത്യക്ഷനായ നിത്യജീവനെ നിങ്ങളോട് അറിയിക്കയും ചെയ്യുന്നു." എന്നിങ്ങനെയാണ് അപ്പൊസ്തലൻ തന്റെ ആദ്യ ലേഖനം ആരംഭിക്കുന്നത്. ഒരു മൂന്നാം തലമുറയിലെ ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ താൻ നേരിട്ട് അനുഭവിക്കയും, നേരിട്ടുള്ള ഇടപെടലുകളിൽകൂടെ താൻ മനസ്സിലാക്കിയതും ആയ കാര്യങ്ങൾ ആണ് താൻ പറയുന്നത് എന്ന് ഊന്നിപ്പറയുവാൻ യോഹന്നാൻ ശ്രമിക്കുന്നു. ഇപ്രകാരമുള്ള ഒരു ദൃക്സാക്ഷി വിവരണം അന്നത്തെ തലമുറക്കും ഇന്ന് ജീവിക്കുന്ന നമുക്കും ഏറ്റവും പ്രധാനപ്പെട്ടവയാകുന്നു എന്നതിന് സംശയമില്ല.



പുതിയനിയമത്തിലെ ഒരേ ഒരു പ്രവചനപുസ്തകമായ വെളിപ്പാട് പുസ്തകത്തിൽ, ദൈവം തന്റെ പരിശുദ്ധാത്മാവിൽ കൂടെയും ദൂതന്മാർ കൂടെയും തനിക്ക് പ്രിയനായ യോഹന്നാന് വെളിപ്പെടുത്തിക്കൊടുത്ത വസ്തുതകൾ ആണ് അടങ്ങിയിരിക്കുന്നത്.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെത്തിയപ്പോൾ റോമാസാമ്രാജ്യം ക്രിസ്ത്യാനികളെ കണ്ടിരുന്നത് കുറ്റവാളികളുടെ ഒരു കൂട്ടമായിട്ടായിരുന്നു. നീറോ ചക്രവർത്തിയുടെ കാലത്ത് റോമാപട്ടണത്തിന് തീ കൊളുത്തി ആ കുറ്റം ക്രിസ്ത്യാനികളുടെ മേൽ കെട്ടിവെച്ച് അവരെ പീഡിപ്പിച്ച വസ്തുത ചരിത്രത്തിലെ കറുത്ത ഏടുകളിലൊന്നായി നില കൊള്ളുന്നു. ഇത്തരം പഢനങ്ങൾ തുടർന്നു കൊണ്ടേ ഇരുന്നു. പൌലോസും, പത്രോസും മറ്റ് അപ്പൊസ്തലന്മാരും രക്തസാക്ഷികൾ ആയത് ഈ പീഡനങ്ങളുടെ ഭാഗമായിട്ടാണ്. ദശാബ്ദങ്ങൾക്കുശേഷം യോഹന്നാൻ അപ്പൊസ്തലൻ മാത്രം ക്രിസ്ത്യാനികളുടെ തല മുഴുത്ത നേതാവായി കാണപ്പെട്ടു. അക്കാലത്ത് റോമാസാമ്രാജ്യം ഭരിച്ചിരുന്നത് ഡോമീഷ്യൻ ചക്രവർത്തി ആയിരുന്നു. ക്രിസ്ത്യാനികളുടെ നേതാവ് എന്ന ഒരേ കാരണം മതിയായിരുന്നു, ഡോമിഷ്യൻ ചക്രവർത്തിക്ക് യോഹന്നാനെ ശിക്ഷിക്കുവാൻ, A.D 94 - ൽ ഡോമിഷ്യൻ ചക്രവർത്തി യോഹന്നാനെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. പത്തുമൈൽ നീളവും, ഏറ്റവും വീതികൂടിയ ഭാഗത്ത് ആറ് മൈൽ വീതിയും ഉണ്ടായിരുന്ന പത്മോസ് ദ്വീപ്, ചന്ദ്രക്കലയുടെ ആകൃതിയിലായിരുന്നു. പാറകൾ നിറഞ്ഞ ആ ദ്വീപ് റോമാസാമ്രാജ്യത്തിലെ കുറ്റവാളികളെ നാടുകടത്തുന്ന ഒരു സ്ഥലമായി പരിഗണിക്കപ്പെട്ടിരുന്നു. ഏഷ്യാമൈനറിന്റെ തീരത്തുനിന്ന് 40 മൈൽ ദൂരെയായി ഏജിയൻ കടലിൽ പത്മോസ് ദ്വീപ് സ്ഥിതി ചെയ്യുന്നു.

യോഹന്നാനെ പത്മോസിലേക്ക് നാടു കടത്തിയാൽ അവിടത്തെ പരുപരുത്ത യാഥാർത്ഥ്യത്തിന്റെ നടുവിൽ യോഹന്നാൻ കഷ്ടതയും നിരാശയും ഹേതുവായി തന്റെ ജീവിതാന്ത്യത്തിലേക്ക് എത്രയും വേഗം എത്തും എന്നായിരുന്നു ചക്രവർത്തിയുടെ കണക്കുകൂട്ടൽ. പക്ഷേ സംഭവിച്ചത് മറ്റൊന്നായിരുന്നു.

റോമാതടവുപുള്ളിയായി യോഹന്നാൻ പത്മോസ് ദ്വീപിൽവച്ച് ഒരു കർത്തൃദിവസത്തിൽ ആത്മവവിവശനായി എന്ന് നാം വായിക്കുന്നു. പരിശുദ്ധാത്മശക്തിയാൽ സ്ഥലകാല പരിമിതികൾക്കപ്പുറമായി യോഹന്നാൻ മാറ്റപ്പെട്ടു എന്നു വേണം നാം മനസ്സിലാക്കേണ്ടത്. യോഹന്നാൻ സ്വപ്നം കാണുകയല്ലായിരുന്നു. നേരെമറിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിതമായ ഒരു ദൈവിക അനുഭൂതിയിൽ യോഹന്നാൻ മുഴുകുകയായിരുന്നു.

യോഹന്നാനെ പത്മോസിലേക്ക് നാടുകടത്തിയപ്പോൾ ഡോമീഷ്യൻ ചക്രവർത്തി ഒരിക്കലും ചിന്തിച്ചു കാണുകയില്ല, താൻ ഒരു പ്രവാചക ശ്രേഷ്ഠന് വഴി ഒരുക്കുകയായിരുന്നു എന്ന്. പാറക്കൂട്ടങ്ങൾ മാത്രം നിറഞ്ഞ ആ ദ്വീപിലേക്ക് യോഹന്നാനെ അയച്ചപ്പോൾ തന്റെ പാദങ്ങൾ കണ്ടെത്തിയത് ഒരു പുതു യെരുശലേമിന്റെ തെരുവുകളെ അത്രേ. ആ തെരുവുകൾ പാകിയിരുന്നത് സ്വഛസ്ഫടികത്തിനൊത്ത തങ്കത്താലായിരുന്നു. ആ നഗരം എല്ലാ വിധത്തിലുമുള്ള രത്നങ്ങളാൽ അലംകൃതമായിരുന്നു. പരുപരുത്ത യാഥാർത്ഥ്യങ്ങളുടെ നടുവിലും യോഹന്നാൻ ദർശിച്ചത് സ്വർഗ്ഗീയ മനോഹാരിതയായിരുന്നു.

യോഹന്നാനെപ്പോലെയുള്ള ഒരു മനുഷ്യനോട്, റോമാചക്രവർത്തിക്കോ, സാത്താനു തന്നെയോ, എന്തു ചെയ്യുവാൻ സാധിക്കും? റോമക്കാർ യോഹന്നാനെ തിളക്കുന്ന എണ്ണയിൽ ഇട്ടതായി ഐതിഹ്യം പറയുന്നു. പക്ഷേ അങ്ങനെയും യോഹന്നാനെ നശിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നിവരുടെ കൂടെ തീച്ചൂളയിൽ ഉണ്ടായിരുന്ന ആ ദൈവപുത്രൻ പത്മോസ് പാറക്കൂട്ടങ്ങളുടെ നടുവിലും, തിളയ്ക്കുന്ന എണ്ണയിൽ തന്നെയും യോഹന്നാനോടുകൂടെയുണ്ടായിരുന്നു. യോഹന്നാനെപ്പോലെയുള്ള ഒരു മനുഷ്യനെ ഓർത്താൽ (Role Model) പ്രായമായ ക്രിസ്ത്യാനികൾക്ക് വേറെ ലഭിക്കുമോ? വാർദ്ധക്യത്തിലും ഫലം കായ്ക്കുന്നതെങ്ങനെയെന്ന് വി. യോഹന്നാൻ നമ്മെ പഠിപ്പിക്കുന്നു. ആ മാതൃകയെ പിൻപറ്റുവാൻ ദൈവസ്നേഹം നമുക്ക് പ്രചോദനം നല്കട്ടെ.

■

# നിന്റെ സ്നേഹം ആർക്കാണ് ആവശ്യം – ദൈവത്തിനോ മനുഷ്യനോ?

**കമാൻഡർ തര്യൻ കോശി, ബാംഗ്ലൂർ**

***കാ***റപകടം. കാറ് തകർന്നു തരിപ്പണമായി. അതിലെ യാത്രക്കാരൻ ഒരു പോറലുപോലുമില്ലാതെ രക്ഷപെട്ടു. രക്ഷപെട്ടത് ക്രിസ്ത്യാനിയാണെങ്കിൽ ''ദൈവത്തിന് സ്തോത്രം, അവൻ കൈകളിൽ കാത്തു.'' ഹിന്ദുവാണെങ്കിൽ "ഈശ്വരൻ രക്ഷിച്ചു" എന്നു പറയും അല്ലെങ്കിൽ താൻ വിശ്വസിക്കുന്ന ദൈവത്തിന് അതിന്റെ ക്രെഡിറ്റ് നൽകും. മുസൽമാനും വ്യത്യസ്തനല്ല, അള്ളാവിന്റെ കൃപ തന്നെ.

ക്രിസ്ത്യാനികൾ മാത്രമല്ല, എല്ലാ മതവിശ്വാസികളിൽപെട്ടവരും ദൈവത്തിന്റെ നേരെയുള്ള പ്രതികരണം മേൽപറഞ്ഞ പ്രകാരമാണെന്ന് കാണാം. താൻ വിശ്വസിക്കുന്ന ദൈവത്തോടുള്ള സമീപനം വ്യവസ്ഥകളില്ലാത്ത ഒന്നാണ് (unconditional) ഒന്നാണ്. വ്യക്തിപരമായ എന്ത് നന്മയും സൗഭാഗ്യവും സാമ്പത്തിക മേന്മയും, അത്യാഹിതത്തിൽനിന്ന് രക്ഷപെട്ടാലും ദൈവത്തിൽനിന്നെന്ന് ഒരു സംശയവും മനുഷ്യജാതിക്കില്ല.

ഇതിന്റെ മറുവശമുണ്ട്. എന്തു തിന്മയും ദുർഭാഗ്യവും സാമ്പത്തിക നഷ്ടമുണ്ടായാലും മറ്റ് മനുഷ്യരാണ് കാരണമെന്ന് നമുക്ക് ചൂണ്ടിക്കാട്ടാനാവും. ഒരുവളുടെ സ്നേഹം വിവാഹത്തിലേക്കും മംഗളമായ കുടുംബജീവിതത്തിലേക്കും നീങ്ങിയാൽ ദൈവകൃപ തന്നെ. ആ സ്നേഹം അമംഗളമായെങ്കിൽ അവൻ ചതിച്ചു എന്നാവും. ജോലിയിൽ സ്ഥാനകയറ്റം ദൈവാനുഗ്രഹം, ലഭിച്ചില്ലായെങ്കിൽ ബോസിന് മലയാളികളെ കണ്ടുകൂടാ എന്നാവും.

എല്ലാ സ്തോത്രവും ദൈവത്തിന് പ്രേസ് ദ ലോർഡ്. തിന്മകൾ എല്ലാം മനുഷ്യനും മാൻ ഇസ് കോഴ്സഡ് ഒന്നും തന്നെ വ്യക്തമല്ലെങ്കിൽ കൂടോത്രവും കൈവിഷവും രംഗത്ത് വരും! (സാത്താന്റെ പണി സ്പെഷൽ ആണ് – നമ്മെ നേരിട്ട് വഴി തെറ്റിക്കാനെ ശ്രമിക്കൂ. സ്ഥാനകയറ്റവും മറ്റും ലഭിക്കാത്തത് സാത്താന്റെ വികൃതമല്ല, മനുഷ്യരുടേതാണ്. സംശയമില്ല) കൂടുതൽ പ്രയാസങ്ങൾ നേരിട്ടാൽ "ദൈവവും നമ്മെ പരീക്ഷിക്കയാണ്" എന്നാവും. കഷ്ടതയേറുമ്പോൾ "അവന് അതിലും വല്ല്യ ഉദ്ദേശമുണ്ട്" എന്നുമാവാം.

വിശ്വാസം വേണ്ട എന്നോ, ദൈവകൃപയെന്നു പറയുന്നതിനെ ഇകഴ്ത്താനോ അല്ല ഇത്രയും പറഞ്ഞത്. നമുക്ക് ദൈവത്തോട് ഒരു വ്യവസ്ഥയില്ലാത്ത സ്നേഹം ഉണ്ടെന്ന് കാട്ടുവാനാണ്. അത് നന്നാണുതാനും. അതാണല്ലോ നിന്റെ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കണം എന്ന് നമ്മെ പഠിപ്പിച്ചിരിക്കുന്നത്.



ചോദ്യം ഇതാണ് – പിതാവിനോടുള്ളപോലെ പിതാവിന്റെ മക്കൾക്കു നേരെ എനിക്ക് അപ്രകാരമുള്ള മന:സ്ഥിതിയുണ്ടോ?

നമ്മുടെ ഈ unconditional love ദൈവത്തെക്കാൾ ആവശ്യം മനുഷ്യർക്കല്ലേ? Imperfect ആയ നാം perfect ആയ ദൈവത്തോട് ഒരു perfect സമീപനത്തിന് ദിനവും ശ്രമിക്കുന്നു. എന്നാൽ Imperfect ആയ എന്റെ സോദരൻ എന്നോട് perfect ആകണമെന്നാണ് എന്റെ നിർബന്ധം! മാത്രമോ, ദൈവസ്നേഹത്തിന്റെ perfect ന് നിത്യസ്തുതി നൽകുന്ന ഞാൻ, സോദരന്റെ Imperfection ൽ ആണ് പൂർണ്ണ ശ്രദ്ധ!

ഈശ്വരൻ പൂർണ്ണമായത്. നമ്മുടെ ജീവിതപ്രവൃത്തികളിൽ വരുന്ന കുറവുകൾക്ക് (defects) പോംവഴിയും ദൈവം തുറന്നുവെച്ചിരിക്കും. മനുഷ്യരിൽ zero -defect ആയതൊരുവൻപോലും ഇല്ലെങ്കിലും അവനിലെ Imperfection നോട് നമുക്ക് കടുത്ത അക്ഷമ മന:സ്ഥിതിയല്ലേ ഉള്ളത്?

നിന്റെ ദൈവത്തെ പൂർണ്ണഹൃദയത്തോടെയും പൂർണ്ണആത്മാവോടെയും പൂർണ്ണമനസ്സോടെയും സ്നേഹിക്കുന്നതിന് സമകല്പനയായ, നിന്റെ സഹോദരനേ നിന്നെപ്പോലെ സ്നേഹിക്കണമെന്നത് നാം ഉൾക്കൊണ്ടിട്ടില്ലെന്ന് വ്യക്തം.

ഒരു കഥ കേൾക്കുക. തോമ ഭക്തനും പള്ളിയിൽ പതിവായി പോകുന്ന പ്രാർത്ഥനയും കുമ്പസാരവും മറ്റും ഒട്ടും മുടക്കാത്തവനും ദൈവവേലക്ക് ധനസഹായം നൽകുന്നവനും ആർക്കും ഒരു തിന്മ ചെയ്യാത്ത ക്രിസ്ത്യാനി. അവന്റെ കുടുംബവും അപ്രകാരം. അവന്റെ സഹോദരൻ മത്തായി നാട്ടുകാർക്കും വീട്ടുകാർക്കും പ്രതിഫലേച്ഛ ഇല്ലാത്ത ഉപകാരിയും ആർക്കും നന്മ ചെയ്യുന്നവനാണ്. എങ്കിലും അത്ര കണ്ട് പള്ളി ബന്ധം ഇല്ലാത്തവനായിരുന്നു. ഗബ്രിയേൽ ഒരു ദിനം മത്തായിക്ക് പ്രത്യക്ഷനായി. കൈയ്യിലൊരു പുസ്തകം. മത്തായി ആരാഞ്ഞു, ഈ പുസ്തകം എന്താണ്? ''ഇത് ദൈവത്തെ സ്നേഹിക്കുന്നവരുടെ പേരടങ്ങിയ പുസ്തകം" എന്ന് മറുപടി. ജിജ്ഞാസുമായി മത്തായി തിരക്കി.

"അതിൽ എന്റെ പേരുണ്ടോ?" ലിസ്റ്റ് തപ്പിയ മാലാഖ പറഞ്ഞു, "നിന്റെ സഹോദരൻ തോമയും കുടുംബവും ഉണ്ട്. നിന്റെ പേര് ഇതിൽ കാണാനില്ല." മത്തായി അതിവ്യസനനായി. ഇത് കണ്ട ഗബ്രിയേൽ അറിയിച്ചു, "മറ്റൊരു പുസ്തകം പിതാവിന്റെ പക്കൽ ഉണ്ട്. അതെടുത്തു ഞാൻ വീണ്ടും വരാം." അപ്രത്യക്ഷനായ ഗബ്രിയേൽ മറ്റൊരു പുസ്തകവുമായി പ്രത്യക്ഷപ്പെട്ടു. "ഓ ഇതിൽ താങ്കളുടെ പേരുണ്ട്." അല്പം ഉൾഭയത്തോടെ മത്തായി ആരാഞ്ഞു, "ഇതെന്തു പുസ്തകമാണ്?" ഗബ്രിയേൽ പ്രതിവചിച്ചു, "ദൈവം സ്നേഹിക്കുന്നവരുടെ പേരടങ്ങിയ ഗ്രന്ഥമാണ്."

എത്യോപ്യയിൽ പട്ടിണി കിടക്കുന്നവരേയും, അഫ്ഗാനിസ്ഥാനിലെ അനാഥ കുട്ടികളേയും ഒറിസായിൽ വേട്ടയാടപ്പെടുന്ന ക്രിസ്ത്യാനികളേയും, കാണാമറയത്തുള്ള പാവങ്ങളേയും നേരെ ഹൃദയാലൂ ആകാൻ എളുപ്പമാണ്. അല്പം പിടിവാശിയുള്ള അമ്മായിഅമ്മയെ, പക്വതവരാത്ത മരുമകളെ, കടും പിടുത്തക്കാരനായ വല്ല്യപ്പനെ, സ്വാർത്ഥനായ അയൽവാസിയെയും ബന്ധുക്കാരേയും അപ്രകാരം സ്നേഹിക്കാൻ ബുദ്ധിമുട്ടാണ്. ആദ്യ കൂട്ടുകാർക്കായി പ്രാർത്ഥിക്കാനും പണം നൽകാനും എളുപ്പമാണ്. പക്ഷേ നമ്മോട് ദിനവും ഇടപെടുന്നവരെ സ്നേഹമയമായി സേവിക്കാനും, ശുശ്രൂഷിക്കാനും, സഹായിപ്പാനും അല്പം ബുദ്ധിമുട്ടാണ്.

എത്യോപ്യയിലെ, അഫ്ഗാനിസ്ഥാനിലെ, ഒറിയായിലെ അജ്ഞാതരെ സ്നേഹിക്കുന്നതിലും എളുപ്പമാണ് അങ്ങ് അങ്ങ് ദൂരെ സ്വർഗ്ഗത്തിലെ നമ്മുടെ പിതാവിനെ സ്നേഹിക്കാൻ.

എന്നാൽ ആ പിതാവിനെ സ്നേഹിക്കേണ്ടതിങ്ങനെയെന്ന് യേശു വ്യക്തമാക്കിയിട്ടുണ്ട് (മത്തായി 25:31–46). മനുഷ്യപുത്രൻ തന്റെ തേജസ്സോടെ വരുമ്പോൾ, കോലാടുകളേയും ചെമ്മരിയാടുകളേയും വേർതിരിക്കുന്നതുപോലെ എപ്രകാരമാണ് സകലരേയും വേർതിരിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നും, ചെയ്യാഞ്ഞതു എനിക്കു ചെയ്യാഞ്ഞതും ആകുന്നു എന്ന് (25:40 ഉം 45) സമർത്ഥിച്ചത് യേശു തന്നെയാണ്.

നിത്യജീവങ്കലേക്കുള്ള വഴി വ്യക്തം. ഒന്നാം കല്പനയോടൊപ്പം സമമായ രണ്ടാം കല്പനയാണ്. നമ്മുടെ ജീവിതത്തിൽ അത് ചെയ്തു തുടങ്ങുന്നതല്ലേ ഉത്തമം. അതില്ലായെങ്കിൽ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞ നമ്മുടെ സമീപനത്തിന് മുഴങ്ങുന്ന ചെമ്പിന്റേയും ചിലമ്പുന്ന കൈത്താളത്തിന്റേയും സ്ഥിതിയല്ലേ?

ഇന്ന് പ്രാർത്ഥിപ്പാനിരിക്കുമ്പോൾ ശോധനയിൽ ഏർപ്പെടുക – എന്റെ പേര് ഏതു പുസ്തകത്തിലായിരിക്കും എഴുതപ്പെടുക, ദൈവത്തെ സ്നേഹിക്കുന്നവരുടേയോ ദൈവം സ്നേഹിക്കുന്നവരുടേയോ? ■

# വായനക്കാരുടെ പ്രതികരണങ്ങൾ

**1. കസ്തൂരിയേയും ഗാഡ്ഗില്ലിനേയും പുകഴ്ത്തുന്നവർ ദയവായി ശ്രദ്ധിക്കുക.**

ഗാഡ്ഗിൽ/കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ കർഷകന് ദോഷമായ് യാതൊന്നുമില്ലെന്ന് പറയുന്നവരെ ദയവായി ഇവിടുത്തെ സഹജീവികളുടെ രോദനം കേൾക്കാൻ നിങ്ങൾക്ക് മനസ്സുണ്ടാവണം. രണ്ടാം ലോകമഹായുദ്ധം മൂലമുണ്ടായ കൊടിയ ദാരിദ്ര്യത്തെ നേരിടുന്നതിനാണ് കുടിയേറ്റം പ്രോത്സാഹിപ്പിച്ചത്. മലമ്പനിയോടും മറ്റു രോഗങ്ങളോടും കാലാവസ്ഥയോടും പൊരുതി ജയിച്ചാണ് തങ്ങൾക്കും മറ്റുള്ളവർക്കും കാർഷിക വിഭവങ്ങലൊരുക്കിയത്. മണ്ണിനേയും പ്രകൃതിയേയും സ്നേഹിച്ചും ആശ്രയിച്ചും പരിപാലിച്ചുമാണ് ജീവിതം കെട്ടിപ്പടുത്തത്. അന്നും ഇന്നും ഞാറ്റുവേലയും പക്കവും നോക്കി കൃഷിയെടുക്കുന്നവരാണ് മ ലയോര കർഷകർ . ഈ കുടിയേറ്റ ജനത പ്രകൃതിയേയും വന്യമൃഗങ്ങളേയും പരിസ്ഥിതിയേയും ജൈവവൈവിധ്യത്തേയും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരാണ്. ഇവിടെ നദികളേയും ചതുപ്പു നിലങ്ങളേയും സംരക്ഷിക്കുവാൻ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. പല ഗ്രാമങ്ങളും ജൈവ ഗ്രാമങ്ങളായി മാറിക്കഴിഞ്ഞു. അനേകം കർഷകർ സ്വമേധയാ ജൈവകൃഷി ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക്ഘാതമായ ഖനനം പോലുള്ളവയെ കർശനമായി നിയന്ത്രിക്കണം. അതിനിവിടെ നിയമമില്ലേ?

ലോക്സഭയെ, നിയമസഭയെ, ഗ്രാമസഭയെ അറിയാതെയാണ് കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതി സംരക്ഷണം യുനസ്കോയ്ക്ക് തീറെഴുതികൊടുത്തത് (International union for conservation for nature 9 &10) പശ്ചിമഘട്ടത്തിലെ കർഷകർക്ക് ഇടിത്തീയ് വീണ പോലെയാണ് ഈ റിപ്പോർട്ട് . ഗ്രാമസഭകളിൽ ചർച്ച ചെയ്യുമെന്ന് ഗാഡ്ഗിൽ പറയുന്നത് യുനസ്ക്കോ തയ്യാറാക്കിയ WGEEPNറിപ്പോർട്ടാണ്. ജനാധിപത്യ സ്വഭാവമില്ലാത്ത ഈറിപ്പോർട്ടുകൾ കുടിയേറ്റ കർഷകന്റെ , കർഷകത്തൊഴിലാളിയുടെ, ആദിവാസികളുടെ മൗലികഅവകാശത്തെ ചോദ്യം ചെയ്യലാണ്. പരിസ്ഥിതിയുടെ പേരിലുള്ള മൗലിക വാദമല്ല വേണ്ടത് ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിത അനുഭവങ്ങൾ , സാംസ്ക്കാരിക മൂല്യങ്ങൾ ഉപജീവന പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച് വേണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

25 കോടി ജനങ്ങളുടെ ആശ്രയവും ജലവും പശ്ചിമഘട്ടത്തിലാണെങ്കിൽ അവയെ സംരക്ഷിക്കേണ്ട ജനങ്ങളെ നിങ്ങൾ മാനിക്കാത്തതെന്ത് ഈ ജനങ്ങളുടെ അഭിപ്രായമോ ഇടപെടലോ ഈറിപ്പോർട്ടിൽ വന്നിട്ടുണ്ടോ ? മലയോരകർഷകരെ കുരുതി കൊടുത്തിട്ടു വേണോ 25 കോടിക്ക് പരിസ്ഥിതിസംരക്ഷണം മനുഷ്യരെ കൊന്ന കടുവയെ സഭ ആദരിക്കണമെന്ന് പറഞ്ഞവരല്ലേ?. കഴിഞ്ഞ ദിവസങ്ങളിലും കടുവ എടയാൾ ഗ്രാമത്തിൽ 3 പേരെ കൊന്നു. 14 മൃഗങ്ങൾ എൻ. എച്ച്. 212ൽ വാഹനമിടിച്ചു ചത്തപ്പോൾ , മൃഗങ്ങൾ 102 മനുഷ്യജീവനെ എടുത്തു. അതിലേറെ പരിക്കേറ്റവർ കോടിക്കണക്കിന് രൂപയുടെ കൃഷിനാശം നടത്തിയിട്ടും റിപ്പോർട്ടിൽ ഒരു പരിഹാരവുമില്ലായിരുന്നല്ലോ. NH 212 രാത്രിയാത്രനിരോധനത്തിന് പകരം ഒരു മേൽപ്പാലം പണിത് ഇത് പരിഹരിക്കാമെന്ന് റിപ്പോർട്ടിലുണ്ടോ? വന്യമൃഗങ്ങൾ കാട്ടിലും മനുഷ്യർ നാട്ടിലും ജീവിക്കണം. അതിർത്തിലംഘിക്കുന്നവരെ തടയണം . കോൺക്രീറ്റ് മതിലുകൾ പണിത് മുകളിൽ കമ്പിയഴികളിൽ സോളാർ വൈദ്യുതി കടത്തിവിട്ട് വന്യമൃഗങ്ങളെ വനത്തിൽ സംരക്ഷിക്കണം. പതിനായിരക്കണക്കിന് നിബിഡവനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്സും തേക്കും വച്ചുപിടിപ്പിച്ച് ജലസ്രോതസുകൾ വറ്റിവരണ്ട് വന്യമൃഗങ്ങൾ കർഷകന്റെ ഉത്പന്നങ്ങൾക്കും ജീവനും ഭീഷണിയായിട്ടും എന്താണ് സംരക്ഷകർ ഒരക്ഷരം പോലും ഉരിയാടാതിരിക്കുന്നത്. ഇവവെട്ടിക്കളഞ്ഞ് മുളയും മറ്റു ഫലവൃക്ഷങ്ങളും വെച്ചുപിടിപ്പിക്കാൻ നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ടോ? 1972 ലും 1980 ലും 1986 ലും വനം പരിസ്ഥിതി സംരക്ഷനിയമങ്ങൾ ഇന്ത്യയിലുണ്ടെന്നിരിക്കെ എന്തിനാണ് പശ്ചിമഘട്ടത്തെ യുനെസ്ക്കോക്ക് തീറെഴുതിയത് പശ്ചിമഘട്ടമലനിരകളും വനവും പരിസ്ഥിതിയും അവിടെഅധിവസിക്കുന്നവർ സംരക്ഷിക്കുന്നു എന്നബോധ്യത്തിലാണ് 2006 ൽ വില്ലേജ് എക്കോ ഡവലപ്മെന്റ് കമ്മറ്റി എന്ന വനസംരക്ഷണനിയമം നിലവിൽ വന്നത്. റിപ്പോർട്ട് നടപ്പിലാക്ക

21-ാം പേജിന്റെ തുടർച്ച....

ജീവിതപങ്കാളി. മറിച്ച്, ഒരാളുടെ ഇഷ്ടനിഷ്ടങ്ങൾ ചെന്നുനില്ക്കേണ്ട അതിർത്തി വരമ്പാണത്. കീഴടക്കപ്പെട്ട കോളനിപോലെയല്ല മറ്റേയാൾ... അവിടെ തനി താൻപോരിമയാണ്. വിവാഹത്തിലെ താൻപോരിമ കൊലപാതക മാണ്.

നാമൊക്കെ ഉറക്കത്തിൽപ്പോലും വിസ്മരിക്കരുതാത്ത വാചകങ്ങളാണിവ. വിവാഹജീവിതത്തിൽ നാം പലതും ബോധപൂർവ്വം വേണ്ടെന്നു വയ്ക്കേണ്ടി വരും-ചിലതൊക്കെ ചെയ്യേണ്ടതായും വരും. വിട്ടുവീഴ്ചയും പരസ്പരധാ രണയുമാണ് അവിടുത്തെ അടിത്തറ എന്നതും നമുക്കു മറക്കാതിരിക്കാം.

---

1. History of the French Revolution (1837) 3 Vol.
2. Frederick the Great, 6 vol (1858-65).
3. David George Ritchie, The Early Letters of James Welsh Carlyle (1889)
4. The Reminiscences of Jane Welsh Carlyle, written by Thomas Carlyle but published by James Antony Froude.
5. V .D Mahajan, History of Europe (1966)
6. Frank A, Court - From Charles L. Wallis , Speakers' Illustrations for Special days (1977) p .98
7. Fulton J. Sheen Life is Worth Living Vol 5. N.Y. (1957) p. 291.

ണമെന്ന് കാലഘട്ടത്തിന്റെ ആവശ്യമെന്ന് തീരുമാനിച്ച സഭകളുടെ പ്രതിനിധികൾക്ക് മാർക്കറ്റ് വിലതന്ന് ഭൂമിവാങ്ങി പ്രകൃതി സംരക്ഷണം നടത്താം . നോഹയുടെ കാലത്തെ പെട്ടകത്തിലെ പോലെ എല്ലാമൃഗങ്ങളും ഇല്ലെങ്കിലും അത്യാവശ്യം വേണ്ടതൊക്കയുണ്ട്. എം. എൻ. ജോർജ്ജ് (ഒരു മലയോര കർഷകൻ) ബത്തേരി

(ന്യു വിഷൻ മാസികയുടെ വായനക്കാരനായി ശ്രീ ജോർജിന്റെ വികാരം പൂർണ്ണമായി ഉൾക്കൊള്ളുന്നു. മലയോര കർഷകരെ സംരക്ഷിച്ചു കൊണ്ട് പരിസ്ഥിതി സംരക്ഷണം നടപ്പി ലാക്കണമെന്ന നിലപാടാണ് ന്യുവിഷൻ മാസികയുടേതും. വ്യത്യസ്ത വീക്ഷണങ്ങൾ പ്രസി ദ്ധീകരിക്കുന്നത് മാസികയുടെ പോളിസിയാണ്. എഡിറ്റർ

2. Peace at cemetery

The article by Dr. Babu Paul illustrates a few examples of funerals having taken place very smoothly where both factions of Malankara Orthodox Church are present, but we read from newspapers about clashes mostly on such occasions. What Dr. Paul points out is quite true and correct. Let me share a few examples of excellent co existence between the two factions at different centers. All these incidents, personally known to me, are recent ones.

1. A wedding taking place at a Jacobite church in Angamaly diocese, but the chief celebrant is an Orthodox priest.
2. Another wedding taking place at a church in Kottayam diocese of Jacobite faction; the chief celebrant is a Jacobite Bishop from northof Kottayam who ensures that all the readings during the service are done by the few Orthodox priests present there.
3. A wedding taking place at an Orthodox church of Kottayam diocese and the message during the service being delivered by a Jacobite priest.
4. A funeral at an Orthodox family at Kottayam jointly being conducted by Jacobite and Orthodox priests at house, church and cemetery (The Jacobite priests here are from Angamaly diocese).

Yes, there are many instances like these where both factions are extending cooperation and mutual respect. But these acts of co-existence are not getting any publicity. Instead, if there was some dispute in any of the above cases, that would have made news. And the media would have celebrated.

Cooperation in the above line is absolutely possible everywhere, but we have some priests and hooligans from laity who have created their own definitions for Christianity. Unfortunately, they are yet to learn that there was someone called Christ, Son of God who came down and lived as Son of Man among us.

May be those people like Dr. Babu Paul in both factions can play more constructive roles to ensure that there are peaceful co-existence everywhere without bothering about 'peaceful separation' or 'peaceful joining together'. Peaceful co-existence is the need of the hour to witness Christ. The rest will follow in due course.

George Joseph Enchakkattil

3. The article by Justice Thomas

Your magazine consistently maintains its good standard and hence I feel happy to have subscribed for it. Most of the articles are worth reading and it good that eminent people like Justice K T Thomas, Dr Babu Paul etc regularly contribute to the magazine.

Let me, however, point out some problems I noticed. In the latest issue, for the article by Justice Thomas, the preface was printed in white over black background. Human eye is a creature of habits and we are used to reading black letters over white background. The above style adopted by you made the reading of the preface tedious. It is better to stick to the conventional style.The article of Dr Babu Paul quotes from Dr Poulose Mar Gregorios but the presentation by you gives the impression as if he is narrating his experience. This was probably a problem with the editing I suppose.

I must also agree whole-heartedly with Justice Thomas when he stresses the need to reform and shorten the liturgy in the Mar Thoma Church. We are no more the 19th century agrarian community when time was counted in days but now a community of yuppies and their parents when time is counted in nano seconds. Considerable shortening of the liturgy is the need of the hour and there is immense scope for it. The liturgy was written when we probably had one Bishop when praying for him by invoking his name would have been fine. Now we have 13 Bishops and calling out each name is certainly not needed. In the English order of service the prayer is for all a Bishops without calling out each name but in Malayalam each name is called out. There are numerous such superfluous things to be discarded to make the worship crisp and short. The length of the message during service should be strictly limited to 10 minutes. Presently people can go on and on and the message becomes just vacuous verbiage. I know many Marthomites avoiding Church service due to the lengthy nature of it. J. Chacko

4)I wish to add that I am very happy to read the excellent and thought provoking articles published in New Vision and I am proud to be its subscriber


P.P.Chackochen,Aluva 683105



നിലയ്ക്കൽ എക്യുമിനിക്കൽ ട്രസ്റ്റ് മീറ്റിംഗ്



ക്രൈസ്തവ പത്രാധിപന്മാരുടെ സമ്മേളനത്തിൽ
ക്രിസോസ്റ്റം വലിയ മെത്രാപ്പൊലിത്ത പ്രസംഗിക്കുന്നു







NEW VISION FOR A CHANGING WORLD
Annual Subscription Rs. 175/-

Registered with the Registrar of Newspapers for India, under
**No. KER BIL/2000/1543**

Published on 28th December 2013

January 2014
Postal Regn. KL/KTM/362/2012-14
Posted at Kottayam RMS on 28th of every preceding month
License No. KL/CR/KTM/WPP-42/2012-14
Licensed to Post without Prepayment




Edited, Printed and Published by Dr. Mathew Koshy, Punnackadu
Owned by Rev. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at IGM Offset Press for Learners' Offset Printers, CMS College Road, Kottayam
Page Layout @ IGM Offset & DTP Centre, Tvla Ph : 0469 2602192, 2601137, E-mail : igmthiruvalla@hotmail.com